**കേരള സർക്കാർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad@gov.in

# തിരൂർ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2018-19

നഗരസഭ ഓഡിറ്റ് കാര്യാലയം, തിരൂർ

email : mltir.ksad@kerala.gov.in

നം. കെ.എസ്.എ.ടി.ആർ.എം.2/57/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നഗരസഭാ ഓഡിറ്റ് കാര്യാലയം,തിരൂർ
തൃക്കണ്ടിയൂർ പി.ഒ. – 676 104

email : mltir.ksad@kerala.gov.in
തിയതി 03-07-2020

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

തിരൂർ നഗരസഭ.

സർ,

വിഷയം:- തിരൂർ നഗരസഭ- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂർ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ 1-15, 1-16, 1-20, 1-21, 1-22, 1-31 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേകയോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15).

റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം ഇതിലുൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ /തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

നഗരസഭ ഓഡിറ്റ് കാര്യാലയം,

തിരൂർ.

നം:കെ.എസ്.എ.ടി.ആർ.എം.2/57/2020 തീയ്യതി : 03.07.2020

# മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭയുടെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994ലെ കേരളാ നഗരപാലികാനിയമം, വകുപ്പ് 295(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭയുടെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ കൺകറന്റ് ഓഡിറ്റ് സംവിധാനമായതിനാൽ എല്ലാ ദിവസവും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | 1.ശ്രീ കെ.ജലീൽ, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)<br>2.ശ്രീ സതീഷ് മാവേലി പുത്തൻവീട്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.03.2019 മുതൽ 29.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ജയകൃഷ്ണൻ എസ് , ഓഡിറ്റ് ഓഫീസർ<br>01.03.2019 മുതൽ 01.07.2019 വരെ |
| | ശ്രീ പ്രദീപ് കുമാർ എം., ഓഡിറ്റ് ഓഫീസർ<br>02.07.2019 മുതൽ 29.02.2020 വരെ |
| | ശ്രീ.മുഹമ്മദ് മുസ്തഫ.പി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മിലാഷ്.സി.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.അനീത് ബാബു.കെ.ടി , ഓഡിറ്റർ |
| ബി. നിർവ്വഹണാധികാരികൾ | |
| ചെയർമാൻ | 1. അഡ്വ.എസ്.ഗിരീഷ്,<br>01.04.2018മുതൽ 28.04.2018 വരെ |
| | 2. ശ്രീമതി. മുനീറ കിഴക്കാംകുന്നത്ത്, വൈസ് ചെയർമാൻ (ഇൻ ചാർജ്)<br>29.04.2018 മുതൽ 25.05.2018 വരെ |

| | |
|---|---|
| | |
| | **3.ശ്രീ. കെ. ബാവ**<br><br>**26.05.2018 മുതൽ 31.03.2019 വരെ** |
| സെക്രട്ടറി | **1.ശ്രീ വിനു. സി. കുഞ്ഞപ്പൻ**<br><br>**01.04.2018 മുതൽ 19.06.2018 വരെ** |
| | **2.ശ്രീ. ടി. മണികണ്ഠകുമാർ, മുനിസിപ്പൽ എഞ്ചിനിയർ ( ഇൻ ചാർജ്ജ്)**<br><br>**20.06.2018 മുതൽ 27.06.2018 വരെ** |
| | **3.ശ്രീ.എ.എസ്. നൈസാം**<br><br>**28.06.2018 മുതൽ 31.03.2019 വരെ** |

| **(സി) നിർവ്വഹണോദ്യോഗസ്ഥർ** | | |
|---|---|---|
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| **നഗരസഭ എഞ്ചിനിയർ** | **ശ്രീ. മണികണ്ഠകുമാർ.ടി** | **01.04.2018 മുതൽ 31.01.2019 വരെ** |
| | ശ്രീ.അമൽ കെ. സജീവ്, AE (ചാർജ്ജ്) | 01.02.2019 മുതൽ 03.02.2019 വരെ |
| | **ശ്രീമതി.രശ്മി. ആർ** | **04.02.2019 മുതൽ 31.03.2019 വരെ** |
| **അസിസ്റ്റന്റ് എഞ്ചിനിയർ** | **ശ്രീ.അമൽ കെ. സജീവ്** | **01.04.2018 മുതൽ 31.03.2019 വരെ** |

| | | |
|---|---|---|
| | | |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.രഘുപ്രസാദ്. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി | ഡോ.വിനോദ്. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.വിജയൻ.എം.എം. | 01.04.2018 മുതൽ 18.07.2018(FN) വരെ |
| | ശ്രീമതി.ദീതാകുമാരി.കെ.എസ് | 18-07-2018(AN) മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.അമ്പിളി. പി.ബി. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീ.റഷീദ്.പി.പി. | 01.04.2018മുതൽ 02.08.2018 വരെ |
| | ശ്രീ.സുരേന്ദ്രൻ.എം.പി. | 03.08.2018മുതൽ 31.10.2018 വരെ |
| | ശ്രീ.ജോഷി | 01.11.2018മുതൽ 23.01.2019 വരെ |
| | ശ്രീ.മുഹമ്മദ് കോയ ബി.പി. | 24.01.2019മുതൽ 31.03.2019 വരെ |
| സീനിയർ വെറ്റിനറി സർജൻ | ഡോ. ഉഷ | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രധാനാധ്യാപകൻ | ശ്രീ.അനിൽ കുമാർ.കെ.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രൊജക്റ്റ് ഓഫീസർ സി.ഡി.എസ്. | ശ്രീ.മധുസൂദനൻ.കെ. | 01.04.2018 മുതൽ 31.03.2019വരെ |

| | | |
|---|---|---|
| **വ്യവസായ വികസന ഓഫീസർ** | **ശ്രീ.വി മുഹമ്മദ്.** | **01.04.2018 മുതൽ 31.03.2019വരെ** |

**ഉള്ളടക്കം**



| ക്രമ.നം. | ഭാഗം 1 | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | ബജറ്റ് | 1-1 | 12 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | 12 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | 12 |
| 4 | സാമ്പത്തിക വിശകലനം | 1-4 | 13 |
| 5 | ഫണ്ട് വിനിയോഗം | 1-5 | 13 |
| 6 | പദ്ധതി അവലോകനം | 1-6 | 13 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-7 | 14 |
| 8 | ക്ഷേമപദ്ധതികൾ | 1-8 | 14 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | 15 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 | 15 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | 15 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | 15 |
| 13 | തൊഴിൽ നികുതി-അപാകതകൾ | 1-13 | 17 |
| 14 | വസ്തുനികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല- ₹2,87,50,106/- പിരിച്ചെടുക്കാനവശേഷിക്കുന്നു. | 1-14 | 25 |
| 15 | വസ്തുനികുതി പരിഷ്കരണം - പുതിയ കെട്ടിടങ്ങൾക്ക് വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചത് സംബന്ധിച്ച് | 1-15 | 25 |
| 16 | വസ്തുനികുതി പരിഷ്കരണ ഉത്തരവ് പ്രാബല്യത്തീയതി പാലിക്കാതെ പുതിയ കെട്ടിടങ്ങൾക്ക് വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചു. | 1-16 | 27 |

| | | | |
|---|---|---|---|
| | | | |
| 17 | പൊതു ആവശ്യത്തിനുള്ള ഭാഗങ്ങൾ ഉൾപ്പെടുത്താതെ വസ്തുനികുതി നിർണ്ണയിച്ചു | 1-17 | 28 |
| 18 | വസ്തുനികുതി പരിഷ്കരണം -പൂർത്തീകരിച്ചിട്ടില്ല | 1-18 | 28 |
| 19 | വസ്തു നികുതി നിർണ്ണയം- വിജ്ഞാപനപ്രകാരമല്ല. ഗ്രന്ഥശാലാവരി, സേവനഉപനികുതി ഉൾപ്പെടെ ₹8933/- കുറവ് | 1-19 | 29 |
| 20 | കേരള വാട്ടർ അതോറിറ്റി റോഡ് റസ്റ്റോറേഷൻ ചാർജ് ഒടുക്കിയില്ല- നഗരസഭാ ഫണ്ടിന് 8,04,025/- രൂപ നഷ്ടം. | 1-20 | 29 |
| 21 | വിവിധ ഫീസ് പിരിവുകൾ - 4,04,259/-രൂപ കുടിശ്ശിക | 1-21 | 30 |
| 22 | ഇ-ടെൻഡർ ഫോറം വില –5,85,416 രൂപ നഗരസഭാഫണ്ടിൽ വരവ് വന്നിട്ടില്ല | 1-22 | 30 |
| 23 | തിരൂർ നഗരസഭ ഇ.എം.എസ്. സ്മാരക ചിൽഡ്രൻസ് പാർക്ക് കുത്തകാവകാശം-പാർക്ക് പരിസരം പാർക്കിംഗ് കുത്തകാവകാശം- കരാർ വ്യവസ്ഥകൾ പാലിച്ചില്ല. | 1-23 | 31 |
| 24 | നഗരസഭയുടെ അധീനതയിലുള്ള കടമുറികളുടെ വാടക - അപാകതകൾ | 1-24 | 32 |
| 25 | ഡി ആന്റ് ഒ ലൈസൻസ് പുതുക്കിയിട്ടില്ല | 1-25 | 34 |
| 26 | സ്വകാര്യ വണ്ടിത്താവളങ്ങളുടെ പ്രവർത്തനം ക്രമപ്രകാരമല്ല. | 1-26 | 35 |
| 27 | കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കാവുന്നതാണ് | 1-27 | 36 |
| 28 | സർവ്വീസ് ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിൽ കാലതാമസം- പിഴയും പലിശയും അടവാക്കി -82123/- രൂപ നഷ്ടം | 1-28 | 36 |
| 29 | ദിവസ വേതന ജീവനക്കാരുടെ ഇ.പി.എഫ്. അടവാക്കുന്നതിൽ കാലതാമസം -പിഴ പലിശ അടവാക്കി - ₹4213/- നഷ്ടം | 1-29 | 37 |
| 30 | നഗരസഭ സെക്രട്ടറിക്ക് ശമ്പളം, അലവൻസ് ഇനത്തിൽ അനുവദിക്കുന്ന തുക സംസ്ഥാന ഫണ്ടിലേക്ക് അടവാക്കുന്നില്ല. | 1-30 | 38 |
| 31 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ-₹2,32,09,646/- കുടിശ്ശിക അവശേഷിക്കുന്നു. | 1-31 | 38 |

| | | | |
|---|---|---|---|
| | | | |
| 32 | തെരുവുവിളക്കുകളുടെ ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ്- രേഖകൾ ലഭ്യമാക്കിയില്ല - 29,33,075/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-32 | 40 |
| 33 | തെരുവ് വിളക്ക് വാങ്ങൽ- രേഖകൾ ലഭ്യമാക്കിയില്ല.- 6,94,120/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-33 | 41 |
| 34 | തെരുവ് വിളക്ക് പരിപാലനം - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കപ്പെടുന്നില്ല. | 1-34 | 42 |
| 35 | മരാമത്ത് പ്രവൃത്തികൾ-പൊതു അപാകങ്ങൾ | 1-35 | 43 |
| 36 | ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 6,11,005/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-36 | 43 |
| 37 | പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് തനത് ഫണ്ട് ചെലവഴിക്കുന്നത് പദ്ധതിപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. | 1-37 | 44 |
| 38 | ഇ.എം.എസ് ഭവനനിർമ്മാണപദ്ധതിക്കായി ലഭിച്ച തുക സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫണ്ടിൽ സൂക്ഷിക്കുന്നു. | 1-38 | 47 |
| 39 | 2018-19 വർഷത്തെ പദ്ധതിനിർവ്വഹണം : അവലോകനം | 1-39 | 49 |
| 40 | ലൈഫ് ഭവനപദ്ധതി ഒന്നാം ഘട്ടം : സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവ് ചെയ്തു. 2,00,000 രൂപ തടസപ്പെടുത്തുന്നു. | 1-40 | 51 |
| 41 | വീട് വാസയോഗ്യമാക്കൽ (പട്ടികജാതി) പ്രൊജക്ട് : രേഖകൾ ഹാജരാക്കിയില്ല ; 3,00,000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 1-41 | 52 |
| 42 | തുടർപ്രവർത്തനങ്ങൾ ഉറപ്പുവരുത്താതെ പ്രൊജക്ട് നടപ്പിലാക്കി; 1,55,418 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-42 | 53 |
| 43 | തുല്യതാ പരീക്ഷാഫീസ്, പഠന സാമഗ്രികൾ നൽകൽ-രേഖകൾ ഹാജരാക്കിയില്ല.ചെലവ് തുക<br>₹ 117200/-തടസ്സം ചെയ്യുന്നു. | 1-43 | 54 |

| | | | |
|---|---|---|---|
| | | | |
| 44 | പച്ചക്കറി കൃഷി വികസനം (കുടുംബശ്രീവഴി)-₹ 1500/- യുടെ ചെലവ് ക്രമപ്രകാരമല്ല. | 1-44 | 54 |
| 45 | ഐ.കെ.എം വിഹിതം നൽകൽ - രസീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. | 1-45 | 55 |
| 46 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല-₹ 13,86,251.93/- | 1-46 | 55 |
| 47 | ഗ്രന്ഥ ശാല നികുതിയിനത്തിൽ പിരിക്കുന്ന തുക യഥാസമയം അടവാക്കുന്നില്ല. | 1-47 | 59 |
| 48 | ജീവനക്കാരുടെ ശമ്പളപരിഷ്കരണ തിട്ടപ്പെടുത്തലുകൾക്ക്-യഥാസമയം അംഗീകാരം വാങ്ങുന്നില്ല | 1-48 | 60 |
| 49 | കണ്ടിജന്റ് വിഭാഗം-അംഗീകരിച്ച നൽകിയതിൽ നിന്നും വ്യത്യസ്തമായി പെൻഷൻ അനുവദിക്കുന്നു | 1-49 | 60 |
| 50 | നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കുമായി വിവിധ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച്. | 1-50 | 60 |
| 51 | കിടപ്പു രോഗികൾക്കുള്ള പരിരക്ഷ പദ്ധതി പ്രവർത്തനാവലോകനറിപ്പോർട്ട് | 1-51 | 62 |
| 52 | നഗരസഭയിലെ വാഹനങ്ങളുടെ പരിപാലനം - അപാകതകൾ | 1-52 | 63 |
| | ഭാഗം II | | |
| 53 | തൊഴിൽ നികുതി ഈടാക്കിയില്ല. ₹20,310/-നഷ്ടം | 2-1 | 64 |
| 54 | പൊതു ആവശ്യത്തിനുള്ള ഭാഗങ്ങൾ ഉൾപ്പെടുത്താതെ വസ്തുനികുതി നിർണ്ണയിച്ചു | 2-2 | 66 |
| 55 | വസ്തു നികുതി നിർണ്ണയം- വിജ്ഞാപനപ്രകാരമല്ല. ഗ്രന്ഥശാലാവരി, സേവനഉപനികുതി ഉൾപ്പെടെ ₹8933/- കുറവ് | 2-3 | 67 |
| | ഭാഗം III | | |
| | പരാമർശമില്ല | | |

| | | | |
|---|---|---|---|
| | ഭാഗം IV | | |
| 56 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | 68 |
| 57 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | 68 |
| 58 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 | 69 |
| 59 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | 69 |
| 60 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | 69 |
| 61 | ഓഡിറ്റ് റിക്കവറി | 4-6 | 70 |
| 62 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | 70 |
| 63 | ചാർജ്ജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-8 | 71 |
| 64 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | 71 |
| 65 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | 73 |
| 66 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 | 74 |
| 67 | വാർഷിക ധനകാര്യ പത്രിക | അനുബന്ധം-2 | 75 |


# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

തിരൂർ നഗരസഭയുടെ 2018-19 വർഷത്തെ ബജറ്റ് 27-03-2018ലും പുതുക്കിയ ബജറ്റ് 26-02-2019ലും അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം 35,92,73,949 രൂപയുടെ വരവും 37,99,90,994 രൂപയുടെ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ, വാർഷികധനകാര്യപത്രിക പ്രകാരം 2018-19ലെ ആകെ വരവ് 27,33,46,467 രൂപയും ആകെ ചെലവ് 26,31,58,017 രൂപയുമാണ്. ബജറ്റിൽ വിഭാവനം ചെയ്തതിലും 23.92% ന്റെ കുറവ് വരവിലും 30.75%ന്റെ കുറവ് ചെലവിലും വന്നിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 26.07.2019 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.08.19 മുതൽ 20.08.2019 വരെ | കെഎസ്എടിആർഎം2/281/2019 തി. 22.08.19 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 101160757.28 |
| വരവ് | 273346467 |
| ആകെ | 374507224.28 |
| ചെലവ് | 263158017 |
| നീക്കിയിരിപ്പ് | 111349207.28 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | വിനിയോഗ ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 42969135 | 42969135 | 37839053 | 0 | 88.06 % |
| വികസന ഫണ്ട് എസ്.സി.പി. | 0 | 11524000 | 11524000 | 7210809 | 0 | 62.57 % |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 18774000 | 18774000 | 18747013 | 0 | 99.86 % |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 9072999 | 9072999 | 8729717 | 0 | 96.22 % |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 53726787 | 53726787 | 34365363 | 0 | 63.96 % |
| പെർഫോർമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1048531 | 5113485 | 6162016 | 1852229 | 4309787 | 30.5 % |
| ബി ഫണ്ട് | | 85532120 | 85532120 | 85532120 | | 100 % |
| ദുരിതാശ്വാസനിധി | 22214 | 897 | 23111 | 0 | 23111 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 220891 | 32245144 | 32466035 | 28886732 | 3579303 | 89.58 % |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയവ (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 278 | 228705073 | 220 | 109767834 | 92 | 58 | 46.04 |

## 1-7 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| | | |
|---|---|---|
| എ | തൊഴിൽ കാർഡ് നൽകപ്പെട്ടവർ : | |
| | 1. പട്ടികജാതി | 7 |
| | 2.പട്ടികവർഗ്ഗം | 0 |
| | 3. മറ്റുള്ളവർ | 144 |
| | ആകെ | 151 |
| ബി | തൊഴിൽ ആവശ്യപ്പെട്ടവർ | 189 |
| സി | തൊഴിൽ നൽകപ്പെട്ടവർ | 189 |
| ഡി | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | |
| | 1. പട്ടികജാതി | 1322 |
| | 2.പട്ടികവർഗ്ഗം | 0 |
| | 3. മറ്റുള്ളവർ | 4033 |
| | ആകെ | 5355 |
| ഇ | 100 ദിവസം തൊഴിൽ ലഭിച്ചവർ | 8 |
| എഫ് | സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ | 250 |
| ജി | പൂർത്തീകരിച്ച പ്രവൃത്തികൾ | 124 |

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | | നീക്കിയിരിപ്പ് | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ : |
|---|---|---|---|---|---|---|
| | | | പദ്ധതിച്ചെലവ് | ഭരണച്ചെലവ് | | |
| 1048531 | 5113485 | 6162016 | 1408229 | 444000 | 4309787 | 5355 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 51960 | 22 |
| കർഷക തൊഴിലാളി പെൻഷൻ | 937200 | 80 |
| വിധവാ പെൻഷൻ | 19855800 | 1767 |
| വാർദ്ധക്യകാല പെൻഷൻ | 33066600 | 3138 |
| വികലാംഗ പെൻഷൻ | 5587800 | 871 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള | 627000 | 55 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം | 535088 | 17 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, ഓഡിറ്റ് കാലയളവിൽ 03.07.2019, 16.08.2019, 21.10.2019, 20.12.2019, 28.01.2020, 28.02.2020എന്നീ തീയതികളിൽ സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. മേൽ തീയതികളിലെല്ലാം ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തരനിയന്ത്രണസംവിധാനങ്ങളിലെ അപാകതകൾ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ താഴെപ്പറയും പ്രകാരം പരാമർശിച്ചിട്ടുള്ളതാണ്.

1) തെരുവ് വിളക്ക്, പൊതു ടാപ്പുകൾ എന്നിവയുടെ പരിപാലനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. (വിശദാംശങ്ങൾ ഖ. നം. 1.31 ,1-34 ൽ പരാമർശിച്ചിരിക്കുന്നു.)

2) വർഷങ്ങളായുള്ള മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു. (വിശദാംശങ്ങൾ ഖ. നം. 1.46ൽ പരാമർശിച്ചിരിക്കുന്നു.)
3) ജീവനക്കാരുടെ ശമ്പളനിർണ്ണയങ്ങൾക്ക് യഥാസമയം അംഗീകാരം വാങ്ങിക്കുന്നില്ല.(വിശദാംശങ്ങൾ ഖ.നം. 1.48 ൽ പരാമർശിച്ചിരിക്കുന്നു.)
4)വാഹനങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. (വിശദാംശങ്ങൾ ഖ. നം. 1.52ൽ പരാമർശിച്ചിരിക്കുന്നു.)
5) വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല. (വിശദാംശങ്ങൾ ഖ. നം. 1.18ൽ പരാമർശിച്ചിരിക്കുന്നു.)
6) വസ്തുനികുതി, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ ഭീമമായ കുടിശ്ശിക പിരിച്ചെടുക്കാനവശേഷിക്കുന്നു. (വിശദാംശങ്ങൾ ഖ. നം. 1.13, 1-14ൽ എന്നിവയിൽ പരാമർശിച്ചിരിക്കുന്നു.)

## 1-11 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 21-10-2019 മുതൽ 23-10-2019 വരെ | 2018-19, 2019-20 (1) | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-09-2019 മുതൽ 29-10-2019 വരെ | 2018-19 | 07-12-2019 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1.വസ്തുനികുതി, തൊഴിൽനികുതി എന്നീ നികുതിയിനങ്ങളിലെ മൊത്തം ഡിമാന്റ്, പിരിവ്, നീക്കിയിരിപ്പ് (തൻവർഷത്തെയും കുടിശ്ശികയും) എന്നീ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്ററുകൾ പരിശോധനക്ക് സമർപ്പിക്കാത്ത സാഹചര്യത്തിൽ A.F.S ലെ താഴെ പരാമർശിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| | | |
|---|---|---|
| 110010100 | Property Tax (General) | 2,75,34,734 |
| 110010200 | Service Cess u/s 26 | 27,53,473 |
| 1101100100 | Profession Tax (Institution/Traders) | 37,50,000 |

| | | |
|---|---|---|
| 110100200 | Profession Tax (Employees) | 92,06,629 |
| 431100100 | Receivables for property Tax (Current) | 2,14,94,515 |
| 431100200 | Receivables for Property Tax (Arrear) | 1,20,47,596 |
| 431190101 | Receivables for Profession Tax (Traders) Current | 32,78,180 |
| 431190102 | Receivables for Profession Tax (Traders)(Arrear) | 2,08,948 |
| 110100200 | Profession Tax (Employees) | 89,70,629 |
| 431100100 | Receivables for Property Taxes (Current) | 65,10,076 |
| 431100200 | Receivables for Property Taxes(Arrears) | 59,87,178 |
| 431190101 | Receivables for Profession Tax Institutions /Professionals/Traders (Current) | 4,71,820 |
| 431190102 | Receivables for Profession Tax Institutions/Professionals/Traders(Arrears) | 37,75,302 |

**2.** A.F.Sലെ 1-1, RP 37, B-15 ഷെഡ്യൂളുകൾ പ്രകാരം വസ്തുനികുതി ഇനത്തിൽ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയ തുക 65,10,076/- രൂപയാണ്. എന്നാൽ, 1-1, RP-37 ഷെഡ്യൂളുകളിലെ വിവരങ്ങൾ പ്രകാരം വസ്തുനികുതി ഇനത്തിൽ 60,40,219രൂപയാണ് പിരിച്ചെടുക്കാൻ ബാക്കിയുള്ളത്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

**3.** ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിലെ 350410199 Advance Collection of Revenues-other taxes ഇനത്തിൽ 2,61,100 രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി തുക 2015-16 ലെ അഡ്വാൻസ് കളക്ഷനാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. 01-04-2016ൽ ശരിയായ ശീർഷകത്തിലേക്ക് മാറ്റേണ്ടിയിരുന്ന തുക ഇപ്പോഴും അഡ്വാൻസ് കളക്ഷനായി രേഖപ്പെടുത്തിയിരിക്കുന്നു.

**4.** ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ 3501105100 Pension and Gratuity Payable എന്നയിനത്തിൽ (-)(1,21,01,670) എന്ന തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബി-9 പട്ടികയിൽ നെഗറ്റീവ് തുക ഉൾപ്പെടുത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല.

5. ബാലൻസ് ഷീറ്റിൽ ബി-7 ഷെഡ്യൂൾ പ്രകാരം ആകെ Deposits Received ആയി രേഖപ്പെടുത്തിയിട്ടുള്ളത് 1,23,78,737/- രൂപയാണ്. 2017-18 ലെ ബി-7 ഷെഡ്യൂൾ പ്രകാരം രേഖപ്പെടുത്തിയിരുന്ന 1,69,96,590/- രൂപയോട് തൻവർഷത്തെ RP-27 പ്രകാരമുള്ള വരവും ചെലവും കണക്കാക്കിയാൽ കിട്ടുന്ന നീക്കിബാക്കി 1,23,80,737/- രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

**6.** നഗരസഭയുടെ സ്ഥിരനിക്ഷേപ രജിസ്റ്റർ പ്രകാരം 1,62,43,594/- രൂപയുടെ നിക്ഷേപങ്ങളും ഓഹരികളും വർഷാവസാനം അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ, ബി-12 ഷെഡ്യൂളിൽ 1,53,18,312/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| Investments-General Fund | B-12 ഷെഡ്യൂൾ പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Fixed Deposits | 1,12,62,712 | 1,21,59,963 |
| Investment-Equity & Shares | 40,55,600 | 40,83,631 |

Investments-Equity & Shares ഇനത്തിലെ വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

**7.** B-9 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ നിന്നും ഈടാക്കി അടവാക്കുന്ന ശീർഷകങ്ങളിൽ 2019 മാർച്ച് മാസത്തെ ശമ്പളബിൽ പ്രകാരമുള്ള റിക്കവറി തുകകളിൽ താഴെ പറയുന്നവ വ്യത്യാസപ്പെട്ടിരിക്കുന്നു.

| കോഡ് | ശീർഷകം | ബില്ലിലെ തുക | വാർഷിക കണക്കിലെ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 350200104 | Recoveries Payable Insurance Premium | 82,140 | 83,338 |
| 350110600 | Contribution to Central Pension Fund Payable | 2,82,340 | 25,92,002 |

2017 ഒക്ടോബർ മാസത്തിലെ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്നും 1,196 രൂപ കുറവാണ് ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കിയത് എന്നതാണ് Recoveries Payable Insurance Premium ഇനത്തിലെ വ്യത്യാസത്തിന് കാരണമായി അറിയിച്ചിട്ടുള്ളത്. 2013-14, 2014-15 വർഷങ്ങളിൽ റഗുലർ ജീവനക്കാരുടെ പെൻഷൻ വിഹിതം അടവാക്കാത്തതിലെ വ്യത്യാസമാണ് Contribution to Central Pension Fund Payable ഇനത്തിലെ വ്യത്യാസത്തിന് കാരണമായി അറിയിച്ചിട്ടുള്ളത്. മേൽ തുക അടവാക്കി റിക്കവറിയും ഒടുക്ക് തുകകളും പൊരുത്തപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

**8.** Dues Register പരിപാലിക്കാത്തതിനാൽ B-9 ഷെഡ്യൂളിലെ VAT, Library Cesss, Service Tax, KCWWF, CGST, SGST എന്നീ ഇനങ്ങളിലെ റിക്കവറി, ഒടുക്ക്, അവസാനബാക്കി എന്നീ തുകകളുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

9. ഓഡിറ്റ് വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, നടത്തിയ സ്റ്റോർ പർചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോറിന്റെ മൂല്യം എന്നിവ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായിട്ടില്ല.

## 1-13 തൊഴിൽ നികുതി-അപാകതകൾ

**1)തൊഴിൽ നികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല. 37,75,302/-രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കാനവശേഷിക്കുന്നു.**

2018-19 വർഷത്തെ തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ്/വരവ് രജിസ്റ്റർ പരിശോധിച്ചതിൽ ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കളക്ഷൻ തുക രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഓഡിറ്റ് വർഷത്തെ ഡി.സി.ബി. സംക്ഷിപ്തവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ തൊഴിൽ നികുതി കുടിശ്ശികയിനത്തിലെ വരവ് സ്ഥാപനത്തിൽ ആധികാരികമായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ അടിസ്ഥാനമാക്കി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. 2017-18, 2018-19 വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷത്തിൽ തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് ഇനത്തിൽ 39,84,250/-രൂപ 2018-19 വർഷത്തിൽ ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ആയതിൽ 2,08,948/- രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഈടാക്കിയിട്ടുള്ളത്. മേൽ വിവരങ്ങളിൽ നിന്നും 2018-19 വർഷാവസാനം കുടിശ്ശികയിനത്തിൽ 37,75,302/-രൂപ 31-03-2019ന് പിരിച്ചെടുക്കാനുള്ളതായി കാണുന്നു. കുടിശ്ശികയിനത്തിലെ തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ, മേൽ വിഷയം കൗൺസിൽ/ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിൽ കൈകൊണ്ട തീരുമാനം, തുടർനടപടിവിവരം, മേൽ അധികാര സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ മേൽ വിഷയം കൊണ്ടുവന്നിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്നിവ വിശദമാക്കാൻ ആവശ്യപ്പെട്ട് 16.12.2019ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37/2018-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ നഗരസഭ ക്രിയാത്മകമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് വ്യക്തമാണ്. നഗരസഭക്ക് കിട്ടേണ്ട നികുതികൾ ആയത് ഡിമാന്റ് ചെയ്ത് 3 വർഷത്തിനകം ഈടാക്കിയിട്ടില്ലെങ്കിൽ ആയത് കാലഹരണപ്പെടുകയും നഗരസഭക്ക് ഈടാക്കാൻ സാധിക്കാതെ പോകുന്നതിനും ഇടയാക്കുന്നു. നഗരപാലിക നിയമം/ചട്ടങ്ങൾ പ്രകാരം നഗരസഭക്ക് ലഭിക്കേണ്ട നികുതികൾ വ്യവഹാര-ജപ്തി നടപടികൾ മുഖാന്തിരം ഈടാക്കാൻ അധികാരമുണ്ടായിരിക്കെ യാതൊരു നടപടികളും സ്വീകരിക്കാത്തതും ആയതിന് കൗൺസിൽ/സ്റ്റാന്റിംഗ് കമ്മിറ്റി വേണ്ട നിർദ്ദേശങ്ങൾ നൽകാത്തതും നഗരസഭയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

തൊഴിൽ നികുതിയിനത്തിലെ ഭീമമായ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നഗരസഭ അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

**2)വരുമാന പത്രികകൾക്കനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയില്ല.₹7810/- നഷ്ടം**

2018-19 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ജീവനക്കാരിൽ നിന്നും വരുമാന പത്രികകളിൽ ചേർത്തിട്ടുള്ള വരുമാനത്തിന് ആനുപാതികമായ തൊഴിൽ നികുതി ഈടാക്കിക്കാണുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിരിക്കുന്നു.

**3)തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി. നഗരസഭയ്ക്ക് ₹12500/- നഷ്ടം**

2018-19 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ജീവനക്കാരിൽ നിന്നും എക്സ് സർവ്വീസ് മെൻ എന്നും TRF/SRR എന്നും രേഖപ്പെടുത്തി തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിക്കാണുന്നു. വിശദാംശങ്ങൾ ഖണ്ഡിക 2-1ൽ ചേർത്തിരിക്കുന്നു

**4)പൊതു വിൽപന നികുതി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവട സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.**

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി )ചട്ടങ്ങളിലെ ചട്ടം 3(3) പ്രകാരം പൊതു വിൽപന നികുതി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവട സ്ഥാപനങ്ങളിൽ നിന്നും അർദ്ധ വാർഷിക തൊഴിൽ നികുതിയായി പരമാവധി 1250 രൂപ ഈടാക്കാവുന്നതാണ്. നികുതിദായകർ തങ്ങളുടെ നികുതിക്ക് വിധേയമായ വരുമാനം രേഖമൂലം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തെ ബോധ്യപ്പെടുത്തുന്ന പക്ഷം വരുമാനത്തിനനുസരിച്ചുള്ള 3(1)-ാം ചട്ടത്തിലെ പട്ടികയിൽ വിവരിച്ചിട്ടുള്ള പ്രകാരമുള്ള നികുതി നിർണ്ണയിച്ച് നൽകേണ്ടതാണ്.

2018-19 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ട്രേഡേഴ്സ്) പരിശോധിച്ചതിൽ 3101 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നു. എന്നാൽ ടി സ്ഥാപനങ്ങൾ സമർപ്പിച്ച വരുമാനം കാണിക്കുന്ന പത്രികകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഒന്നാം അർദ്ധ വർഷത്തിൽ 373 സ്ഥാപനങ്ങളിൽ നിന്നും രണ്ടാം അർദ്ധ വർഷത്തിൽ 732 സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് ചട്ടപ്രകാരമുള്ള പരമാവധി നിരക്കിൽ നികുതി ഈടാക്കിയിട്ടുള്ളത് . നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ജി.എസ്.ടി. രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളുടെ വിവരം ഓഡിറ്റ് വിഭാഗം പ്രത്യേകം കത്ത് പ്രകാരം ആവശ്യപ്പെട്ടതിന് 1800ന് മുകളിൽ സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നതായാണ് ഡെപ്യൂട്ടി കമ്മീഷണർ, ചരക്ക് സേവന നികുതി കാര്യാലയം തിരൂർ, ഓഡിറ്റ് ഓഫീസിനെ അറിയിച്ചിട്ടുള്ളത്. എന്നാൽ മേൽ കത്തിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള പരമാവധി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയോ സ്ഥാപനങ്ങളുടെ വരുമാന പത്രികകൾ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ജി.എസ്.ടി. രജിസ്ട്രേഷനുള്ള മേൽ ലിസ്റ്റിൽ ഉൾപ്പെട്ട ഏതാനും സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട തൊഴിൽ നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ട്രേഡേഴ്സിന്റെ പേര് | ജി.എസ്.ടി. നമ്പർ | വാർഡ് നം. | ഒന്നാം അർദ്ധ വർഷ നികുതിയായി ഈടാക്കിയത് | രണ്ടാം അർദ്ധ വർഷ നികുതിയായി ഈടാക്കിയത് |
|---|---|---|---|---|
| ഫാസ്റ്റ് ട്രാക്ക് കാർ അക്സസറീസ് | 32AGYPN9458K1ZE | 4 | 300 | 750 |
| റിച്ച് വൺ ഡോർ & ലോക്ക്സ് | 32DQXPS3564K1ZZ | 4 | 450 | 600 |
| എക്സ്ലൈഡ് പവർ സെന്റർ | 32AGBPA0548A1ZI | 5 | 450 | 450 |
| സെൻട്രൽ ബേക്കറി | 32AAPPH0186H1ZT | 6 | 750 | 750 |
| സെൻട്രൽ ഇലക്ട്രിക്കൽസ് | 32CXVPM4100P1Z2 | 6 | 300 | 750 |
| അൽമ കോട്ടൺ | 32BIOPP1300B1ZY | 6 | 450 | 600 |
| തിരൂർ ഹജ്ജ് ഗ്രൂപ്പ് (ബാദ്ഷ ട്രാവൽസ്) | 32AAHFT6512F1ZG | 6 | 450 | 450 |
| ദുബൈ മൊബൈൽസ് | 32BUKPS2099J1Z4 | 6 | 750 | 750 |
| നെസ്റ്റ് മാർക്കറ്റിംഗ് | 32AANFN1014E1ZV | 6 | 450 | 450 |
| റിലീഫ് മെഡിക്കൽസ് | 32AQXPP4760F1ZG | 7 | 750 | 1000 |

| | | | | |
|---|---|---|---|---|
| സാംസങ്ങ് മൊബൈൽ സ്റ്റോർ | 32ADRFS8881R1ZS | 7 | 450 | 750 |
| വീനസ് ബേക്കറി | 32ANOPT9539N1ZZ | 7 | 450 | 450 |
| സന ബേക്കറി | 32BABPM4291F1ZZ | 8 | 450 | 450 |
| മലബാർ ടൂൾസ് & എക്യുപ്മെന്റ്സ് | 32BRHPM1186L1ZL | 9 | 450 | 450 |
| തിരൂർ ഗ്ലാസ് മാർട്ട് | 32ABNPN5026F1ZU | 10 | 450 | 450 |
| രാജ ജ്വല്ലറി | 32AEPPP5517G1ZE | 10 | 600 | 1000 |
| നിയോ മാർക്കറ്റിംഗ് | 32AAJFN3767E1ZB | 10 | 300 | 300 |
| മിഷൻ ട്രേഡേഴ്സ് | 32ALDPR8701K1Z0 | 16 | 300 | 600 |
| ഫോർച്യൂൺ ഏജൻസീസ് | 32AACFF7569B1ZO | 16 | 300 | 600 |
| യുണൈറ്റഡ് ഹാർഡ്‌വെയർ | 32AADFU1169R1ZR | 17 | 300 | 600 |
| അമൽ സർജിക്കൽസ് | 32AAUFA3662N1Z0 | 19 | 750 | 750 |
| സിറ്റി മെഡിക്കൽസ് | 32AABPE2656D1ZF | 19 | 750 | 750 |
| രാധിക ഏജൻസീസ് | 32AFIPK8029G1ZJ | 19 | 750 | 1000 |
| ഇൻസൈറ്റ് ഒപ്റ്റിക്കൽസ് | 32CJHPK9650C2ZB | 19 | 450 | 600 |
| ബ്രദേഴ്സ് ഹാർഡ്‌വേഴ്സ് | 32AQEPM1554B1ZG | 20 | 600 | 1000 |
| എ.ആർ.ബേക്കറി | 32ABDFA2695R1Z0 | 20 | 600 | 1000 |
| നൈസ് ഒപ്റ്റിക്കൽസ് | 32AAIFN6181B1ZK | 20 | 600 | 600 |

| | | | | |
|---|---|---|---|---|
| ചിറക്കൽ മെഡിക്കൽസ് | 32AQWPC9201H1ZW | 20 | 450 | 600 |
| ഷാസ് മെഡിക്കൽസ് | 32ABJFS1379Q1ZJ | 20 | 600 | 600 |
| എ.എസ്.അസോസിയേറ്റ്സ് | 32AAXFA5660K1Z1 | 20 | 1000 | - |
| സീൽ എന്റർപ്രൈസസ് | 32AABFZ6014E1ZL | 20 | 450 | 450 |
| ഐസ് ലാന്റ് | 32AACFI4024Q1ZE | 26 | 750 | 750 |
| നാഷണൽ ഹാർഡ്‌വെയർ | 32AAKFN0177D1ZM | 26 | 600 | 1000 |
| റോയൽ വിൻഡോസ് ഫോർ കർട്ടൺ സെന്റർ | 32BSMPK7248H1ZI | 28 | 450 | 750 |
| കെൻസ് മാർക്കറ്റിംഗ് | 32CTKPP4804Q1Z5 | 28 | 450 | 450 |
| അറഫ ഏജൻസീസ് | 32ABJPF5079N1ZC | 28 | 450 | 300 |

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ജി.എസ്.ടി രജിസ്ട്രേഷനുള്ള മുഴുവൻ സ്ഥാപനങ്ങളും സമർപ്പിച്ച അർദ്ധ വാർഷിക വരുമാനപത്രികകൾ പരിശോധനയ്ക്ക് ഹാജരാക്കാനും സ്ഥാപനങ്ങൾക്ക് നികുതി ഒഴിവാക്കി നൽകാൻ മതിയായ കാരണങ്ങളുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട രേഖകളുടെ പിൻബലത്തോടെ വിശദമാക്കാനും ആവശ്യപ്പെട്ട് 16.12.2019ന് നൽകിയ 33/2018-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ആയത് ഈടാക്കുന്നതിനും നഗരപാലിക നിയമം/ചട്ടങ്ങൾ പ്രകാരം അധികാരമുണ്ടായിരിക്കെ ആയതിന് നടപടി സ്വീകരിക്കാത്തത് നഗരസഭയുടെ വീഴ്ച വ്യക്തമാക്കുന്നു.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ജി.എസ്.ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രികകൾക്കനുസരിച്ച് തൊഴിൽ നികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**5)സ്ഥാപനങ്ങൾ/തൊഴിലുടമകളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.**

2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 5 പ്രകാരം കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് കെട്ടിടം ഉപയോഗിക്കുന്നവരുടെ പേരും അങ്ങനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ ഉദ്യോഗത്തെയോ സംബന്ധിച്ചും കൈവശം വയ്ക്കുന്ന കാലത്തെ സംബന്ധിച്ചും വിവരിച്ചു കൊണ്ടുള്ളതായ ഒരു ലിസ്റ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഒന്നാം നം. ഫോറത്തിൽ സെക്രട്ടറി നോട്ടീസ് നൽകേണ്ടതും കെട്ടിട ഉടമകൾ പ്രസ്തുത വിവരങ്ങൾ രണ്ടാം നം. ഫോറത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ആയതിനനുസരിച്ച് സെക്രട്ടറി പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം വാണിജ്യ ആവശ്യങ്ങൾക്ക് വേണ്ടി ആകെ 7769 കെട്ടിടങ്ങൾക്ക് ഓഡിറ്റ് വർഷം നികുതി നിർണ്ണയിച്ചിട്ടുണ്ട്. നികുതി ഇളവ് രജിസ്റ്റർ പ്രകാരം 2018-19 ഒന്നാം അർദ്ധ വർഷത്തിൽ 66ഉം രണ്ടാം അർദ്ധ വർഷത്തിൽ 110 ഉം കെട്ടിടങ്ങൾക്ക് ഒഴിവായി കിടക്കുന്നതിനാൽ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. സഞ്ചയയിലെ മേൽ വിവരങ്ങളിൽ നിന്നും 7703 കെട്ടിട ഉടമകളിൽ നിന്ന് ഒന്നാം അർദ്ധവർഷവും 7659 കെട്ടിട ഉടമകളിൽ നിന്നും രണ്ടാം അർദ്ധവർഷവും തൊഴിൽ നികുതി ഈടാക്കേണ്ടിയിരുന്നുവെങ്കിലും 2018-19 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം3101 സ്ഥാപനങ്ങൾ/തൊഴിലുടമകളിൽ നിന്ന് മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന കെട്ടിട ഉടമസ്ഥരിൽ നിന്നും ഒന്നാം നം. ഫോറത്തിൽ നോട്ടീസ് നൽകി വിവരങ്ങൾ ലഭ്യമാക്കുകയോ ആയതിനനുസരിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനും ഇല്ലെങ്കിൽ ആയതിനു വിശദീകരണം നൽകാനും ആവശ്യപ്പെട്ട് 16.12.2019 ന് നൽകിയ 39/2018-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

നഗരസഭയിൽ വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**6)ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല**

2018-19 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ സ്ഥാപനങ്ങളുടെ പേരിന് നേരെ കൊടുത്തിരിക്കുന്ന അർദ്ധ വർഷങ്ങളിൽ സമർപ്പിക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | അസസ്സ്മെന്റ് നം. |
|---|---|---|---|
| 1 | ടാലന്റ് കിന്റർഗാർട്ടൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ ചെമ്പ്ര | 1,2 | 2 |
| 2 | നിർമ്മിതി എഞ്ചിനിയേഴ്സ് &കൺസൾട്ടന്റ്സ് തിരൂർ | 1,2 | 15 |
| 3 | എം.ഇ.എസ്. വനിത കോളേജ്,തിരൂർ | 2 | 35 |
| 4 | മണപ്പുറം അസറ്റ് ഫിനാൻസ് ലിമിറ്റഡ് തിരൂർ | 2 | 43 |
| 5 | യു.എ.ഇ. ഫിനാൻഷ്യൽ സർവ്വീസ് തിരൂർ | 1,2 | 45 |
| 6 | സെൻട്രൽ ടാക്കീസ് തിരൂർ | 2 | 77 |
| 7 | DIKSHA കോർപ്പറേറ്റ് സർവ്വീസസ് ലിമിറ്റഡ് തിരൂർ | 1,2 | 111 |
| 8 | തിരൂർ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ,ഈവനിംഗ് ബ്രാഞ്ച്,തിരൂർ | 1,2 | 113 |
| 9 | റവന്യൂ ഡിവിഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി തിരൂർ | 1,2 | 114 |
| 10 | ജൂനിയർ അസിസ്റ്റന്റ് , സപ്ലൈകൊ ലാഭം മാർക്കറ്റ് തൃക്കണ്ടിയൂർ | 1 | 122 |
| 11 | കെ.പി.ബി. നിധി ലിമിറ്റഡ് തിരൂർ | 2 | 128 |
| 12 | കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്(ജനറൽ)സിവിൽ സ്റ്റേഷൻ തിരൂർ | 2 | 146 |
| 13 | സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്,തിരൂർ | 1,2 | 153 |
| 14 | കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് കൺകറന്റ് ഓഡിറ്റ് , അർബൻ കോപ്പറേറ്റീവ് ബാങ്ക്,തിരൂർ | 2 | 211 |
| 15 | SBI പേഴ്സണൽ SPBBതിരൂർ | 1,2 | 228 |
| 16 | ലിഗേറ്റ് കമ്പ്യൂട്ടർ എജ്യുക്കേഷൻ സെന്റർ,തിരൂർ | 1,2 | 229 |
| 17 | അലീന വെഡ്ഡിംഗ് സെന്റർ,തിരൂർ | 2 | 230 |

| | | | |
|---|---|---|---|
| 18 | ഇസാഫ് മൾട്ടിസ്റ്റേറ്റ് അഗ്രോ കോ ഓപ്പറേറ്റീവ് സൊസൈറ്റി ,നെടിയോടത്ത്, തിരൂർ | 2 | 248 |
| 19 | സപ്ലൈകൊ മെഡിക്കൽ സ്റ്റോർ, ജില്ലാ ആശുപത്രി കോമ്പൗണ്ട്,തിരൂർ | 1 | 245 |
| 20 | തിരൂർ പ്രസ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് തിരൂർ | 2 | 259 |
| 21 | ഹിന്ദുജ ലെയ്‌ലന്റ് ഫിനാൻസ് ,തിരൂർ | 1,2 | 260 |
| 22 | സീതി സാഹിബ് മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് തിരൂർ | 2 | 265 |
| 23 | സിറ്റി ഒപ്റ്റിക്, സിറ്റി ജംഗ്ഷൻ,തിരൂർ | 2 | 266 |
| 24 | രേഷ്മ ഏജൻസീസ്(മെഡിക്കൽ) താഴെപാലം ,തിരൂർ | 1,2 | 285 |
| 25 | എസ്.എസ്.എം.യു.പി.സ്കൂൾ നടുവിലങ്ങാടി,തിരൂർ | 1,2 | 296 |
| 26 | എം.എഫ്. പ്രോസസ് &സൊല്യൂഷൻസ് നടുവിലങ്ങാടി | 1,2 | 300 |
| 27 | എ.എം.ഹോണ്ട ,പൂക്കയിൽ ബസാർ,തിരൂർ | 2 | 302 |
| 28 | തിരുപൂര ചിറ്റ്സ് ,നടുവിലങ്ങാടി | 2 | 303 |
| 29 | ലിസാൻ മോട്ടോഴ്സ് (കൈനറ്റിക്) നടവിലങ്ങാടി | 1,2 | 305 |
| 30 | മാവേലി സ്റ്റോർ(സപ്ലൈകൊ) പൂക്കയിൽ,തിരൂർ | 1,2 | 306 |
| 31 | എലൈറ്റ് കോളേജ്,തിരൂർ | 2 | 307 |
| 32 | കെ.എസ്.ഇ.ബി.110ക.വി.സബ്സ്റ്റേഷൻ,തിരൂർ | 1,2 | 309 |
| 33 | കെ.എസ്.ഇ.ബി.സബ്സ്റ്റേഷൻ സബ് ഡിവിഷൻ പൂക്കയിൽ,തിരൂർ | 1,2 | 310 |
| 34 | തിരൂർ മൈ സ്കൂൾ ഫൗണ്ടേഷൻ തെക്കുമുറി,തിരൂർ | 2 | 317 |
| 35 | IAM ബിസിനസ് സ്കൂൾ,തിരൂർ | 2 | 323 |
| 36 | മാസ് പ്രോവിഡൻസ് വിമൻസ് കോളേജ് ,തിരൂർ | 1,2 | 324 |
| 37 | ആസാദ് സിൽക്സ്,തിരൂർ | 2 | 326 |
| 38 | ജീനിയസ് കോളേജ്,തിരൂർ | 2 | 327 |
| 39 | ലാമിയ സിൽക്സ് ,തിരൂർ | 1,2 | 328 |
| 40 | ഹുസൈൻസ് ഡെന്റൽ & ഓർത്തോ ഡെന്റൽ ക്ലിനിക് ,തിരൂർ | 1,2 | 328എ |

| | | | |
|---|---|---|---|
| 41 | ഐ.എച്ച്.ടി.കമ്പ്യൂട്ടർ കോളേജ്,തിരൂർ | 2 | 329 |
| 42 | അസോസിയേറ്റ്സ് ഓഫ് എച്ച്.ഡി.എഫ്.സി. ബാങ്ക് കാർ ലോൺസ്. നടുവിലങ്ങാടി.തിരൂർ | 1,2 | 331 |
| 43 | മൂപ്പൻസ് ടി.വി.എസ്. ടു വീലർ ഷോറൂം ,പെരുവഴിയമ്പലം | 1,2 | 333 |
| 44 | ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ്&സിവിൽ ഇന്റീരിയർ ഡക്കറേഷൻ ,തിരൂർ | 2 | 335 |
| 45 | സ്കോളർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫോർമേഷൻ ടെക്നോളജി, തിരൂർ | 1,2 | 336 |
| 46 | മൗണ്ട് സ്കൂൾ ഓഫ് ഫാഷൻ ടെക്നോളജി,തിരൂർ | 2 | 337 |
| 47 | എൻ.ടി.സി. നിധി ലിമിറ്റഡ്, തിരൂർ | 2 | 341 |
| 48 | ലക്ഷ്യ, താഴെ പാലം | 2 | 342 |
| 49 | RACE കോച്ചിംഗ് സെന്റർ ,തിരൂർ | 1 | 347 |
| 50 | ഡീൻസ് വനിത കോളേജ്, തിരൂർ | 1,2 | 348 |
| 51 | കൊച്ചുകുടിയിൽ ഏജൻസീസ്.തിരൂർ | 1,2 | 357 |
| 52 | യുണൈറ്റഡ് ബിസിനസ് കോർപ്പറേഷൻ, തിരൂർ | 1,2 | 360 |
| 53 | ജി.ടെക്. കമ്പ്യൂട്ടർ എജ്യൂക്കേഷൻ ,തിരൂർ | 1,2 | 361 |
| 54 | എൻ.ആർ.ഇ. ഇലക്ട്രോണിക്സ്,പൂങ്ങോട്ടുകുളം | 1,2 | 362 |
| 55 | ട്വിൻക്വിൽ ബെൽസ് പ്ലേ സ്കൂൾ, തൃക്കണ്ടിയൂർ | 2 | 368 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഈടാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും അറിയിക്കാൻ ആവശ്യപ്പെട്ട് 16.12.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34/2018-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**7)സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കൽ കാര്യക്ഷമമല്ല**

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം 3(2) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, പാരാമെഡിക്കൽ വിദഗ്ദർ, മറ്റു സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്നും ചട്ടം 3(10) പ്രകാരമുള്ള കരാറുകാരിൽ നിന്നും ഒരു അർദ്ധ വർഷത്തേക്ക് പരമാവധി ₹1250 നിരക്കിൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. നികുതിദായകർ തങ്ങളുടെ നികുതിക്ക് വിധേയമായ വരുമാനം രേഖമൂലം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തെ ബോധ്യപ്പെടുത്തുന്ന പക്ഷം അതനുസരിച്ച് 3(1)-ാം ചട്ടത്തിലെ പട്ടികയിൽ വിവരിച്ചിട്ടുള്ള പ്രകാരമുള്ള നികുതി നിർണ്ണയിച്ച് നൽകേണ്ടതാണ്.

2018-19 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 13അഭിഭാഷകരുടെ പേര് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചട്ടം 3(2) ൽ പരാമർശിച്ചിട്ടുള്ള സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, പാരാമെഡിക്കൽ വിദഗ്ദർ , മറ്റു സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ,കരാറുകാർ എന്നിവരുടെ പേര് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മേൽ ഇനത്തിലെ വ്യക്തമായ അപാകതകൾ ചുവടെ ചേർക്കുന്നു.

എ)രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ കൊടുക്കുന്ന അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | അഭിഭാഷകന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ശ്രീ.രാമമോഹൻ.കെ | രണ്ടു അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല. |
| 2 | ശ്രീ.എം.കെ.ജയശങ്കർ | രണ്ടു അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല. |
| 3 | ശ്രീ.പി.പി.സുബൈർ | രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല. |
| 4 | ശ്രീമതി.എൻ.വി. സിന്ദു | രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല. |
| 5 | ശ്രീ.കെ.എ.പത്മകുമാർ | രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല. |
| 6 | ശ്രീ.കെ.എ.കൃഷ്ണകുമാർ | രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല. |
| 7 | ശ്രീ.എം.ജി.വേണുഗോപാൽ | ഒന്നാം അർദ്ധ വർഷ നികുതിയായി 1250 രൂപ ഒടുക്കിയിട്ടുണ്ട്. |
| 8 | ശ്രീ.കെ.എ.സമദ് | രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല. |
| 9 | ശ്രീ.വിക്രം കുമാർ | രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല. |
| 10 | ശ്രീ.ദിനേശ് പൂക്കയിൽ | രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല. |
| 11 | ശ്രീ. വി.ചന്ദ്രശേഖരൻ | രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല. |
| 12 | ശ്രീമതി. കെ.പി.മറിയുമ്മ | രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല. |
| 13 | ശ്രീ.ഭവേഷ് | രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല. |

ബി) 2018-19 വർഷത്തെ ടെൻഡർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് തൻവർഷം നഗരസഭയുടെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | യൂസഫ്.പി. |
| 2 | മോഹൻദാസ്.പി. |
| 3 | മൊയ്തീൻകുട്ടി. |
| 4 | മൊയ്തീൻഹാജി.ടി.പി. |
| 5 | ബാലകൃഷ്ണൻ.ടി. |
| 6 | ഷാഹിർ.പി.വി. |
| 7 | കൃഷ്ണൻകുട്ടി.എൻ |
| 8 | പുരുഷോത്തമൻ.പി. |

| | |
|---|---|
| 9 | ഷാഹുൽ ഹമീദ് |
| 10 | കൃഷ്ണകുമാർ.എം. |
| 11 | അർജ്ജുനൻ.എം. |
| 12 | സിദ്ധീഖ്.കെ. |
| 13 | സുന്ദർമോഹൻ.കെ.പി. |
| 14 | ദുൽഫീക്കർ.കെ.പി. |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

അഭിഭാഷകർ, കരാറുകാർ എന്നിവരിൽ നിന്നോ ചട്ടം 3(2)ൽ വരുന്ന മറ്റു വിഭാഗങ്ങളിൽ നിന്നോ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് 16.12.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 38/2018-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി കുടിശ്ശിക പിരിവ് കാര്യക്ഷമല്ല- ₹2,87,50,106/- പിരിച്ചെടുക്കാനവശേഷിക്കുന്നു.

കേരള മുനിസിപ്പാലിറ്റി ആക്ട് 539ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാ നടപടികൾ നടത്തുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നഗരസഭയുടെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയ്ക്ക് ഓരോ വർഷവും നികുതിയിനത്തിൽ ഭീമമായ കുടിശ്ശിക അവശേഷിക്കുന്നതായി കാണുന്നു. 2013-14 വർഷം മുതൽ 2018-19 വർഷം വരെ വസ്തുനികുതി കുടിശ്ശികയിനത്തിൽ 4,08,19,988/- രൂപയുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | വർഷാരംഭത്തിലെ ആകെ കുടിശ്ശിക ഡിമാന്റ് | വരവ് | ബാലൻസ് | പിരിവ് ശതമാനം |
|---|---|---|---|---|
| 2013-14 | 9,35,562 | 52,108 | 8,83,454 | 5.56 |
| 2014-15 | 1,02,60,267 | 29,18,761 | 73,41,506 | 28.44 |
| 2015-16 | 1,59,19,423 | 35,66,163 | 1,23,53,260 | 22.40 |
| 2016-17 | 2,14,21,995 | 48,19,664 | 1,66,02,331 | 22.49 |
| 2017-18 | 3,40,22,042 | 55,22,250 | 2,84,99,792 | 16.23 |
| 2018-19 | 4,08,19,908 | 1,20,69,802 | 2,87,50,106 | 29.56 |

മേൽ വിവരങ്ങളിൽ നിന്നും കുടിശ്ശിക പിരിവ് കാര്യക്ഷമമല്ലെന്ന് വ്യക്തമാണ്. ഓഡിറ്റ് വർഷം കുടിശ്ശികയുടെ 29.56% മാത്രം പിരിച്ചെടുത്തതിൽ നിന്നും 70.44% പിരിച്ചെടുക്കാനുണ്ടെന്ന് കാണുന്നു. ഇത് 2018-19 വർഷത്തെ തനതു ഫണ്ട് വരവിന്റെ 122% (2018-19 വർഷത്തെ ആകെ തനതു ഫണ്ട് വരവ് 2,34,24,550/- രൂപ മാത്രമാണ്) ആണ്. 2.5 കോടിയിൽ അധികരിച്ച തുക കെട്ടിട നികുതി കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുണ്ടെന്ന വിവരം ഭരണ സമിതി/ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുക ഈടാക്കാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തനതുഫണ്ടിന്റെ പ്രധാന ഉറവിടമായ വസ്തുനികുതിയിനത്തിലെ ഭീമമായ കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് നഗരസഭയുടെ ദൈനംദിന ചെലവുകളേയും വികസന പ്രവർത്തനങ്ങളേയും ദോഷകരമായി ബാധിക്കുന്നതാണ്. കുടിശ്ശിക തുക യഥാസമയം പിരിച്ചെടുക്കാതിരുന്നാൽ ആയത് നഷ്ടപ്പെടുന്നതിനു ഇടയാക്കുകയും ആയത് ബന്ധപ്പെട്ട ജീവനക്കാരുടെ ബാദ്ധ്യതയായും തീരുന്നു. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് അടിയന്തരമായ നടപടികൾ സ്വീകിരിക്കേണ്ടതാണ് .

## 1-15 വസ്തുനികുതി പരിഷ്കരണം - പുതിയ കെട്ടിടങ്ങൾക്ക് വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചത് സംബന്ധിച്ച്

14.01.2011 ലെ സ.ഉ.(അ)നം.18/2011/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തു നികുതി പരിഷ്കരിച്ച് കൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൽ പ്രകാരം പുതിയ നികുതി ദായകർക്ക് 2011 ജനുവരി 14 മുതലും നിലവിലുള്ള നികുതി ദായകർക്ക് 2011 ഏപ്രിൽ 1 മുതലുമാണ് പ്രാബല്യം നിശ്ചയിച്ചിരുന്നത്. 15.03.2013 ലെ സ.ഉ.(അ) നം.100/2013 /ത.സ്വ.ഭ.വ. പ്രകാരം 2013 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി ഭേദഗതി ചട്ടങ്ങൾക്ക് 2013 ഏപ്രിൽ 1 മുതലാണ് പ്രാബല്യം നൽകിയിരിക്കുന്നത്. 02.12.2013സ.ഉ.(എം.എസ്.)നം. 371/2013 ത.സ്വ.ഭ.വ. പ്രകാരം 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പുതിയ നികുതി ദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതി ദായകർക്ക് ( വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക് ) 01.04.2013 മുതലും ബാധകമാകുന്നതാണ്. 01.04.2013 മുതൽ പ്രബല്യം നൽകികൊണ്ട് പുതിയ നിരക്കിൽ വസ്തു നികുതി പരിഷ്കരിക്കുമ്പോൾ 14.01.2011 മുതൽ 31.03.2013 വരെ പുതിയ കെട്ടിടങ്ങൾക്ക് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ചത് ഭേദഗതി ചട്ടങ്ങൾക്കനുസരിച്ച് പുനർ നിർണ്ണയിക്കാവുന്നതാണ്.

മേൽ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി 14.01.2011 ന ശേഷമുള്ള പുതിയ കെട്ടിടങ്ങൾക്ക് വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയതായാണ് കാണുന്നത്. ആയവ പിന്നീട് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയത്തിലേക്ക് പരിഷ്കരിച്ചിട്ടുണ്ടെങ്കിലും പുനർ നിർണ്ണയിച്ച സംഗതികളിലൊന്നും അധികം വന്ന തുക ഈടാക്കി കാണുന്നില്ല. ഇപ്രകാരം തെറ്റായി നികുതി നിർണ്ണയം നടത്തിയതിനാൽ നികുതി ഇനത്തിൽ വൻ കുറവ് ഉണ്ടായിട്ടുണ്ട്. ഡി.സി.ബി. രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ നഗരസഭയ്ക്ക് ഇത്തരത്തിൽ പുനർ നിർണ്ണയിച്ച നികുതി കുടിശ്ശിക മുഴവാനായും ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. 14.01.2011 മുതലുള്ള പുതിയ കെട്ടിടങ്ങൾക്ക് എപ്രകാരം നികുതി നിർണ്ണയം നടത്തണമെന്ന വ്യക്തമായ സർക്കാർ ഉത്തരവുകളുണ്ടായിട്ടും ആയത് പരിഗണിക്കാതെ പഴയ രീതിയിൽ തന്നെ നികുതി നിർണ്ണയം തുടർന്നത് നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ഈ തെറ്റായ നടപടികൾ മൂലം കുടിശ്ശിക ഉണ്ടായതിന്/പിരിച്ചെടുക്കാൻകഴിയാതെ വന്നതിന് നഗരസഭയിലെ റവന്യൂ വിഭാഗം ഉത്തരവാദികളുമാണ്. ഇത്തരത്തിൽ വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കിയതിനാൽ നികുതിയിനത്തിൽ കുറവ് വന്നതിന് ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| വാർഡ് നം/കെട്ടിട നം | സർവ്വേ നം. | കെട്ടിട ഉടമസ്ഥൻ | തറ വിസ്തീർണ്ണം(ച.മീ) | നികുതി നിർണ്ണയം പ്രബല്യം | വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചത് | തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയം | വ്യത്യാസം |
|---|---|---|---|---|---|---|---|
| 7/120D1 മുതൽ D8വരെ 7/120G1മുതൽ G11 വരെ | 253/2 | ബീരാൻ കുട്ടി. സി.കെ സുബൈദ. സി.കെ | 483.86 | 2013-14 ഒന്നാം അർദ്ധ വർഷം | 25,646 | 1,49,816 | 1,24,170 |
| 6/526A മുതൽ M വരെ | 243/8 | കെ.മറിയകുട്ടി കെ.ഫാത്തിമ കെ. ജമീല | 237.18 | 2012-13 രണ്ടാം അർദ്ധ വർഷം | 13,914 | 19,419 | 5,505 |
| 6/363 B,6/363 B1 മുതൽ 6/363 B321 വരെ | 221/3 | നിയാസ്. വി. ഡയറക്ടർ, ഫോർസ പ്രോജക്ട് | 8586.55 | 2013-14 ഒന്നാം അർദ്ധ വർഷം | 3.68,368 | 10,69,040 | 7,00672 |
| 6/447D മുതൽ F വരെ | 222/2 | അലി.പി.വി, ജമീല എം. | 69.59 | 2013-14 ഒന്നാം അർദ്ധ വർഷം | 5491 | 10982 | 5491 |
| 6/495 B1 മുതൽ | 243/1 | ജമീല ഉമ്മ. കെ.പി. | 101.44 | 2013-14 ഒന്നാം | 7,020 | 14,719 | 7,699 |

| | | | | | | | |
|---|---|---|---|---|---|---|---|
| B8വരെ | | | | അർദ്ധ വർഷം | | | |
| 6/489 E1 മുതൽ E26വരെ | 243/1 | എലനാട്ടിൽ കുഞ്ഞീരു, തായുമ്മകുട്ടി ഉമ്മ എലനാട്ടിൽ | 303,27 | 2012-13 രണ്ടാം അർദ്ധ വർഷം | 70,470 | 1,0,13,28 | 30,858 |

കുറവ് വന്ന വസ്തു നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഹാജരാക്കേണ്ടതും മേൽ കാലയളവിലെ മുഴുവൻ കെട്ടിടങ്ങളുടേയും വസ്തു നികുതി കണക്കാക്കിയത് ചട്ട പ്രകാരമാണെന്നും കുടിശ്ശിക ഈടാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തി വിശദമായ മറുപടി ഹാജരാക്കേണ്ടതാണ്

## 1-16 വസ്തുനികുതി പരിഷ്കരണ ഉത്തരവ് പ്രാബല്യത്തീയതി പാലിക്കാതെ പുതിയ കെട്ടിടങ്ങൾക്ക് വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചു.

06.03.2019ലെ സ.ഉ.(സാധാ) നം.540/2019/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരണം നടത്തിയതിന്റെ പ്രാബല്യ തീയതി 01.04.2016 ആയി നിശ്ചയിച്ചിട്ടുണ്ട്. ആയത് 14.01.2011 ന് മുമ്പ് വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം ചെയ്ത കെട്ടിടങ്ങൾ (തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചവ) പരിഷ്കരിക്കുന്നതിലേക്ക് മാത്രമാണ് ബാധകമാകുന്നത്. 14.01.2011 ന് ശേഷം നിർമ്മിച്ച് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾക്ക് ഈ ഉത്തരവിന്റെ ആനുകൂല്യം ഉണ്ടായിരിക്കുന്നതല്ല. നഗരസഭയുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ 14.01.2011 ന് ശേഷം നിർമ്മിച്ച കെട്ടിടങ്ങളും വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയതായി കാണാൻ കഴിഞ്ഞു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. (വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒന്നിൽ കൂടുതൽ നമ്പർ നൽകിയിട്ടുണ്ട്. ആയതു പ്രകാരമുള്ള എണ്ണമാണ് എടുത്തിരിക്കുന്നത്.)

| വാർഡ് നം | 2011-12 | | | 2012-13 | | | 2013-14 | | |
|---|---|---|---|---|---|---|---|---|---|
| | വാണിജ്യാവശ്യം | പാർപ്പിടാവശ്യം | ലോഡ്ജ് | വാണിജ്യാവശ്യം | പാർപ്പിടാവശ്യം | ലോഡ്ജ് | വാണിജ്യാവശ്യം | പാർപ്പിടാവശ്യം | ലോഡ്ജ് |
| 1 | 3 | 9 | - | - | 13 | - | - | 4 | - |
| 2 | 3 | 37 | - | 9 | 21 | - | - | 5 | - |
| 3 | - | 2 | - | - | 17 | - | - | - | - |
| 4 | 2 | 27 | - | 27 | 4 | - | - | 8 | - |
| 5 | 1 | 32 | - | 14 | 4 | - | - | - | - |
| 6 | 33 | 18 | - | 114 | 11 | - | 353 | 1 | - |
| 7 | 73 | 12 | 17 | 9 | 1 | - | 20 | 1 | - |
| 8 | 4 | 18 | - | 4 | 25 | - | - | - | - |
| 9 | 28 | 15 | - | 20 | 6 | - | 1 | 1 | - |
| 10 | 14 | 12 | - | 22 | 4 | - | - | - | - |
| 11 | - | 11 | - | - | 11 | - | - | 10 | - |
| 12 | 1 | 16 | - | 23 | 16 | - | - | - | - |
| 13 | - | 11 | - | - | 12 | - | - | 1 | - |
| 14 | - | 50 | - | 3 | 13 | - | 2 | 9 | - |
| 15 | - | 16 | - | - | 1 | - | 2 | 2 | - |
| 16 | 4 | 19 | - | 1 | 16 | - | - | 4 | - |
| 17 | 6 | 9 | 13 | 3 | 32 | - | - | 1 | - |
| 18 | - | 17 | - | 3 | 26 | - | - | 4 | - |
| 19 | - | 5 | - | - | 8 | - | - | 2 | 7 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 20 | 106 | - | 63 | 40 | 6 | - | - | - | - |
| 21 | 32 | 11 | - | - | 10 | - | - | 4 | - |
| 22 | - | 16 | - | - | 14 | - | - | 12 | - |
| 23 | 5 | 19 | - | 1 | 7 | - | - | - | - |
| 24 | 3 | 7 | - | - | 6 | - | - | - | - |
| 25 | 2 | 17 | - | - | 17 | - | 6 | 2 | - |
| 26 | - | 13 | - | - | 13 | - | - | - | - |
| 27 | - | 8 | - | 7 | 12 | - | - | - | - |
| 28 | 44 | 22 | - | 6 | 6 | - | 4 | 5 | - |
| ആകെ | 364 | 449 | 93 | 306 | 332 | - | 406 | 75 | 7 |
| ആകെ എണ്ണം | | | | 2032 | | | | | |

മേൽ കാണിച്ച പ്രകാരം ആകെ 2032 കെട്ടിടങ്ങൾ ഇത്തരത്തിൽ തെറ്റായ നികുതി നിർണ്ണയത്തിന് വിധേയമായിട്ടുണ്ട്. ഇത്തരത്തിൽ തെറ്റായ നികുതി നിർണ്ണയം നടത്തിയതിന് നഗരസഭ റവന്യൂ വിഭാഗം ഉത്തരവാദിയാണ്.

14.01.2011 ന് ശേഷം നിർമ്മാണം പൂർത്തിയാക്കിയ മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നടത്തിയത് തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ പുനർനിർണ്ണയം നടത്തി മുഴുവൻ വസ്തു നികുതിയും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാർഷിക വാടക മൂല്യത്തിനനുസരിച്ച് വസ്തു നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ പരിഷ്കരണ പ്രാബല്യത്തീയതി 01.04.2016 ആയി എടുത്ത് അടവാക്കിയ തുക ക്രമീകരിക്കുമ്പോൾ മേൽ സൂചിപ്പിച്ച കെട്ടിട നമ്പറുകൾ ആയതിൽ ഉൾപ്പടുന്നില്ലെന്നും നഗരസഭയ്ക്ക് നിയമ പ്രകാരം കിട്ടേണ്ട തുക നഷ്ടപ്പെടുന്നില്ലെന്നും മേൽ കെട്ടിട ഉടമകൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ലെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ചും കുടിശ്ശിക തുക മുഴുവനായും ഈടാക്കിയും സഞ്ചയ സോഫ്റ്റ് വെയറിൽ അടവ് വിവരങ്ങൾ ചേർത്തും വിശദമായ മറുപടി ഹാജരാക്കേണ്ടതാണ്

## 1-17 പൊതു ആവശ്യത്തിനുള്ള ഭാഗങ്ങൾ ഉൾപ്പെടുത്താതെ വസ്തുനികുതി നിർണ്ണയിച്ചു

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം (4) പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ, ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കി വെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭ 31.12.2011 ലെ ആർ2-17572/11 നമ്പർ പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപന പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ച.മീ. 70/- രൂപയും 100നു മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ച.മീ. ന് 90/- രൂപയുമാണ് അടിസ്ഥാന നികുതി നിരക്ക്. എന്നാൽ, നഗരസഭയിലെ ചില കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചപ്പോൾ ബന്ധപ്പെട്ട ഉത്തരവുകളിലേയും വിജ്ഞാപനത്തിലേയും നിർദ്ദേശങ്ങളായ പൊതുഉപയോഗത്തിനുള്ള കെട്ടിടഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർക്കാതെയും സേവന ഉപനികുതി നിശ്ചയിക്കാതെയും നികുതി നിർണ്ണയിച്ചിട്ടുള്ളത് . ആയതിനാൽ നഗരസഭയ്ക്ക് നികുതി ഇനത്തില് 1,85,211 രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 2.2 ൽ പരാമർശിക്കുന്നു.

## 1-18 വസ്തുനികുതി പരിഷ്കരണം -പൂർത്തീകരിച്ചിട്ടില്ല

06.03.2019ലെ സ.ഉ.(സാധാ) നം.540/2019/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണം അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരണം നടത്തിയതിന്റെ പ്രാബല്യ തീയതി 01.04.2016 ആയി നിശ്ചയിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും എല്ലാ കെട്ടിടങ്ങളുടേയും വിവരശേഖരണം, ഫോം നം.6-ലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ ഓഫീസ് നടപടിക്രമങ്ങളും 2019 ജൂൺ മുതൽ 2019 സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ പൂർത്തീകരിക്കുന്നതിന് നഗരസഭ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

നഗരകാര്യ ഡയറക്ടറുടെ 4.5.2018ലെ ഇ6-8727/2017 ഉത്തരവ് പ്രകാരം തിരൂർ നഗരസഭയിൽ നികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി 15 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ കുടുംബശ്രീ വഴി 179

ദിവസത്തേക്ക് താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

നഗരസഭയിൽ പുതുക്കിയ വസ്തു നികുതിയുടെ ഓൺലൈൻ സംവിധാനം 01.12.2018 മുതൽ നിലവിൽ വന്നിട്ടുണ്ട്. എന്നാൽ നികുതി പരിഷ്കരണ ഫയൽ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പരിഷ്കരണം പൂർത്തീകരിച്ചതായി കാണുന്നില്ല.

04.01.2020ൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 38 വാർഡുകളിലെ ബേസ് ഡാറ്റാ എൻട്രി 25,737 ആണ്. (എന്നാൽ വസ്തുനികുതി പരിഷ്കരണ ഫയൽ പരിശോധിച്ചതിൽ ബേസ് ഡാറ്റാ എൻട്രി 26059 എണ്ണമാണ്.) ആയതിൽ 25,541 ബേസ് ഡാറ്റകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 196 ബേസ് ഡാറ്റകൾക്ക് അംഗീകാരം നൽകാൻ അവശേഷിക്കുന്നു. ഫോം 6ൽ 25719 ഡാറ്റ എൻട്രി പൂർത്തീകരിച്ചതിൽ 19894 ഡാറ്റകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഫോം 6 ഡാറ്റാ എൻട്രി 5825 എണ്ണം അംഗീകരിക്കാൻ അവശേഷിക്കുന്നു. 19877 കെട്ടിടങ്ങളുടെ നികുതി ഡിമാന്റാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത്.

കേരള മുനിസിപ്പാലിറ്റി ആക്ട് 539ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാ നടപടികൾ നടത്തുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കുന്നത് അനന്തമായി നീളുന്നത് നഗരസഭയ്ക്ക് നികുതിയിനത്തിൽ തുക ഈടാക്കാൻ കഴിയാതെ വരുന്നതിനും അത്തരത്തിൽ വരുമാനനഷ്ടമുണ്ടാകുന്നതിനും ഇടയാക്കുന്നു.

വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കാത്തതിനു വിശദീകരണവും, വസ്തുനികുതി പരിഷ്കരണം നടപ്പാക്കുന്നതിലെ നിലവിലെ അവസ്ഥ അറിയിക്കാനും ആവശ്യപ്പെട്ട് 10.01.2020 ന് നൽകിയ ഓഡിറ്റ് എൻക്വയറി 44/2018-19ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

താൽക്കാലിക ജീവനക്കാരുടെ സേവനം ലഭ്യമായിട്ടും പരിഷ്കരണം പൂർത്തീകരിക്കാത്തത് ഭരണതല വീഴ്ചയായി കണക്കാക്കുന്നു. വസ്തു നികുതി പരിഷ്കരണം അടിയന്തിരമായി പൂർത്തീകരിക്കാൻ നഗരസഭ ഭരണകാര്യ സ്ഥാപനങ്ങൾ (സ്റ്റാന്റിംഗ് കമ്മറ്റി/കൗൺസിൽ) നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 വസ്തു നികുതി നിർണ്ണയം- വിജ്ഞാപനപ്രകാരമല്ല. ഗ്രന്ഥശാലാവരി, സേവനഉപനികുതി ഉൾപ്പെടെ ₹8933/- കുറവ്

14.01.2011ലെ സ.ഉ.(അ)നം.18/2011ത.സ്വ.ഭ.വ. ഉത്തരവിന്റ അടിസ്ഥാനത്തിൽ 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങൾ പ്രകാരം 31.12.2011ൽ ആർ2-17572/11 നമ്പർ പ്രകാരം വസ്തുനികുതി നിർണ്ണയത്തിനു നഗരസഭ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിജ്ഞാപനത്തിലെ വ്യവസ്ഥകളിൽ നിന്ന് വ്യതിചലിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയത് വഴി ഗ്രന്ഥശാലാവരി, സേവനഉപനികുതി ഉൾപ്പെടെ ₹8933/- കുറവ് നഗരസഭാഫണ്ടിന് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 2.3 ൽ പരാമർശിച്ചിരിക്കുന്നു.

## 1-20 കേരള വാട്ടർ അതോറിറ്റി റോഡ് റസ്റ്റോറേഷൻ ചാർജ് ഒടുക്കിയില്ല- നഗരസഭാ ഫണ്ടിന് 8,04,025/- രൂപ നഷ്ടം

ഫയൽ നമ്പർ - പി.ഡബ്ളിയു.2-9989/18

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഹോസ്പിറ്റൽ റോഡിൽ കേരള വാട്ടർ അതോറിറ്റി ഓഫീസ് മുതൽ സിറ്റി ജംങ്ഷൻ വരെയുള്ള ഭാഗത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നിന് 230 മീറ്റർ നീളത്തിലും 1 മീറ്റർ വീതിയിലും റോഡ് മുറിക്കുന്നതിന് അനുമതി നൽകുന്നതിനായി കേരള വാട്ടർ അതോറിറ്റി 04-05-2018 ന് നഗരസഭയിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ ഫീൽഡ് പരിശോധനയിൽ, നഗരസഭയുടെ അനുമതി ലഭ്യമാവാതെ കേരള വാട്ടർ അതോറിറ്റി റോഡ് മുറിച്ചതായി കണ്ടെത്തുകയും, വിഷയം നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റോഡ് റസ്റ്റോറേഷൻ ഇനത്തിൽ വാട്ടർ അതോറിറ്റി നഗരസഭയിലൊടുക്കേണ്ട 8,04,025/-രൂപ വാട്ടർ അതോറിറ്റിയിലൊടുക്കേണ്ട വെള്ളക്കരത്തിൽ നിന്ന് കുറവ് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കാൻ 15-05-2018ന് ചേർന്ന നഗരസഭാ കൗൺസിൽ യോഗം 24-ാം നമ്പറായി തീരുമാനമെടുത്തു. എന്നാൽ മേൽ ഫയൽ പരിശോധിച്ചതിൽ പ്രസ്തുത തുക അടവാക്കുകയോ അടവാക്കാനുള്ള സംഖ്യ കുറവ് ചെയ്യാൻ വേണ്ട നടപടികൾ നഗരസഭ സ്വീകരിച്ചതായോ കാണുന്നില്ല. നഗരസഭക്ക് റോഡ് റസ്റ്റോറേഷൻ ചാർജിനത്തിൽ ലഭ്യമാവേണ്ട തുക വെള്ളക്കരത്തിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 29/2018-19 തീയതി, 02-12-2019) പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയും നഗരസഭയും തമ്മിൽ തർക്കം നിലനിൽക്കുന്നതിനാൽ വെള്ളക്കരം ഈ വർഷം ഒടുക്കിയിട്ടില്ലെന്നും, വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കേണ്ട റോഡ് റസ്റ്റോറേഷൻ ചാർജ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ് എന്നാണ് നഗരസഭ 11-12-2019 ന് മറുപടി നൽകിയിട്ടുള്ളത്. വെള്ളക്കരം യഥാസമയം ഒടുക്കാതിരുന്നാൽ കേരള വാട്ടർ അതോറിറ്റി പിഴയും പിഴപ്പലിശയും ആവശ്യപ്പെടുകയും ആയത് നഗരസഭക്ക് വലിയ ബാധ്യതയാകാനും സാധ്യതയുണ്ട്. റോഡ് റസ്റ്റോറേഷൻ ചാർജിനത്തിൽ 8,04,025/- രൂപ വാട്ടർ അതോറിറ്റിൽ നിന്നു ലഭ്യമാക്കി/ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 വിവിധ ഫീസ് പിരിവുകൾ - 4,04,259/-രൂപ കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

തിരൂർ നഗരസഭ പഴയ ബസ് സ്റ്റാന്റ് പരിസരം പാർക്കിംഗ് ഫീസ് പിരിവ്, വണ്ടിപ്പേട്ട കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ്, മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് എന്നിവ 2018-19 സാമ്പത്തികവർഷം ലേലംകൊണ്ട വ്യക്തികൾ ലേലത്തുക പൂർണ്ണമായും നഗരസഭയിൽ അടവാക്കിയിട്ടില്ല. 2018-19 സാമ്പത്തികവർഷത്തെ ഡിമാന്റ് രജിസ്റ്റർ പ്രകാരം നഗരസഭക്ക് കിട്ടാനുള്ള തുകയുടെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥലം | ലേലം കൊണ്ട വ്യക്തിയുടെ പേര്, അഡ്രസ്സ് | മൊത്തം ലേലത്തുക | അടച്ച തുക | അടവാക്കാൻ ശേഷിക്കുന്ന തുക | ആദായ നികുതി ഇനത്തിൽ അടവാക്കേണ്ട തുക | ജി.എസ്.ടി ഇനത്തിൽ അടവാക്കേണ്ട തുക |
|---|---|---|---|---|---|---|---|
| 1 | പഴയ ബസ് സ്റ്റാന്റ് പരിസരം പാർക്കിംഗ് ഫീസ് പിരിവ് | ഷറഫുദ്ദീൻ തയ്യിൽ (ഹൗസ്) കോട്ട്-കല്ലിങ്ങൽ തിരൂർ | 3,00,003 | 1,03,000 | 1,97,003 | 6,001 | 54,001 |
| 2 | വണ്ടിപ്പേട്ട കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | ഷറഫുദ്ദീൻ തയ്യിൽ (ഹൗസ്) കോട്ട്-കല്ലിങ്ങൽ തിരൂർ | 1,23,456 | 42,000 | 81,456 | 2,470 | 22,223 |
| 3 | മാർക്കറ്റ്കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | അഷ്റഫ്.എൻ സഫാന മൻസിൽ മക്കട. പി.ഒ. കക്കോടി, കോഴിക്കോട്. | 1,88,800 | 63,000 | 1,25,800 | 2,517 | 33,984 |
| | | | 6,12,259 | 2,08,000 | 4,04,259 | 10988 | 1,10,208 |

തിരൂർ നഗരസഭ കൗൺസിലിന്റെ 14-02-2017 ലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ലേല നിബന്ധനകൾ ക്രമനമ്പർ (12) (17) എന്നിവ പ്രകാരം ലേല സംഖ്യയുടെ 1/3 ഭാഗം ലേലദിവസവും ബാക്കി തുക ആ വർഷം സെപ്റ്റംബർ 30നകവും 3 തുല്യ ഗഡുക്കളായും അടവാക്കേണ്ടതാണ്. മേൽനിബന്ധനകൾ പ്രകാരം ലേലത്തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിബന്ധന ക്രമനമ്പർ (18) പ്രകാരം നഗരസഭ നടപടികൾ സ്വീകരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സംഗതിയിൽ ലേലത്തുക അടവാക്കാത്തതിനാൽ കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലേലത്തുക പൂർണ്ണമായും അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും കരാറെടുത്തവർ നഗരസഭയുമായുണ്ടാക്കിയ കരാർപത്രങ്ങളും 05-12-2019ന് മുമ്പായി അറിയിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 22-11-2019ലെ 27/2018-19 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നഗരസഭ മറുപടി നൽകിയില്ല. മേൽ നിർദ്ദേശം പാലിക്കേണ്ടതും വിശദമായ മറുപടി ഹാജരാക്കേണ്ടതുമാണ്. ലേലത്തുകയുടെ ബാക്കി തുക അടവാക്കിയിട്ടില്ലെങ്കിൽ ലേലം കൊണ്ട വ്യക്തികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ഇ-ടെൻഡർ ഫോറം വില –5,85,416 രൂപ നഗരസഭാഫണ്ടിൽ വരവ് വന്നിട്ടില്ല

ഇ-ടെൻഡർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചതിലുള്ള ടെണ്ടർ ഫീസ് നഗരസഭാ ഫണ്ടിലേക്ക് വരവ് വന്നിട്ടില്ല. 2018-19 സാമ്പത്തിക വർഷം ഈ ഇനത്തിൽ 1,62,616 രൂപ നഗരസഭക്ക് ലഭ്യമാവാനുണ്ട്. ഇ-ടെൻഡർ ഫോറം വിലയിനത്തിൽ കരാറുകാർ അടവാക്കുന്ന തുക മലപ്പുറം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത് എന്നാണ് ഓഡിറ്റ്

എൻക്വയറിക്ക് (നം-52/2018-19, തീയതി 13-02-2020) മറുപടിയായി നഗരസഭ അറിയിച്ചിട്ടുള്ളത്. നഗരസഭ ലഭ്യമാക്കിയ കണക്ക് പ്രകാരം ഇ-ടെൻഡർ ഫോറം വിലയിനത്തിൽ നാളിതുവരെ നഗരസഭക്ക് ലഭ്യമാവാനുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2015-16 | 1,46,340 |
| 2016-17 | 1,09,270 |
| 2017-18 | 1,67,190 |
| 2018-19 | 1,62,616 |
| ആകെ | 5,85,416 |

ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് ഇ-ടെൻഡർ ഫോറം വിലയിനത്തിൽ നഗരസഭക്ക് ലഭ്യമാകേണ്ട 585416 രൂപ നഗരസഭാഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി മലപ്പുറം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പി.ഡബ്ല്യു-2(എ3)-3559/20 നമ്പർ പ്രകാരം നഗരസഭ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 15-02-2020ന് കത്തയച്ചിട്ടുണ്ട്. മേൽത്തുക നഗരസഭാഫണ്ടിലേക്ക് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 തിരൂർ നഗരസഭ ഇ.എം.എസ്. സ്മാരക ചിൽഡ്രൻസ് പാർക്ക് കുത്തകാവകാശം-പാർക്ക് പരിസരം പാർക്കിംഗ് കുത്തകാവകാശം- കരാർ വ്യവസ്ഥകൾ പാലിച്ചില്ല.

ഫയൽ നമ്പർ. ആർ.4-17014/10

തിരൂർ നഗരസഭക്ക് കീഴിലുള്ള ഇ.എം.എസ്. സ്മാരക ചിൽഡ്രൻസ് പാർക്ക് നടത്തിപ്പ്, പാർക്ക് പരിസരം, പാർക്കിംഗ്ഫീസ് പിരിവ് കുത്തകാവകാശം എന്നിവ M/s. ഇറാൻ അസോസിയേറ്റ്സിന് നൽകാൻ യഥാക്രമം 19-8-2014 ലെ 7-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരവും, 06-03-2015 ലെ 8-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരവും തീരുമാനിച്ചു. 26-02-2015 മുതൽ 25-02-2020 വരെ 5 വർഷത്തേക്കാണ് കുത്തകാവകാശം നൽകിയിട്ടുള്ളത്. ആയത് പ്രകാരം ഇറാൻ അസോസിയേറ്റ്സിനു വേണ്ടി പ്രൊപ്രൈറ്റർ ശ്രീ.രമേശ് എന്നവരും നഗരസഭക്ക് വേണ്ടി നഗരസഭാ സെക്രട്ടറിയും 26-02-15 ന് കരാർ പത്രികയിൽ ഒപ്പു വെച്ചു. കരാറിലെ പൊതു നിബന്ധനകൾ ക്രമനമ്പർ (1) പ്രകാരം 26-02-2015 മുതൽ ആദ്യ വർഷം 1,50,000/- രൂപയും തുടർന്നുള്ള വർഷങ്ങളിൽ 5% നിരക്കിൽ വർദ്ധനവോടുകൂടിയും ലൈസൻസ് ഫീസ് അടവാക്കേണ്ടതുണ്ട്. നിബന്ധന (2) പ്രകാരം ലൈസൻസ് ഫീ വർഷാരംഭത്തിൽ മുൻകൂറായോ അല്ലെങ്കിൽ 4 തുല്യ ഗഡുക്കളായോ അടവാക്കേണ്ടതുണ്ട്. എന്നാൽ കുത്തകാവകാശം നേടിയെടുത്ത ഇറാൻ അസോസിയേറ്റ്സ് നിബന്ധന (2) പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തി കാണുന്നു. ഇതുമായി ബന്ധപ്പെട്ട ആർ.4-17014/10 നമ്പർ ഫയൽ പരിശോധിച്ചതിൽ, ലൈസൻസ് ഫീസ് സമയബന്ധിതമായി ഈടാക്കാത്തത് മൂലം നിരവധി തവണ നോട്ടീസുകളും അറിയിപ്പുകളും നഗരസഭക്ക് നൽകേണ്ടി വന്നതായി വ്യക്തമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വളരെയധികം സമയനഷ്ടവും ജോലിഭാരവും നഗരസഭക്ക് വന്നുചേർന്നിട്ടുണ്ട്. നിരന്തര അറിയിപ്പുകളുടെയും നോട്ടീസുകളുടെയും ഫലമായി 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ ലൈസൻസ് ഫീ 07-07-2017നും 10-07-2017നുമായി 3,87,040/-രൂപ നഗരസഭാ ഫണ്ടിലേക്ക് അടവാക്കുകയും 2017-18, 2018-19 വർഷങ്ങളിലേത് നഗരസഭാ സെക്രട്ടറിയുടെ 24-12-2018 ലെ ആർ.4-17014/10 നമ്പർ നടപടിക്രമങ്ങൾ പ്രകാരം, 2018-19 വർഷത്തിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് കോൺട്രാക്റ്റ് ഇനത്തിൽ ശ്രീ.രമേശിന് നൽകാനുള്ള തുകയിൽ നിന്നും ഈടാക്കുകയുമാണ് ചെയ്തത്. അത് പ്രകാരം 23-01-2019ന് 7,52,889/-രൂപ നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. മേൽ കുത്തകാവകാശ നടത്തിപ്പിൽ ചുവടെ ചേർത്തിരിക്കുന്ന കരാർ വ്യവസ്ഥകൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

(എ) നിബന്ധനകൾ ക്രമനമ്പർ (v) പ്രകാരം എഗ്രിമെന്റ് തിയ്യതി മുതൽ 10 മാസത്തിനുള്ളിൽ പാർക്കിൽ 30,00,000/- രൂപയുടെ നിക്ഷേപം നടത്തേണ്ടതും പാർക്കിലെ സന്ദർശകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കേണ്ടതുമാണ്. മേൽ തുകക്കുള്ള നിക്ഷേപം പാർക്കിൽ നടത്തിയത് സംബന്ധിച്ചോ സന്ദർശകർക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നത് സംബന്ധിച്ചോ നഗരസഭ പരിശോധന നടത്തുകയോ ഉറപ്പാക്കുകയോ ചെയ്തില്ല.

(ബി) കരാർ വ്യവസ്ഥ (Vii) പ്രകാരം മുനിസിപ്പാലിറ്റിയുടെ പരിരക്ഷാ സ്കീമിലേക്ക് 25,000/- രൂപയോ പ്രവേശന ടിക്കറ്റ് വിറ്റ ഇനത്തിൽ ലഭിച്ച തുകയുടെ 10 ശതമാനമോ ഏതാണ് കൂടുതൽ ആ തുക പ്രതിവർഷം നൽകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വ്യവസ്ഥ പാലിക്കുന്നതിലേക്കായി പ്രവേശന ടിക്കറ്റുകൾ വഴി ലൈസൻസിക്ക് ലഭിച്ച വരുമാനം നഗരസഭ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചതായും ഫയലിൽ കാണുന്നില്ല. മേൽ വ്യവസ്ഥ പാലിക്കപ്പെടാത്തതിനാൽ നഗരസഭ ഫണ്ടിന് പ്രതിവർഷം 25,000/-രൂപയുടെ നഷ്ടമുണ്ടായതായി ഓഡിറ്റ് കണക്കാക്കുന്നു.

(സി) കരാറിലെ പൊതുനിബന്ധനകളിലെ ക്രമനമ്പർ. 5 പ്രകാരം ലൈസൻസി 10 KWA ജനറേറ്റർ ബാക്കപ്പോടുകൂടി

10 KW സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുകയും 10 എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. ഈ പ്രവൃത്തികൾ നടത്തിയത് സംബന്ധിച്ചും ഫയലിൽ വ്യക്തമല്ല.

കുത്തകാവകാശം നേടിയ വ്യക്തിയുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ സമയബന്ധിതമായി പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താൻ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നുമാത്രമല്ല പാർക്കിൽ ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിച്ചാൽ നഷ്ടപരിഹാരം എപ്രകാരം നൽകാൻ കഴിയുമെന്ന് നഗരസഭ പരിശോധിച്ചതായി കാണുന്നില്ല. അത് സംംബന്ധിച്ചും, കരാർ വ്യവസ്ഥകൾ പാലിക്കാത്ത സാഹചര്യത്തിൽ ലൈസൻസിക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ചുള്ള വിവരങ്ങളും ആരാഞ്ഞുകൊണ്ടും 26/2018-19 നമ്പർ പ്രകാരം ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും നഗരസഭ യാതൊരു മറുപടിയും നൽകിയില്ല. കരാർ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനും അല്ലാത്തപക്ഷം നിയമനടപടികൾ സ്വീകരിക്കുന്നതിനുമായി വിഷയം നഗരസഭ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. കരാർ വ്യവസ്ഥ പ്രകാരമുള്ള 25,000/-രൂപ പ്രതിവർഷം നഗരസഭ ഫണ്ടിൽ പരിരക്ഷ പദ്ധതിക്കായി മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 നഗരസഭയുടെ അധീനതയിലുള്ള കടമുറികളുടെ വാടക - അപാകതകൾ

നഗരസഭയുടെ അധീനതയിലുള്ള കടമുറികൾ ലൈസൻസികൾക്ക് തുടർന്നും വാടകക്ക് നൽകുന്നതും വാടകതുക ഈടാക്കുന്നതും സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. ഇ. അബ്ദുസലാം (FF 01) 2017 നവംബർ മുതൽ 2018 മാർച്ച് വരെയുള്ള വാടകക്കുടിശിക 15,335 രൂപ 28.04.2018ലാണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ, കുടിശ്ശികതുകക്ക് ആനുപാതികമായി ജി.എസ്.ടി. ഈടാക്കിയിട്ടില്ല.

| ഇനം | ഈടാക്കിയത് | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|
| വാടക | 15335 | 15335 | ഇല്ല |
| ജി.എസ്.ടി | 691 | 2760 | 2069 |

ജി.എസ്.ടി.ഇനത്തിൽ കുറവായി ഈടാക്കിയ 2,069 രൂപ ഉത്തരവാദികളിൽ നിന്നോ ലൈസൻസിയിൽ നിന്നോ ഈടാക്കി മേൽ ഇനത്തിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

2. താഴെ പറയുന്ന ലൈസൻസികൾ 2017-18 വർഷത്തെയും 2018-19 വർഷത്തെയും വാടകക്കുടിശ്ശിക പൂർണ്ണമായി അടവാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസിയുടെ പേര് | 2017-18ലെ കുടിശ്ശിക | 2018-19 ലെ വാടക | മുൻവർഷങ്ങളിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ബൈജു സി.പി. F F 10 | 41484 | 43560 | |
| 2 | N K ഫാത്തിമ 7/313 F8 | 54456 | 57180 | |
| 3 | N.K. ഫാത്തിമ 7/313. F9 | 54948 | 57696 | |
| 4 | അഭിലാഷ് 7/313 F13 | 54948 | 57696 | |
| 5 | പി. മുഹമ്മദ് കബീർ FF 27 | 9704 | 15288 | |
| 6 | റഫീഖ് വളപ്പിൽ 7/313 F3 | 4432 | 55848 | |
| 7 | വലിയവളപ്പിൽ ഹനീഫ & കരുവൻപറമ്പിൽ അബ്ദുൽ ഹമീദ് 7/313 F 12 | 36632 | 57696 | |

| | | | | |
|---|---|---|---|---|
| 8 | മച്ചാളിൽ രഘുനാഥ് FF 03 | 9195 | 23172 | |
| 9 | കെ.കെ. ബാവ SF 01 SF 02 | 25878 | 54348 | |
| 10 | സെക്രട്ടറി ഉപഭോക്തൃസംരക്ഷണസമിതി TF 01 | 14556 | 15288 | (2015-16 :12600; 2016-17 : 13236) |
| 11 | സി. ബീരാൻ കുട്ടി ,ബങ്ക് 12 | 11144 | 20064 | |
| 12 | കുഞ്ഞീമ ടി.കെ. , ബങ്ക് H1 | 16704 | 17544 | (2016-17 :12100) |
| 13 | ഷൗക്കത്ത് അലി , ടേബിൾ 6 | 36000 | 37800 | |
| 14 | അർഷാദ് , ടേബിൾ 7 | 18000 | 37800 | |
| 15 | സുബൈർ , ടേബിൾ 8 | 9000 | 37800 | |
| 16 | സി.പി. മുഹമ്മദ് , ടേബിൾ 11 | 21000 | 37800 | |
| 17 | അമീർ, ടേബിൾ 12 | 24000 | 37800 | |
| 18 | താഴത്തേതിൽ അബ്ദുൽ ഹമീദ് ടേബിൾ 15 | 9000 | 37800 | |
| 19 | പി.കെ. അഷ്റഫ്, ടേബിൾ 22 | 3000 | 37800 | |
| 20 | അബ്ദുൽ കരീം , ടേബിൾ 29 | 12000 | 37800 | |
| 21 | ഷറഫുദ്ദീൻ, ടേബിൾ 30 | 18000 | 37800 | |
| 22 | കാട്ടത്ത് അബ്ദുൽ അസീസ് ടേബിൾ 33 | 27000 | 37800 | |
| 23 | ബാവ, ടേബിൾ 35 | 15000 | 37800 | |
| 24 | കുഞ്ഞുമൊയ്തീൻ ടേബിൾ 36 | 15000 | 37800 | |
| 25 | വി.വി. രാമൻ , ടേബിൾ 39 | 18000 | 37800 | |
| ആകെ | | 5,59,081 | 9,66,780 | 2015-16 - 12600<br>2016-17 – 25336 |

2017-18 വർഷത്തിൽ ഭീമമായ കുടിശിക വരുത്തിയ ലൈസൻസികൾ 2018-19ലും കുടിശിക വരുത്തുന്നതായാണ് കാണുന്നത്. കുടിശ്ശിക വരുത്തുന്ന ലൈസൻസിക്ക് തുടർവർഷങ്ങളിൽ മുറി നൽകില്ലായെന്ന വ്യവസ്ഥ ഉണ്ടായിരിക്കെ തുടർവർഷത്തിലും മേൽപരാമർശിച്ച 25 പേർക്കും കടമുറി വാടകക്ക് നൽകിയത് എപ്രകാരമാണെന്ന് വ്യക്തമാക്കേണ്ടതാണ്. അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും. 2017-18, 2018-19 വർഷങ്ങളിലെ കുടിശിക അതാത് കാലയളവിലേക്ക് ബാധകമായ ജി.എസ്.ടി. സഹിതം അടിയന്തരമായി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

3. അനിൽ ടി. തൊട്ടിയിൽ ഹൗസ്, മുത്തൂർ , തിരൂർ എന്ന ലൈസൻസി കൈവശം വെച്ചിരുന്ന 7/313 F 21 കടമുറി അജിത് കെ.കെ. എന്നയാൾക്ക് 29.09.2018ലെ 8ാം നമ്പർ ഭരണസമിതി തീരുമാനം പ്രകാരം കൈമാറ്റം ചെയ്തിട്ടുണ്ട്. പുതിയ ലൈസൻസി 2018-19 കാലയളവിൽ തുകയൊന്നും അടവാക്കാത്തതിനാൽ 51,900 രൂപ കുടിശികയായുണ്ട്.

ആയത് ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. 2018 ജൂൺ മാസത്തിലാണ് പുതിയ ലൈസൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള ലേലം നടന്നിട്ടുള്ളത്. മുൻ ലൈസൻസി അനിൽ ടി 2018 ഏപ്രിൽ, മെയ് മാസങ്ങളിൽ അടവാക്കിയ തുക സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. ടി മാസങ്ങളിലെ തുക ഈടാക്കിയത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

4. ശ്രീമതി മിനി എന്ന നസീമ സിദ്ദീഖ് 2017-18 വർഷത്തെ വാടകയിനത്തിൽ 53,904 രൂപ അടവാക്കാനുണ്ടായിരുന്നു. ടിയാൾ കടമുറി 01-02-2019ൽ നഗരസഭയെ തിരികെ ഏൽപിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2018-19 വർഷം നഗരസഭക്ക് ടിയാളിൽ നിന്നും ലഭിക്കേണ്ട വാടകയും കുടിശ്ശികയും ചേർത്ത് ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

മേൽപ്പരാമർശിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ 6.12.2019ലെ 31/ 2018-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ചും കുടിശ്ശിക തുക ഈടാക്കിയും വിവരം അറിയിക്കേണ്ടതാണ്.

## 1-25 ഡി ആന്റ് ഒ ലൈസൻസ് പുതുക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, 2017-18 കാലയളവിൽ ലൈസൻസ് അനുവദിച്ച ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2018-19 വർഷത്തെ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് | ബിൽഡിംഗ് നമ്പർ | സ്ഥാപന ഉടമയുടെ പേര് | കച്ചവടയിനം |
|---|---|---|---|---|
| 1 | 7 | FF-23 | അബ്ദുൽ ഗഫൂർ | കമ്പ്യൂട്ടർ ഡിസൈനിംഗ് |
| 2 | 7 | 2A-17 | പരീത്പിള്ള.എ.കെ. | ക്ലോത്ത് സെയിൽ |
| 3 | 7 | 164 | അഷ്റഫ്.പി. | റെഡിമെയ്ഡ് |
| 4 | 7 | 177 | സരോജിനി | റൈസ് മിൽ |
| 5 | 7 | 201 | പി.കെ. നജീബ് | ഡിഷ് ടി.വി. റീചാർജ് |
| 6 | 7 | 252-2A | ഷംസുദ്ദീൻ | മൊബൈൽ ആക്സസറി |
| 7 | 7 | 263B | കെ.പി. നജ്മ | ഡെന്റൽ പ്രോഡക്ട് |
| 8 | 7 | 313F1 | സുലജ w/oദിലീപ് കുമാർ | തുണിക്കച്ചവടം |
| 9 | 7 | 313F6 | സമദ് നാലകത്ത് | ഇലക്ട്രിക്കൽ |
| 10 | 7 | 345F | പി. നാരായണൻ | ഇലക്ട്രിക്കൽ |
| 11 | 7 | 352F | മുഹമ്മദ് സഗീർ.ടി. | ട്രാവൽ ഏജൻസി |
| 12 | 7 | 377 | മൊയ്തു. | ടെക്സ്റ്റയിൽസ് |
| 13 | 7 | 518 | മുഹമ്മദ് ബഷീർ | ഫാർമസി |
| 14 | 7 | 529 | നൗഷാദ് ജമാൽ | ഫാർമസി |
| 15 | 7 | 582H,I,M,N | കുഞ്ഞീൻ. എം.പി. | ഹാർഡ് വെയർ |
| 16 | 7 | 614N | ഡോ. സിദ്ദിഖ് | ഡെന്റൽ ക്ലിനിക്ക് |
| 17 | 7 | 641Y(2)(Y)1 | മുഹമ്മദ് റാഫി | റെഡി മെയ്ഡ് |
| 18 | 7 | 528V | ഇബ്രാഹിംകുട്ടി | റെഡി മെയ്ഡ് |
| 19 | 7 | 2A/184 | ഇസ്മായിൽ s/o കുഞ്ഞീൻ | ഇലക്ട്രോണിക്സ് |
| 20 | 7 | 582 ST | മുഹമ്മദ് ജബ്ബാർ | ബുക്ക് സ്റ്റേഷനറി |
| 21 | 8 | 53 E | മുഹമ്മദലി. സി.പി. | ഫാർമസി |
| 22 | 8 | 53 F | മുഹമ്മദലി. സി.പി. | ഫാർമസി |
| 23 | 8 | 203 B | മുസ്തഫ.കെ. | റോസ്റ്റ് നട്സ് |
| 24 | 8 | 232 B | അബ്ദുൽ റഹിമാൻ. എം. | ഓട്ടോമൊബൈൽ |
| 25 | 8 | 232 EF | ഹാരിസ്. വി. | ടൈൽസ് |
| 26 | 8 | 233 E | സാബു. കെ. | ഫോർവീൽ |

| | | | | |
|---|---|---|---|---|
| | | | തോമസ്. | സർവ്വീസ് |
| 27 | 8 | 243 G | മുസ്തഫ. ടി. പി. | ഗാർമെന്റ്സ് |
| 28 | 8 | 273 | അസീസ്. കെ. | വർക്ക് ഷോപ്പ് |
| 29 | 8 | 284 A | മുസ്തഫ. കെ. | സ്വീറ്റ്സ് |
| 30 | 8 | 305 A | സൈതലവി. എം. | റൈസ് പൗഡർ |
| 31 | 8 | 408 | മൊയ്തീൻ. കെ. | റെഡിമെയ്ഡ് |
| 32 | 8 | 418 A to E | ശ്രീലാൽ.സി. | ഹോട്ടൽ |
| 33 | 8 | 515 N | അബ്ദുൽ മൻസൂർ.ടി.പി. | റെഡിമെയ്ഡ് |
| 34 | 9 | 2 B | മുഹമ്മദ് ബഷീർ. | ഡ്രൈവിംഗ് സ്കൂൾ |

മേൽ കെട്ടിട ഉടമകളൊന്നും 2018-19 വർഷത്തേക്ക് വേക്കൻസി റമിഷനായി അപേക്ഷ സമർപ്പിക്കാത്ത സാഹചര്യത്തിൽ മേൽ കെട്ടിടങ്ങളെല്ലാം തന്നെ പട്ടികയിൽ പരാമർശിച്ച പ്രകാരമുള്ള ലൈസൻസികൾ കൈവശം വെച്ചു പോരുന്നു എന്ന് വ്യക്തമാണ്. മേൽ കച്ചവടക്കാർ കച്ചവടം നിർത്തിയിട്ടുണ്ടെന്ന് ഫീൽഡ് വിസിറ്റ് നടത്തിയിട്ടുണ്ടോയെന്നും ലൈസൻസ് എടുക്കാതെ/പുതുക്കാതെ വ്യാപാര സ്ഥാപനങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനുള്ള ഒരു കർമ്മപരിപാടി നഗരസഭ ആസൂത്രണം ചെയ്യാത്തതെന്തുകൊണ്ടാണെന്നും ആരാഞ്ഞുകൊണ്ട് 32/2018-19 നമ്പർ പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയില്ല. ഡി ആൻറ് ഒ ലൈസൻസ് രജിസ്റ്ററിൽ ക്രമനമ്പർ ചേർക്കാതെയാണ് സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത്. ഇത് മൂലം ഓരോ വാർഡിലും എത്ര വീതം സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചുവെന്നും മുൻവർഷങ്ങളിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടുണ്ടോയെന്നും പരിശോധിക്കാനാവുന്നില്ല. വേക്കൻസി റെമിഷന് കെട്ടിട ഉടമകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് നൽകുന്നതിന് ആവശ്യമായ നടപടി നഗരസഭ ആവിഷ്കരിക്കേണ്ടതാണ്.

## 1-26 സ്വകാര്യ വണ്ടിത്താവളങ്ങളുടെ പ്രവർത്തനം ക്രമപ്രകാരമല്ല.

തിരൂർ നഗരസഭാപരിധിയിൽ 6 സ്വകാര്യ വണ്ടിത്താവളങ്ങൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പ്രവർത്തിക്കുന്നതായി ശ്രീ.പി.കോയ, കൗൺസിലറുടെ ചോദ്യത്തിനുള്ള മറുപടിയായി 31-08-2019 ലെ കൗൺസിൽ യോഗതീരുമാനം ക്രമനമ്പർ.1 പ്രകാരം ബഹു. ചെയർമാൻ അറിയിച്ചിട്ടുണ്ട്.

1. ജില്ലാ ആശുപത്രിക്ക് പിന്നിൽ (ബാസിത്)
2. തിരൂർ പോസ്റ്റാഫീസിനു സമീപം (തുറുവായിൽ)
3. ഫോർസാമോൾ
4. റെയിൽവേസ്റ്റേഷൻ ബൈപാസ്
5. സൻഹ പാർക്കിംഗ് റിംഗ് റോഡ്
6. ഗുഡ് ഷെഡ് റോഡ് പള്ളിക്ക് സമീപം

വണ്ടിത്താവള നടത്തിപ്പുകാർക്ക് മുനിസിപ്പാലിറ്റി നിയമം വകുപ്പ് 475 പ്രകാരം ലൈസൻസ് ഫീസ് ഏർപ്പെടുത്തുന്ന വിഷയം ധനകാര്യ സമിതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും കൗൺസിലറുടെ ചോദ്യത്തിനുള്ള മറുപടിയായി ബഹു. ചെയർമാൻ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ പരിധിയിൽ സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കണമെങ്കിൽ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 475 പ്രകാരമുള്ള ലൈസൻസ് നേടിയിരിക്കേണ്ടതും അതിനായി മുനിസിപ്പാലിറ്റി നിയമം വകുപ്പ് 475 (5) പ്രകാരമുള്ള ലൈസൻസ് ഫീസ് നഗരസഭയിൽ അടവാക്കേണ്ടതുമാണ്. എന്നാൽ മേൽ വണ്ടിത്താവളങ്ങൾ അനധികൃതമാണെന്ന് നഗരസഭയിൽ വ്യക്തമായിട്ടും നടത്തിപ്പുകാരെ ലൈസൻസ് എടുപ്പിക്കുന്നതിനോ അല്ലെങ്കിൽ അവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചതായോ ധനകാര്യസ്ഥിരംസമിതി ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ചതായോ ഫയലിൽ വ്യക്തമല്ല. തിരൂർ നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ വണ്ടിത്താവള നടത്തിപ്പുകാരിൽ നിന്നും നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ആരാഞ്ഞുകൊണ്ട് 20-11-2018 ലെ 25/2018-19 നമ്പർ പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നഗരസഭ മറുപടിയൊന്നും നൽകിയില്ല. കൂടുതൽ സ്വകാര്യ വണ്ടിത്താവളങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവ കണ്ടെത്തുന്നതിനും അനധികൃതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ സ്വകാര്യവണ്ടിത്താവളങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച തുടർ നടപടികളും ഈടാക്കിയ ലൈസൻസ് ഫീസിന്റെ വിശദമായ വിവരങ്ങളും ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-27 കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കാവുന്നതാണ്

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3(1) പ്രകാരം ആകെ പ്രവൃത്തിമൂല്യത്തിന്റെ 1% സെസ്സായി ബന്ധപ്പെട്ട വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. സെക്ഷൻ 3-3(3) അനുസരിച്ച് ഇപ്രകാരം ഒടുക്കുന്ന തുകയുടെ 1% ത്തിൽ കൂടാത്ത തുക കളക്ഷൻ ചാർജ്ജായി അതാത് തദ്ദേശ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ നഗരസഭ ഇപ്രകാരം കളക്ഷൻ ചാർജ്ജ് ഈടാക്കാതെ ക്ഷേമനിധിവിഹിതമിനത്തിൽ ഈടാക്കുന്ന മുഴുവൻ തുകയും വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കുകയാണ് ചെയ്യുന്നത്. തനത് ഫണ്ട് ദൗർലഭ്യം നേരിടുന്ന നഗരസഭക്ക് കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതമായി ഒടുക്കുന്ന തുകയുടെ 1% തുക കലക്ഷൻ ചാർജ്ജായി ഈടാക്കുന്നത് പരിഗണിക്കാവുന്നതാണ്. ഈ വിഷയം നഗരസഭ കൗൺസിലിന്റെ/ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-28 സർവ്വീസ് ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിൽ കാലതാമസം- പിഴയും പലിശയും അടവാക്കി -82123/- രൂപ നഷ്ടം

ഫയൽ നം. ആർ4-9707/07

സെൻട്രൽ ടാക്സ് & സെൻട്രൽ എക്സൈസ്, തിരൂർ റേഞ്ച് സൂപ്രണ്ടിന്റെ 15.01.2018 ലെ OC No 020/2018 കത്ത് പ്രകാരം 2012-13 വർഷത്തിലെ സർവ്വീസ് ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലതാമസം നേരിട്ടതിന്റെ പിഴയായി 46,600 രൂപയും, 2012-13 വർഷത്തിൽ മൺണ്ടപ് കീപ്പറിന്റെ സർവ്വീസ് ടാക്സ് അടവാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ പിഴപ്പലിശയായി 20 രൂപയും, 2012-13 വർഷത്തിൽ റെന്റിംഗ് ഓഫ് ഇമ്മൂവബിൾ പ്രോപ്പർട്ടിയുടെ സർവ്വീസ് ടാക്സ് അടവാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ പിഴപ്പലിശയായി 2,441 രൂപയും ഉൾപ്പെടെ ആകെ 49,061 രൂപ വൗച്ചർ നം 31800037/03.05.2018 ( ചെക്ക് നം. 40829/03.05.2018 )പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 67310349010 അക്കൗണ്ടിലേക്ക് അടവാക്കി.

സെൻട്രൽ ടാക്സ് & സെൻട്രൽ എക്സൈസ്, തിരൂർ റേഞ്ച് സൂപ്രണ്ടിന്റെ 16.05.2018 ലെ OC No 157/2018 കത്ത് പ്രകാരം 2011-12, 2013-14, 2014-15, 2015-16, 2016-17 വർഷങ്ങളിൽ സർവ്വീസ് ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലതാമസം നേരിട്ടതിന് പിഴയായി 19,000 രൂപയും, മൺണ്ടപ് കീപ്പറിന്റെ സർവ്വീസ് ടാക്സ് അടവാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ പിഴപ്പലിശയായി 379 രൂപയും, റെന്റിംഗ് ഓഫ് ഇമ്മൂവബിൾ പ്രോപ്പർട്ടിയുടെ സർവ്വീസ് ടാക്സ് അടവാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ പിഴപ്പലിശയായി 13,683 രൂപയും ഉൾപ്പെടെ ആകെ 33062 രൂപ വൗച്ചർ നം 318000244/27.10.2018 (ചെക്ക് നം. 247563/03.05.2018) പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 67310349010 അക്കൗണ്ടിലേക്ക് അടവാക്കി.

ഫയൽ പരിശോധിച്ചതിൽ 2012-13 വർഷത്തിൽ സർവ്വീസ് ടാക്സ് യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാരിൽ നിന്നും ടി തുക (49061) ഈടാക്കുന്നതിന് 23.01.2018ൽ സെക്രട്ടറി കുറിപ്പ് എഴുതിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി തുക നഗരസഭാ ഫണ്ടിൽ നിന്നും അടവാക്കി. എന്നാൽ ജീവനക്കാരിൽ നിന്നും ഈടാക്കിയ തുക, ഈടാക്കാൻ സ്വീകരിച്ച തുടർ നടപടികൾ എന്നിവ ഫയലിൽ ലഭ്യമല്ല.

11.10.2018 ൽ നഗരസഭാ ചെയർമാൻ 2011-12 മുതൽ 2016-17 വരെ (2012-13 വർഷം ഒഴികെ) യുള്ള വർഷങ്ങളിലെ സർവ്വീസ് ടാകസിനത്തിലെ പിഴയും പലിശയും അടവാക്കുന്നതിന് മുൻകർ അനുമതിയും ആയത് ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനും അനുമതി നൽകി. 09.11.2018 ലെ 8ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ചെയർമാന്റെ മുൻകൂർ അനുമതി നഗരസഭ കൗൺസിൽ അംഗീകരിച്ചു.

25.01.2019ലെ 21ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം സർവ്വീസ് ടാക്സിനത്തിൽ പിഴയായും പലിശയായും നഗരസഭാ ഫണ്ടിൽ നിന്നും അടവാക്കിയ തുക ബന്ധപ്പെട്ട എല്ലാ ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ചു.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിൽ ആർ4 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ചുവടെ കൊടുക്കുന്ന ജീവനക്കാർക്ക് ബാദ്ധ്യത തുക നിജപ്പെടുത്തി 05.09.2018 ലെ ആർ4-9707/07 നമ്പർ കത്ത് പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി

| ക്രമ.നം. | പേര് | തസ്തിക | കാലയളവ് | ബാദ്ധ്യതാ തുക |
|---|---|---|---|---|
| 1 | ശ്രീ.പി.വി. അരുൺകുമാർ | സീനിയർ ക്ലർക്ക് | 01-04-2011 മുതൽ 19.04.2011 വരെ | 1754 |
| 2 | ശ്രീമതി.കൗസു | സീനിയർ ക്ലർക്ക് (റിട്ടയേർഡ്) | 20-04-2011 മുതൽ 14.12.2012 വരെ | 1754 |
| 3 | ശ്രീ.ഷൈജു.ജി. | സീനിയർ ക്ലർക്ക് | 15-12-2012 മുതൽ 24.06.2015 വരെ | 31933 |
| 4 | ശ്രീ.വി.കെ.ശശികുമാർ | സീനിയർ | 25-06-2015 | 1537 |

| | | | | |
|---|---|---|---|---|
| | | ക്ലർക്ക് | മുതൽ 08.07.2015വരെ | |
| 5 | ശ്രീമതി.ഡാലിമോൾ.ജെ. | സീനിയർ ക്ലർക്ക് | 08-07-2015 മുതൽ 23.07.2016 വരെ | 2666 |
| 6 | ശ്രീ.മുഹമ്മദ് നിഷാദ്.സി.കെ | ക്ലർക്ക് | 24-07-2016 മുതൽ 10.08.2016 വരെ | 1129 |
| 7 | ശ്രീ.സുരേഷ് ബാബു.കെ. | സീനിയർ ക്ലർക്ക് | 10-08-2016 മുതൽ 04.05.2017 വരെ | 1129 |
| | | | | ആകെ-41902 |

കാരണം കാണിക്കൽ നോട്ടീസിന് മേൽ ക്രമനമ്പർ 1, 3, 5, 6 എന്നിവർ മനപൂർവ്വം നഗരസഭയക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിട്ടില്ലന്നും തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നമാണ് മറുപടി നൽകിയത്.എന്നാൽ മേൽ ജീവനക്കാരുടെ മറുപടികൾ പരിഗണിക്കാതെ നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം മേൽ ജീവനക്കാരിൽ നിന്നും ഈടക്കാനാണ് കൗൺസിൽ തീരുമാനിച്ചത്.

2011-12 മുതൽ 2016-17 വരെ സർവ്വീസ് ടാക്സിനത്തിൽ പിഴയായും പലിശയായും നഗരസഭാ ഫണ്ടിൽ നിന്നും മുകളിൽ ചേർത്ത പ്രകാരം 82123 രൂപ അടവാക്കിയിട്ടുണ്ട്. മേൽ വിവരിച്ച പ്രകാരം മൊത്തം തുകയും ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിലും 41902/- രൂപക്കുള്ള ഉത്തരവാദികളെ മാത്രമാണ് കണ്ടെത്തി നോട്ടീസ് നൽകിയിട്ടുള്ളത്. ആയതിൽ തന്നെ റിക്കവറി നടപടി ആരംഭിച്ചിട്ടില്ല. അവശേഷിക്കുന്ന 40,221 രൂപക്കുള്ള (82,123-41,902) ഉത്തരവാദികളെ കണ്ടെത്താനോ കാരണം കാണിക്കൽ നോട്ടീസ് നൽകാനോ സെക്രട്ടറി ശ്രമിച്ചിട്ടില്ല. കൗൺസിൽ തീരുമാനം നടപ്പാക്കാത്തത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു. സമയബന്ധിതമായ നടപടിക്രമങ്ങളിലൂടെ ആയത് ഈടാക്കാനായില്ലെങ്കിൽ നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കേണ്ടതാണ്.

നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളായവരിൽ നിന്നും ഈടാക്കാൻ തീരുമാനിച്ചെങ്കിലും ഈടാക്കാത്ത സാഹചര്യം സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് 30.09.2019ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/2018-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭാ ഫണ്ടിനുണ്ടായ 82123/-രൂപയുടെ നഷ്ടം ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 ദിവസ വേതന ജീവനക്കാരുടെ ഇ.പി.എഫ്. അടവാക്കുന്നതിൽ കാലതാമസം -പിഴ പലിശ അടവാക്കി - ₹4213/- നഷ്ടം

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് സ്കീം 1952 പ്രകാരം ജീവനക്കാരുടെ ഇ.പി.എഫ് വിഹിതം ഓരോ മാസവും 15 ദിവസത്തിനുള്ളിൽ അടവാക്കേണ്ടതാണ്. അടവാക്കുന്നതിൽ വീഴ്ച സംഭവിച്ചാൽ സെക്ഷൻ 32എ പ്രകാരം പിഴയും പലിശയും അടവാക്കേണ്ടതാണ്.

അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ 08.06.2018 ലെ KR/KKD/0028833/000/Enf503/Damages /Enf-3(3)/2018/1925 നമ്പർ കത്ത് പ്രകാരം 01.12.2015 മുതൽ 30.04.2018 വരെയുള്ള കാലയളവിൽ നഗരസഭയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ ഇ.പി.എഫ് വിഹിതവും നഗരസഭാ വിഹിതവും, ഇ.ഡി.എൽ.ഐ &അഡ്മിനിസ്ട്രേഷൻ ചാർജ്ജും ഉൾപ്പെടെയുള്ള സംഖ്യ അടവാക്കുന്നതിൽ കാലതാമസം നേരിട്ടുള്ളതിനാൽ Damages & interest ഇനത്തിൽ ആകെ 4213 രൂപ അടവാക്കാൻ ആവശ്യപ്പെട്ടു (Damages= 1240, interest= 2973). മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇ.പി.എഫ്. സൈറ്റ് പരിശോധിച്ച് കുടിശ്ശികയായി കാണിച്ച 4/17 മുതൽ 11/17വരെയുള്ള കാലയളവിലെ ഡാമേജ് ഇനത്തിൽ അടവാക്കേണ്ട തുക 599/- രൂപ വൗച്ചർ നം. 3180015/29.06.2018 (ചെക്ക് നം. 40908/29.06.2018) പ്രകാരം ചെലാൻ തയ്യാറാക്കി നഗരസഭ ഇ-പെയ്മെന്റ് നടത്തി. (ഇ.പി.എഫ് അക്കൗണ്ട് SBI 67327417799)

അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ 30.07.2018 ലെ KR/KKD/0028833/000/Enf503/Damages /Enf-3(3)/2018/3433 നമ്പർ കത്ത് പ്രകാരം Damages & interest ഇനത്തിൽ അടവാക്കാൻ ബാക്കിയുള്ള 3614 രൂപ (4213-599) അടവാക്കാൻ ആവശ്യപ്പെട്ടു. ആയത് പ്രകാരം വൗച്ചർ നം. 218000434/09.08.2018 (ചെക്ക് നം. 247444/09.08.2018) പ്രകാരം 3,614/- രൂപയുടെ ഡി.ഡി. (നം.349584/14.08.2018) നഗരസഭ അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് കമ്മീഷണർക്ക് നൽകി. പിഴപ്പലിശ അടവാക്കിയതിൽ നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം സംബന്ധിച്ച് സെക്രട്ടറി കുറിപ്പ് തയ്യാറാക്കുകയോ വിഷയം കൗൺസിലിന്റെ/ചെയർമാന്റെ മുമ്പിൽ കൊണ്ടുവന്നതായോ കാണുന്നില്ല. മറിച്ച് യാതൊരുവിധ അനുമതിയും കൂടാതെ നഗരസഭാ ഫണ്ടിൽ നിന്ന് തുക അടവാക്കുകയാണ് ചെയ്തു കാണുന്നത്.

ഇ.പി.എഫ് വിഹിതം യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുത്തി നഗരസഭ ഫണ്ടിനുണ്ടായ നഷ്ടത്തിനും കൗൺസിലിന്റെ അനുമതി കൂടാതെ തുക ചെലവഴിച്ചതിനുമുള്ള വിശദീകരണം ആവശ്യപ്പെട്ട് 30.09.2019ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/2018-19 ന് നൽകിയ മറുപടിയിൽ 2016 ഡിസംബർ മാസത്തിൽ ഇ-പെയ്മെന്റ്

ചെയ്യുന്നതിന് കാലതാമസം വന്നത് ഇ.പി.എഫ്.ഒ.യുടെ വെബ് സൈറ്റ് ഹാങ്ങായതിനാലും നിലവിലുള്ള വേർഷൻ മാറ്റുന്നതിലുമാണ് സംഭവിച്ചതെന്നും ബാക്കിയുള്ള മാസങ്ങളിൽ ഇ-പെയ്മെന്റ് ചെയ്യുന്നതിന് കാലതാമസം നേരിട്ടതിന്റെ പിഴ ടി കാലങ്ങളിൽ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നുമാണ് മറുപടി നൽകിയത്. പിഴ തുക സമയബന്ധിതമായി ഒടുക്കാതിരുന്നാൽ പിഴ തുക വർദ്ധിക്കുന്ന സാഹചര്യമുണ്ടായതിനാലാണ് തനതുഫണ്ടിൽ നിന്നും പിഴ ഒടുക്കേണ്ടി വന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. നഗരസഭയിലെ ഭരണതല സ്ഥാപനങ്ങളുടെ അനുമതിയില്ലാത്തതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. മാത്രമല്ല, ഇത്തരത്തിൽ വെബ് സൈറ്റിൽ വന്ന ബുദ്ധിമുട്ട് പി.എഫ്. അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പിഴപ്പലിശ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് പകരം തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കാൻ ഉത്തരവിട്ട നടപടി അംഗീകരിക്കുന്നില്ല. നഗരസഭ ഫണ്ടിനുണ്ടായ 4213/- രൂപയുടെ നഷ്ടം ഉത്തരവാദികളായവരിൽ നിന്നും ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 നഗരസഭ സെക്രട്ടറിക്ക് ശമ്പളം, അലവൻസ് ഇനത്തിൽ അനുവദിക്കുന്ന തുക സംസ്ഥാന ഫണ്ടിലേക്ക് അടവാക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് 1994 സെക്ഷൻ48(3) പ്രകാരം സർക്കാർ അതതു സമയം നിശ്ചയിക്കുന്ന പ്രകാരം സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും ഒന്നാമതായി സംസ്ഥാന ഫണ്ടിൽ നിന്നും കൊടുക്കേണ്ടതാണ്. സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളിടത്തോളം ഉള്ള അംശാദായങ്ങളും മുനിസിപ്പാലിറ്റി സംസ്ഥാന ഫണ്ടിലേക്ക് മാസം തോറും അടക്കേണ്ടതാണ്.

തിരൂർ നഗരസഭയിലെ സെക്രട്ടറിയുടെ ശമ്പളം, അലവൻസ് ഇനത്തിൽ കൈപ്പറ്റിയിരുന്ന തുക അവസാനമായി സംസ്ഥാന ഫണ്ടിലേക്ക് തിരിച്ചടവാക്കിയത് 2016 മാർച്ചിലാണ്. (വൗച്ചർ നമ്പർ. 41500491- 3,04,374/- രൂപ (11/15 മുതൽ 3/16 വരെ ശമ്പളയിനത്തിൽ അനുവദിച്ച തുകയിലേക്ക്) ആയതിനുശേഷം സെക്രട്ടറിയുടെ ശമ്പളയിനത്തിൽ കൈപ്പറ്റിയ തുകയിലേക്കായി സംസ്ഥാന ഫണ്ടിലേക്ക് യാതൊരു തുകയും അടവാക്കിയിട്ടില്ല. ഈ ഇനത്തിൽ 31.03.2019 വരെ സഞ്ചിത നിധിയിൽ നിന്നും അനുവദിച്ച തുക/അടവ് വിവരം കണക്കാക്കുന്നതിനായി പേ ബിൽ രജിസ്റ്റർ / ഫയൽ നഗരസഭയോട് ഹാജരാക്കാൻ ആവശ്യപ്പെട്ട് 29.02.2020 ന്. ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും ഫയൽ /രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. സെക്രട്ടറി ഈ ഇനത്തിൽ 4/2016 മുതൽ 3/2019 വരെ കൈപ്പറ്റിയ തുക ട്രഷറി ബിൽ ബുക്ക് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 31,55,119 രൂപയാണെന്ന് കാണുന്നു.

| സാമ്പത്തിക വർഷം | സെക്രട്ടറിശമ്പളം, അലവൻസ് ഇനത്തിൽ കൈപ്പറ്റിയ തുക |
|---|---|
| 2016-17 | 6,68,314 |
| 2017-18 | 15,79,113 |
| 2018-19 | 9,07,692 |
| ആകെ | 31,55,119 |

മേൽ തുക യഥാസമയം സംസ്ഥാന ഫണ്ടിലേക്ക് അടവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ-₹2,32,09,646/-കുടിശ്ശിക അവശേഷിക്കുന്നു.

പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ സംബന്ധിച്ച് 30.05.2009 ലെ സ.ഉ.(സാധാരണ)നം.1275/2009/ത.സ്വ.ഭ.വ. (കുടിവെള്ള വിതരണം കാര്യക്ഷമമാക്കൽ-പരിഷ്കരിച്ച മാർഗ്ഗരേഖ), 23.06.2006 ലെ സ.ഉ.(സാധാരണ)നം. 1501/2006/ത.സ്വ.ഭ.വ പദ്ധതി മാർഗ്ഗരേഖ എന്നിവ പ്രകാരം സർക്കാര് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.
പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ സംബന്ധിച്ച പി.ഡബ്ല്യു2/6140/01, പി.ഡബ്ല്യു2/20012/18 എന്നീ ഫയലുകൾ പരിശോധിച്ചതിൽ, പൊതുടാപ്പുകളുടെ സംയുക്ത പരിശോധന 2012ലാണ് അവസാനമായി നടത്തിയിട്ടുള്ളതെന്നു കാണുന്നു. നഗരസഭയും കേരള ജല അതോറിറ്റി അധികൃതരും ചേർന്ന് 02.02.2012 മുതൽ 13.03.2012 വരെയുള്ള തിയ്യതികളിൽ നടത്തിയ മേൽ സംയുക്ത പരിശോധയിൽ നഗരസഭയിലെ ആകെ 405 പൊതു ടാപ്പുകളിൽ 146 എണ്ണം പ്രവർത്തനരഹിതവും 259 എണ്ണം പ്രവർത്തനക്ഷമമാണെന്നും കണ്ടെത്തി. 9.04.2012 ലെ 2ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം സംയുക്ത പരിശോധനയിൽ കണ്ടെത്തിയ പ്രവർത്തനരഹിതമായ 146 പൊതുടാപ്പുകൾ നിർത്തലാക്കാനും കൂടാതെ വാർഡ് കൗൺസിലർമാർ നിർദ്ദേശിക്കുന്ന പൊതുജനങ്ങൾക്ക് ഉപകാരപ്രദമല്ലാത്ത ടാപ്പുകൾ ഉണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനും 146 പൊതുടാപ്പുകൾ ഒഴിവാക്കിക്കൊണ്ട് ബിൽ പുനക്രമീകരിക്കുന്നതിനും കുടിശ്ശിക പുനർനിശ്ചയിക്കുന്നതിനും ഒഴിവാക്കേണ്ട ടാപ്പുകളുടെ ലിസ്റ്റ് സഹിതം ജല അതോറിറ്റിക്ക് കത്ത് നൽകുന്നതിനും തീരുമാനിച്ചു. എന്നാൽ ബിൽ ക്രമീകരിക്കാൻ ആവശ്യപ്പെട്ട് പി.ഡബ്ല്യു2/6140/01 നമ്പറിൽ 21.06.2012, 20.09.2012, 25.10.2012 എന്നീ തിയ്യതികളിൽ ജല അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും ആയതിനുള്ള മറുപടി നൽകിയിരിക്കുന്നത് 3.3.2016 ലെ എബി-3-1304/04വോള്യം7 പ്രകാരമാണ്. മേൽ മറുപടി പ്രകാരം 146 ൽ 141 എണ്ണം ഡിസ്കണക്ട് ചെയ്തെന്നും 5 എണ്ണം പരിസരവാസികളുടെ എതിർപ്പ് മൂലം വിച്ഛേദിക്കാൻ സാധിച്ചില്ല എന്നും അറിയിച്ചു. ജനുവരി 2016 മുതൽ 264 ടാപ്പുകൾക്ക് വെള്ളക്കരം ഈടാക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് അതോറിറ്റി അയക്കുന്നതായു കാണുന്നു. 01.11.2017 മുതൽ 263 ടാപ്പുകളായി കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ സംയുക്ത പരിശോധനയിൽ പ്രവർത്തനരഹിതമായി കണ്ടെത്തിയ 5 ടാപ്പുകൾ തുടർന്നും

നിലനിർത്തി വാടക ഡിമാന്റ് ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമല്ല. മാത്രമല്ല, സംയുക്ത പരിശോധന കഴിഞ്ഞ് (3/2012)വർഷങ്ങൾ കഴിഞ്ഞാണ് (3/2016)പ്രവർത്തനരഹിതമായ 141 ടാപ്പുകളുടെ വാടക ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. മേൽ 141 ടാപ്പുകൾ യഥാസമയം ഡിമാന്റിൽ നിന്നും ഒഴിവാക്കാത്തതിനാൽ വെള്ളക്കരയിനത്തിലും പിഴപ്പലിശയിനത്തിലും ചുവടെ ചേർത്ത പ്രകാരമുള്ള ഏറ്റവും കുറഞ്ഞ അധിക ബാദ്ധ്യത നഗരസഭയ്ക്കുണ്ടായിട്ടുണ്ട്.

04/2012 മുതൽ 09/2014 വരെ പ്രതിമാസം 438 രൂപ നിരക്കിൽ 141 ടാപ്പുകൾക്ക് - 18,52,740/-രൂപ
(141X438X30=18,52,740)
10/2014 മുതൽ 12/2015 വരെ പ്രതിമാസം 657രൂപ നിരക്കിൽ 141 ടാപ്പുകൾക്ക് - 13,89,555/-രൂപ
(141X657X15=13,89,555)

ആകെ – 32,42,295/-രൂപ

സംയുക്ത പരിശോധനയ്ക്ക് ശേഷം മുകളിൽ ചേർത്ത പ്രകാരം ഉൾപ്പെട്ട 32,42,295/-രൂപയും പിഴപ്പലിശയും ഒഴിവാക്കി ബിൽ പുനക്രമീകരിക്കാൻ നഗരസഭ നിരന്തരം ആവശ്യപ്പെട്ടെങ്കിലും നാളിതുവരേയായും ബില്ല് പുനക്രമീകരിച്ചിട്ടില്ല. 06/2012ലെ സംയുക്ത പരിശോധനക്ക് ശേഷം 12/2017 വരെയും ഈ വിഷയത്തിൽ യാതൊരു പരിശോധനയും ഉണ്ടായിട്ടുമില്ല.

16.01.2018ലെ കൗൺസിലിന്റെ 1ാം തീരുമാനപ്രകാരം സംയുക്ത പരിശോധന നടത്താൻ കേരള ജല അതോറിറ്റിയോട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. 06.02.2018 ലെ പി.ഡബ്ല്യൂ2-6140/01 വോള്യം നമ്പർ കത്ത് പ്രകാരം സംയുക്ത പരിശോധന നടത്താനും, 2012ലെ സംയുക്ത പരിശോധന റിപ്പോർട്ട് ഒപ്പ് വെക്കാനും, തെറ്റായ ബിൽ ഒഴിവാക്കി ബിൽ തുക ക്രമീകരിക്കാനും തീരുമാനിച്ചു. 2012ലെ സംയുക്ത പരിശോധനയ്ക്ക് ശേഷമുള്ള പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും വേനൽ കാലത്ത് പമ്പിംഗ് നടക്കുന്ന സമയത്ത് നഗരസഭ പൊതുജനങ്ങൾക്ക് കുടിവെള്ളം നൽകിയ തുക കൂടി ബില്ലിൽ ഉൾപ്പെട്ടതിനാൽ ആയത് കുറച്ചും ടാപ്പുകളുടെ കൃത്യത ഉറപ്പ് വരുത്തിയും പുതിയ ബിൽ അടിസ്ഥാനത്തിലുള്ള തുക തിട്ടപ്പെടുത്തി നഗരസഭയിലേക്ക് അയക്കുന്നതിനും വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടെങ്കിലും ആയതിൻമേൽ തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. മുകളിൽ കണക്കാക്കിയ പ്രകാരം ഡിമാന്റിൽ അധികമായി ഉൾപ്പെട്ട 32,42,295/-രൂപയ്ക്ക് പുറമെ വേനൽ കാലത്ത് പമ്പിംഗ് നടത്തിയതുമായി ബന്ധപ്പെട്ട ബിൽ തുക കൂടി പരിഗണിച്ചാൽ വാട്ടർ അതോറിറ്റി കണക്കാക്കിയ ബിൽ തുകയിൽ ഏറ്റവും കുറഞ്ഞത് 40 ലക്ഷത്തോളം രൂപയും ആയതിനുള്ള പിഴപ്പലിശയും ഉണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

ഫയൽ പരിശോധിച്ചതിൽ 2012ലെ സംയുക്ത പരിശോധന റിപ്പോർട്ട് ഒപ്പ് വെച്ചിട്ടില്ല എന്നു കാണുന്നു. ഒപ്പു വെക്കാത്ത മേൽ റിപ്പോർട്ടിന് നിയമപരിരക്ഷയില്ല എന്ന മാത്രമല്ല 2012 ലെ മേൽ റിപ്പോർട്ട് ഒപ്പു വെക്കുന്നതിനും ബിൽ തുക ക്രമീകരിക്കുന്നതിനും 6 വർഷങ്ങൾക്കുശേഷം 2018 ലാണ് ഏതെങ്കിലും തരത്തിലുള്ള നടപടി നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായത് എന്നത് പൊതുപണം ചെലവഴിക്കുന്നതിൽ ആവശ്യമായ സൂക്ഷ്മതയും ജാഗ്രതയും നഗരസഭയുടെ ഭാഗത്തു നിന്നുണ്ടാകുന്നില്ല എന്ന് വ്യക്തമാക്കുന്നു.

2012 ലെ സംയുക്ത പരിശോധനയ്ക്ക് ശേഷം തുടർന്നുള്ള വർഷങ്ങളിൽ നഗരസഭയുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് വ്യക്തിഗത ശുദ്ധജല ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ പൊതു ടാപ്പുകൾ ഒഴിവാക്കിയതായി കാണുന്നില്ല. എന്നുമാത്രമല്ല 2012ലെ മേൽ റിപ്പോർട്ടിന്റെ നിലവിലെ സ്ഥിതി/പുരോഗതി പരിശോധിക്കാനും പുതിയ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നിർദ്ദേശം കൗൺസിലിന്റെ പരിഗണനക്ക് നൽകുന്നതിന് 6 വർഷമെടുത്തുവെന്നത് തീരെ ക്രമത്തിലല്ല.

നഗരസഭാറോഡ് കട്ടിംഗ് റെസ്റ്റൊറേഷൻ ഇനത്തിൽ ഫയൽ നം. പി.ഡബ്ല്യൂ2-19735/15 പ്രകാരം 5,82,543/- രൂപയും (തിരൂർ താഴെപ്പാലം ക്രസ്ത്യൻ ചർച്ച് മുതൽ ബി.എസ്.എൻ.എൽ റോഡ് വഴി ജല അതോറിറ്റി കോമ്പൗണ്ട് വരെയുള്ള നഗരസഭാ റോഡ്), ഫയൽ നം. പി.ഡബ്ല്യൂ2-9989/18 പ്രകാരം 8,04,025/- രൂപയും ( നഗരസഭയുടെ ജില്ലാ ആശുപത്രി റോഡിന്റെ ജല അതോറിറ്റി കോമ്പൗണ്ട് മുതൽ സിറ്റി ജംഗ്ഷൻ വരെ)ജല അതോറിറ്റി നഗരസഭയ്ക്ക് അടവാക്കേണ്ടതുണ്ട്. ആയത് ജല അതോറിറ്റി അടവാക്കിയതായോ വാട്ടർചാർജിനത്തിൽ കുറവ് വരുത്തിയതായോ കാണുന്നില്ല.

പൊതുടാപ്പുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും ടാപ്പുകളെ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനും വിവരം വാട്ടർ അതോറിറ്റിയെ അറിയിക്കുന്നതിനും പരാതി പരിഹരിച്ച വിവരം രേഖപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുള്ള രജിസ്റ്റർ നഗരസഭ സൂക്ഷിക്കുന്നില്ല.

01/2012 വരെ വാട്ടർ ചാർജിനത്തിൽ അതോറിറ്റിക്ക് കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്നില്ല. എന്നാൽ വാട്ടർ അതോറിറ്റിയുടെ എല്ലാ മാസത്തേയും ഡിമാന്റ് നോട്ടീസിൽ 02/2009 മുതൽ വെള്ളക്കരം അടവാക്കാത്തതിനാൽ 2% പിഴ ഉൾപ്പെടുകയും ആയത് 01/2012 വരെയും നഗരസഭ അടവാക്കി വരികയും ചെയ്തിരുന്നു.പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്ക് വാടക അടവാക്കുന്നതിനു പുറമെ തെറ്റായി പിഴപ്പലിശയിനത്തിലും നഗരസഭ 01/2012 വരെ വാട്ടർ അതോറിറ്റിക്ക് തുക ഒടുക്കിയിരുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണ്. 12/2019 ലെ വെള്ളക്കര ഡിമാന്റ് നോട്ടീസിൽ പിഴയിനത്തിൽ 2,91,107/- രൂപ അടവാക്കാനുണ്ട്. കുടിശ്ശികയില്ലാതെ പിഴ ഡിമാന്റ് ചെയ്തത് സംബന്ധിച്ച് ജല അതോറിറ്റിയുമായി നടത്തിയ കത്തിടപാടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും നഗരസഭ ഹാജരാക്കുകയുണ്ടായില്ല.

മേൽ മാർഗ്ഗരേഖ പ്രകാരം ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നല്കുന്നുള്ളുവെന്ന് ഉറപ്പ് വരുത്താനും നഗരസഭ ജലം ലഭ്യമാക്കുന്ന എല്ലാ ടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ നാളിതുവരെ നഗരസഭ

സ്വീകരിച്ചിട്ടില്ല.

വെള്ളക്കരം ഡിമാന്റ്, അടവ്,അഡ്ജസ്റ്റ്മെന്റ്,കുടിശ്ശിക എന്നീ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ജല അതോറിറ്റിയുടെ 01.12.2019 ലെ എബി2-1304/04വോള്യം3 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 01.12.2019 ന് 2,32,09,646/- രൂപ വെള്ളക്കരയിനത്തിൽ കുടിശ്ശികയുണ്ട്. നഗരസഭയുടെ കണക്ക് പ്രകാരം വെള്ളക്കരയിനത്തിലെ കുടിശ്ശിക എത്രയാണെന്ന വിവരം ഫയലിൽ ലഭ്യമല്ല..

മേൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി 28.01.2019ന് നൽകിയ ഓഡിറ്റ് എൻക്വയറി 48/2018-19ന് മറുപടി/രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ വിഷയം മരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലകളിൽ ഉൾപ്പെട്ടതാണെങ്കിലും മേൽ കമ്മറ്റി ഈ വിഷയത്തിൽ യാതൊരു തുടർ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

വെള്ളക്കരയിനത്തിലെ ഭീമമായ കുടിശ്ശിക നഗരസഭയ്ക്ക് വൻ ബാദ്ധ്യതയായിട്ടുണ്ട്. ആയത് യഥാർത്ഥത്തിൽ അടവാക്കേണ്ട തുകയെല്ലങ്കിലും സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലും ഗ്രാന്റിൽ നിന്നും ഈടാക്കിയ തുക, റെസ്റ്ററേഷൻ ചാർജിനത്തിലെ തുക എന്നിവ ക്രമീകരിച്ചും ബിൽ പുനക്രമീകരിക്കുന്നതിനും കാലികമായി സംയുക്ത പരിശോധന നടത്തി ഉപയോഗപ്രദമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം അടവാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. മേൽ അപാകതകൾ പരിഹരിച്ച് വിശദമായ മറുപടി ഹാജരാക്കേണ്ടതാണ്.

## 1-32 തെരുവുവിളക്കുകളുടെ ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ്-രേഖകൾ ലഭ്യമാക്കിയില്ല - 29,33,075/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള കരാർ പ്രകാരം തെരുവുവിളക്കുകളുടെ തകരാർ പരിഹരിച്ചതിന് കരാറുകാരന് തുക നൽകുന്നതിനായി 2018-19 വർഷം നഗരസഭ രണ്ടു പ്രോജക്ടുകളിലായി ചുവടെ ചേർക്കും പ്രകാരം 29,33,075 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

**1.** തെരുവു വിളക്കുകളുടെ മെയിന്റനൻസ് - 2017-18 (സ്പിൽ ഓവർ)

പ്രോജക്ട് നമ്പർ : 182/19

ഫയൽ നമ്പർ : പി.ഡബ്ളിയു.1-20975/17

അടങ്കൽ : 16,02,142/- രൂപ ( ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 16,02,142/- രൂപ

| ക്രമ നമ്പർ | ബിൽ നമ്പർ | ചെലവ് |
|---|---|---|
| 1 | 50/18-19, 18-07-2018 | 795280 രൂപ |
| 2 | 105/18-19, 15-10-2018 | 806862 രൂപ |
| ആകെ | | 1602142 രൂപ |

**2.** തെരുവ് വിളക്കുകളുടെ മെയിന്റനൻസ് 2018-19

പ്രോജക്ട് നമ്പർ : 134/19

ഫയൽ നമ്പർ : പി.ഡബ്ളിയു.1-19107/18

അടങ്കൽ : 30,00,000/- രൂപ ( ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 13,30,933/- രൂപ

| ക്രമ നമ്പർ | ബിൽ നമ്പർ | ചെലവ് |
|---|---|---|

| | | |
|---|---|---|
| 1 | 44/18-19, 22-01-2019 | 792514 രൂപ |
| 2 | 93/18-19, 26-03-2019 | 538419 രൂപ |
| ആകെ | | 1330933 രൂപ |

2017-18, 2018-19 വർഷങ്ങളിലെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് പ്രകാരമാണ് തുക നൽകിയിരിക്കുന്നത്. രണ്ടു വർഷങ്ങളിലും *ഇറാൻ അസോസിയേറ്റസ്, തിരൂർ* എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയിരിക്കുന്നത്. 2017-18 വർഷം 28,18,225/- രൂപക്കും 2018-19 വർഷം 29,82,140/- രൂപക്കുമാണ് കരാർ നൽകിയിട്ടുള്ളത്. മേൽ പ്രോജക്ടുകളുടെ ഫയലുകൾ/ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

**1.** തെരുവ് വിളക്ക് രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 28/2018-19, തീയതി 02-12-2019) മറുപടിയും നൽകിയിട്ടില്ല.

**2.** ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിൽ ഉൾപ്പെട്ട തെരുവ് വിളക്കുകളുടെയും മറ്റു ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കിയതിന് അടിസ്ഥാനമാക്കിയ രേഖ എന്തെന്ന് വ്യക്തമല്ല.

**3.** ഗ്യാരണ്ടി കാലാവധി കഴിയാത്ത തെരുവ് വിളക്കുകൾ/ഇലക്ട്രിക്കൽ ഉപകരണങ്ങൾ ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിൽ ഉൾപ്പെട്ടിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

**4.** കരാർ വ്യവസ്ഥ 8-ൽ അനുശാസിക്കും പ്രകാരമുള്ള പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പരാതി പരിഹരിച്ചതിന്റെ വിവരങ്ങളൊന്നും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തെരുവ് വിളക്കുകളുടെ തകരാർ യഥാസമയം പരിഹരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

**5.** കരാർ വ്യവസ്ഥപ്രകാരം സ്പെയർ പാർട്സുകൾ മാറ്റുന്ന ചുമതലയും കരാറുകാരനാണ്. ഐ.എസ്.ഐ മാർക്കുള്ള സ്പെയർ പാർട്സുകളാണ് ഉപയോഗിക്കേണ്ടത് എന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കരാർ കാലാവധിക്കുള്ളിൽ ഏതൊക്കെ സ്പെയർ പാർട്സുകൾ മാറ്റിയിട്ടുണ്ടെന്നും അവയൊക്കെ ഐ.എസ്.ഐ മാർക്കുള്ളവയാണെന്നും തെളിയിക്കുന്ന യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല.

**6.** തെരുവ് വിളക്കുകളുടെ തകരാറുകൾ യഥാസമയം പരിഹരിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ നഗരസഭ പരിശോധന നടത്തുന്നുണ്ടെന്ന് തെളിയിക്കുന്ന രേഖയും ലഭ്യമാക്കിയിട്ടില്ല.

**7.** പ്രോജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് മറുപടി/രേഖകൾ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 28/2018-19, തീയതി, 02-12-2019)നഗരസഭ മറുപടി നൽകിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുന്നതിനായി രണ്ട് പ്രോജക്ടുകൾ പ്രകാരമുള്ള 29,33,075/- (16,02,142 + 13,30,933) രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-33 തെരുവ് വിളക്ക് വാങ്ങൽ- രേഖകൾ ലഭ്യമാക്കിയില്ല.- 6,94,120/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ : 231/19

ഫയൽ നമ്പർ : പി.ഡബ്ളിയു.1-4602/18
നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : 8,00,000/- രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് : 6,94,120/-രൂപ

ബിൽ നമ്പർ : 124/18-19, തീയതി 15-10-18 – 6,94,120/- രൂപ

പ്രോജക്ട് പ്രകാരം എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ച വകയിൽ മേൽ പരാമർശിച്ച പ്രകാരം 6,94,120/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത *ഇറാൻ അസോസിയേറ്റസ്, തിരൂർ* എന്ന സ്ഥാപനത്തിനാണ് സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഏൽപ്പിച്ചു കൊടുത്തത്. 335 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിനുള്ള തുക 2018-19 വർഷം *ഇറാൻ അസോസിയേറ്റ്സിന്* നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിന്റെ ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

**1.** സ്ട്രീറ്റ് ലൈറ്റുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ/രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

**2.** പ്രോജക്ട് പ്രകാരം വാങ്ങിയ സ്ട്രീറ്റ് ലൈറ്റുകളും അനുബന്ധ സാമഗ്രികളും നിശ്ചിത സ്പെസിഫിക്കേഷനിൽ

ഉള്ളതാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

**3.** വിവിധ വാർഡുകളിൽ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നുള്ള വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം ഫയലിലുണ്ടെങ്കിലും സ്ട്രീറ്റ് ലൈറ്റുകൾ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചത് എന്ന

തെളിയിക്കുന്ന തെരുവ് വിളക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

**4.** പ്രോജക്റ്റിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

**5.** 26-ാം വാർഡിൽ സ്ഥാപിച്ച എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകളിൽ ഏറിയ പങ്കം പ്രവർത്തനരഹിതമാണെന്നും, പരാതിപ്പെട്ടിട്ട് 3 മാസമായെങ്കിലും തകരാർ പരിഹരിക്കുകയോ, മാറ്റി സ്ഥാപിക്കുകയോ ചെയ്തിട്ടില്ലെന്നുമുള്ള ശ്രീ. രഞ്ജിത്ത് എന്ന വ്യക്തിയുടെ പരാതി ഫയലിലുണ്ട്. ഈ പരാതിയിന്മേൽ നഗരസഭ സ്വീകരിച്ച നടപടികളും, ഈ പ്രോജക്ട് പ്രകാരം സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളിൽ എത്രയെണ്ണത്തിന് തകരാർ സംഭവിച്ചു, എത്രയെണ്ണം തകരാർ പരിഹരിച്ച് മാറ്റി സ്ഥാപിച്ചു, നിലവിൽ എത്രയെണ്ണം പ്രവർത്തനരഹിതമായിട്ടുണ്ട് തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 49/18-19, തീയതി, 03-02-2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ പ്രോജക്ട് പ്രകാരമുള്ള 6,94,120/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-34 തെരുവ് വിളക്ക് പരിപാലനം - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കപ്പെടുന്നില്ല

സ.ഉ.(കൈ)17/2018 ത.സ്വ.ഭ.വ. തി. 02.02.2018 (വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ) ,സർക്കുലർ നം.43742/ഡി.സി.3/2010/തസ്വഭവ തീയതി 07.07.2010, സർക്കുലർ നം. 65529/ഡി.സി.3/12/തസ്വഭവ തീയതി.12.03.2013,26.02.2017ലെ സ.ഉ.(അച്ചടി)നം.27/2017/ധന. എന്നിവ പ്രകാരം സർക്കാർ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട ഫയൽ (പി.ഡബ്ല്യു.1-8075/01) പരിശോധിച്ചതിൽ മേൽ സർക്കുലറുകളുടേയും മാർഗ്ഗരേഖയുടേയും അടിസ്ഥാനത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിച്ചതായി കാണുന്നില്ല.നഗരസഭയിൽ നിലവിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നത് ഏത് മാനദണ്ഡമനുസരിച്ചാണെന്നും മീറ്ററുകൾ സ്ഥാപിക്കുന്നതിന് നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തെരുവ് വിളക്കുകൾക്ക് ഓട്ടോമാറ്റിക് സംവിധാനം ഏർപ്പെടുത്തി മീറ്റർ സ്ഥാപിക്കുന്നതിന് നഗരസഭ നാളിതുവരെയായി സ്വീകരിച്ച നടപടികൾ പരിശോധിച്ച് വരികയാണെന്നും ആയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് വർഷത്തെയും മുൻവർഷങ്ങളിലെയും വൗച്ചറുകൾ, പ്രോജക്ടുകൾ എന്നിവ പരിശോധിച്ചതിൽ ബിൽ തുക കണക്കാക്കുന്നത് മീറ്റർ റീഡിങ്ങിന്റെ അടിസ്ഥാനത്തിലല്ലെന്നും, മീറ്റർ സ്ഥാപിക്കുന്നതിനായി നഗരസഭ പദ്ധതി തയ്യാറാക്കുകയോ കെ.എസ്.ഇ.ബി-യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടില്ലെന്നും വ്യക്തമായി.

എൽ.ഇ.ഡി. ലാമ്പുകൾ മറ്റു ലാമ്പുകളെ അപേക്ഷിച്ച് ആയുസ്സ് കൂടുതലും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തവയും ഊർജ്ജ ഉപയോഗം കുറവും ആയതിനാൽ 2018-19 വർഷത്തിൽ പ്രോജക്ട് നം-375/18 പ്രകാരം നഗരസഭയിലെ തെരുവ് വിളക്കുകൾക്ക് ആവശ്യമായ 386 എൽ.ഇ.ഡി. ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ എൽ.ഇ.ഡി. ലൈറ്റുകൾ പുതിയതായി സ്ട്രീറ്റ് ലൈൻ ദീർഘിപ്പിച്ച സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്. നഗരസഭയുടെ തെരുവ് വിളക്കുകൾക്ക് സി.എഫ്.എൽ ഉം സോഡിയം വേപ്പർ ലാമ്പുകളുമാണ് ഉപയോഗിച്ച് വരുന്നത്. തെരുവ് വിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡി. ലൈറ്റുകളിലേക്ക് മാറിയിട്ടില്ല.

നഗരസഭയിൽ വിവിധ കാലയളവുകളിലായി നിരവധി ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ തെരുവുവിളക്കുകൾ റദ്ദ് ചെയ്യുന്നതിനും അതുവഴി ബിൽ തുക കുറക്കുന്നതിനും നഗരസഭ യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം, പ്രവർത്തിക്കാത്ത തെരുവുവിളക്കുകൾക്ക് ചാർജ്ജ് അടവാക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ, ഉപയോഗമനുസരിച്ച് വൈദ്യുതകരം അടവാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ, അവസാനം സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് എന്നീ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കേടുവന്ന സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെങ്കിൽ ആയവ കണ്ടെത്തുന്നതിനായി ഒരു ടീം രൂപീകരിച്ച് വൈദ്യുതി ചാർജിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രതിമാസം 2,70,000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 32,40,000 രൂപ വൈദ്യുതി ചാർജിനത്തിൽ മാത്രം നഗരസഭ ചെലവഴിക്കുന്നുണ്ട്. തെരുവ് വിളക്കുകൾക്ക് എൽ.ഇ.ഡി.ലൈറ്റുകൾ ഉപയോഗിക്കാത്തതുമൂലം മാത്രം മേൽ ചെലവിന്റെ ഏറ്റവും ചുരുങ്ങിയത് 20% വരെ, 6,48,000/- രൂപ വരെ (എൽ.ഇ.ഡി. ലൈറ്റുകൾക്ക് മറ്റു ലൈറ്റുകളെ അപേക്ഷിച്ച് 80% ഉപഭോഗം മതിയാകും) നഗരസഭക്ക് നഷ്ടമുണ്ടാകുന്നുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത വിളക്കുകൾക്ക് ചാർജ്ജ് അടവാക്കുന്നത് വഴി ഇതിൽ കൂടുതൽ നഷ്ടമുണ്ടാകുന്നുവെന്നും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളെ ഓർമ്മപ്പെടുത്തുന്നു.

തെരുവ് വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കുന്നതിനും സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന തെരുവുവിളക്കുകളുടെ എണ്ണം/വിവരം കണ്ടെത്തി ആയതിനുമാത്രം ചാർജ്ജ് അടവാക്കുന്നതിനും പൂർണ്ണമായും എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉപയോഗം കുറക്കുന്നതിനും ഈ ഇനത്തിലെ ചെലവ് കുറവ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 മരാമത്ത് പ്രവൃത്തികൾ-പൊതു അപാകങ്ങൾ

നഗരസഭയിലെ മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, ഭൂരിഭാഗം ഫയലുകളിലും, അവശ്യം വേണ്ട രേഖകൾ സൂക്ഷിക്കാത്തതായും ഭാഗികമായ രീതിയിൽ സൂക്ഷിച്ചതായും കണ്ടു. വിശദ വിവരം താഴെ

ചേർക്കുന്നു.

**1) പ്രിലിമിനറി, ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ കൂടെ അടിസ്ഥാന രേഖകളില്ല.**

ജി.ഒ(പി)13/2012/പി.ഡബ്ള്യു.ഡി തി.01-02-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതു മരാമത്ത് വകുപ്പ് മാന്വലിലെ പാർട്ട് 2 സെക്ഷൻ 1601.1.1, 1601.1.2എന്നിവയിൽ പ്രിലിമിനറി,ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ കൂടെ പ്രവൃത്തിയുടെ സ്പെസിഫിക്കേഷൻ, ആവശ്യകത എന്നിവ ഉൾപ്പെടെ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കാനാവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇങ്ങനെ തയ്യാറാക്കി സമർപ്പിക്കേണ്ട അടിസ്ഥാന രേഖകളിൽ സൈറ്റ് കണ്ടീഷൻ, സൈറ്റ് പ്ളാൻ, ലേഔട്ട്, ഡ്രോയിംഗ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഉൾപ്പെടുന്നു. നഗരസഭ തൻവർഷം നടപ്പിലാക്കിയ പല പൊതുമരാമത്ത് പദ്ധതികളുടെയും എസ്റ്റിമേറ്റിന്റെ കൂടെ മേൽ പരാമർശിച്ച രേഖകളെല്ലാം കൃത്യമായി സൂക്ഷിച്ചതായി കാണുന്നില്ല. ഇതു കാരണം പൊതുമരാമത്ത് പ്രവൃത്തിയുടെ നടത്തിപ്പിന്റെ പുരോഗതി ഫലപ്രദമായി വിലയിരുത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പ്, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി, ഭരണസമിതി എന്നിവയ്ക്ക് സാധിക്കാത്ത അവസ്ഥയുണ്ടാകുന്നു.

പ്രവൃത്തിയെ സംബന്ധിച്ച് കൃത്യമായ ചിത്രം ലഭിക്കുന്നതും അതനുസരിച്ച് സാങ്കതികാനുമതി നല്കുന്നതും വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്.എന്നാൽ പലപ്രവൃത്തി ഫയലുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ലാതെയും ഭാഗികമായി മാത്രം തയ്യാറാക്കിയതായും കാണുന്നു.എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ PWD മാന്വലിൽ വിശദമാക്കിയിട്ടുണ്ട്.പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 1601.1.2(ii) ലും മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 2601 മുതലുള്ള ഭാഗത്തും ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്നു. എന്നാൽ പ്രധാനമായും റോഡുകളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾപാലിക്കാതെയാണ് എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയിരിക്കുന്നത്. താഴെ പറയുന്ന കാര്യങ്ങളിൽ ഈ റിപ്പോർട്ടുകൾ വ്യക്തത നല്കുന്നില്ല.

1) റോഡുകളുടെ ആകെ നീളവും എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ

2)അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ

3) പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും

4) പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ

5) പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ.

6) പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ്.

7) മറ്റ് പ്രസക്തമായ കാര്യങ്ങൾ.

**2 റോഡ് കണക്ടിവിറ്റി ഭൂപടവും , റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കിയിട്ടില്ല.**

നഗരസഭ റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ്- 02-02-2018 ലെ സ.ഉ(കൈ) നം. 79/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.13 (1) ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത് എന്നാൽ നഗരസഭ റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കിയിട്ടില്ല. സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ നടപ്പിലാക്കുന്നത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെ ചെയിനേജ് വ്യക്തമാക്കാതെ പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്ടിവിറ്റി ഉറപ്പ് വരുത്തി സമഗ്രപദ്ധതികൾ തയ്യാറാക്കി ഗതാഗത സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 6,11,005/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

ഫയൽ നമ്പർ - പി.ഡബ്ളിയു 1-21654/17
നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

നഗരസഭ 2018-19 വർഷം താഴെ പറയുന്ന 2 പ്രോജക്ടുകൾക്കായി ആകെ 6,11,005/-രൂപ കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ/ തിയ്യതി | തുക | ഡെപ്പോസിറ്റ് ചെയ്തതിന്റെ വിവരങ്ങൾ | | |
|---|---|---|---|---|---|---|---|
| | | | | | തുക | തീയതി | ഓഫീസ് |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 130/19 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റലും | 47/18-19<br>30-06-18 | 1,26,374 | 1,26,374 | 30-06-18 | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ<br>സെക്ഷൻ, തിരൂർ (ഈസ്റ്റ്) |
| 2 | 226/19 | സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ | 31/18-19<br>13-6-18 | 3,19,993 | 2,50,085 | 13-06-18 | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ<br>സെക്ഷൻ, തിരൂർ (ഈസ്റ്റ്) |
| | | | | | 14,465 | ,, | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ<br>സെക്ഷൻ, തിരൂർ (വെസ്റ്റ്) |
| | | | | | 55,443 | ,, | കെ.എസ്.ഇ.ബി. ആലത്തിയൂർ |
| | | | 48/18-19<br>18-7-18 | 1,64,638 | 82,268 | 18-7-18 | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ<br>സെക്ഷൻ, തിരൂർ (ഈസ്റ്റ്) |
| | | | | | 82,370 | 18-7-18 | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ<br>സെക്ഷൻ, തിരൂർ (വെസ്റ്റ്) |
| | | ആകെ | | 6,11,005 | 6,11,005 | | |

സ.ഉ.(കൈ) നമ്പർ.17/2018/തസ്വഭവ. തീയതി 02-02-2018 പ്രകാരം പുറപ്പെടുവിച്ച വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 11-2(ഡി)(ii)ൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെയോ വിനിയോഗസാക്ഷ്യപത്രം ലഭ്യമായതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടിരുന്നോയെന്നും പ്രവൃത്തി പൂർത്തിയായിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( 55/18-19, തീയതി, 20-02-2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് കൂടാതെ ട്രഞ്ചിംഗ് ഗ്രൗണ്ടിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി തനത് ഫണ്ടിൽ നിന്ന് വൗച്ചർ നമ്പർ 2180107, ചെക്ക് നമ്പർ 605868, തിയതി – 05.01.2019 പ്രകാരം 59,512 രൂപ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 6,70,517 (6,11,005 + 59,512) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ വിശദീകരണം/രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-37 പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് തനത് ഫണ്ട് ചെലവഴിക്കുന്നത് പദ്ധതിപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

1966ലെ കേരള മുനിസിപ്പാലിറ്റീസ് എംപ്ലോയീസ് ഡെത്ത് കം ബെനിഫിറ്റ് റൂൾസ് പ്രകാരമാണ് നഗരസഭയിലെ സ്ഥിരംജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി പ്രവർത്തിച്ചു വരുന്നത്. നഗരകാര്യഡയറക്ടർ കൈകാര്യം ചെയ്യുന്ന കേന്ദ്രപെൻഷൻ ഫണ്ടിലേക്ക് എല്ലാ നഗരസഭകളും ജീവനക്കാരുടെ ആകെ ശമ്പളത്തിന്റെ 15 % തുക പ്രതിമാസം അടവാക്കുകയും ഈ തുക നഗരസഭാ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യുന്നു. ചട്ടങ്ങൾ പ്രകാരം ഒരു വർഷത്തേക്ക് പെൻഷൻ നൽകാനാവശ്യമായ തുക ഓരോ വർഷവും മാർച്ച് 31നകം നഗരസഭകൾക്ക് കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്നും അനുവദിക്കേണ്ടതാണ്.

01.04.2018ൽ 34 റഗുലർ പെൻഷനർമാരും 13 കുടുംബപെൻഷനർമാരുമാണ് നഗരസഭയിലുണ്ടായിരുന്നത്. 2018-19ലെ വിരമിച്ചവർ കൂടി ഉൾപ്പെടെ വർഷാവസാനത്തിൽ 36 റഗുലർ പെൻഷനർമാരും 13 കുടുംബപെൻഷനർമാരും ഉൾപ്പെടെ 49 പേരായി. നഗരസഭയിലെ 2018-19 വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ബാലൻസ് ഷീറ്റ് B-15 Sundry Debtors (Receivables) പട്ടികയിൽ Other Receivables (Arrears) എന്ന ശീർഷകത്തിൽ 4,91,45,899 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. പെൻഷനുമായി ബന്ധപ്പെട്ട് നഗരസഭയുടെ

തനത്ഫണ്ടിൽ നിന്നും കഴിഞ്ഞ വർഷങ്ങളിൽ ചെലവ് ചെയ്തതിൽ കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാൻ ബാക്കിയുള്ള തുകയാണ് പ്രസ്തുതശീർഷകത്തിൽ ഉൾപ്പെടുത്തിയത് എന്നാണ് നഗരസഭ വിശദീകരിച്ചിട്ടുള്ളത്.

പെൻഷനുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നഗരസഭക്ക് 2007-08 മുതൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| വർഷം | പെൻഷൻ നൽകാൻ തനത് ഫണ്ടിൽ നിന്നും ചെലവായ തുക | നഗരസഭ ഒടുക്കാൻ ബാക്കിയുള്ള പെൻഷൻ കോൺട്രിബ്യൂഷൻ | | കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്നുള്ള അലോട്ട്മെന്റ് | കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| | | പെൻഷൻ | കമ്യൂട്ടേഷൻ* | | |
| 2007-08 | 3,95,43,385 | | 3,43,30,038 | 22,43,965 | 29,69,382 |
| 2008-09 | 83,46,819 | | 30,34,003 | 28,26,764 | 24,86,052 |
| 2009-10 | 72,93,209 | | 13,53,360 | 27,02,475 | 32,37,374 |
| 2010-11 | 48,76,574 | | 0 | 9,00,000 | 39,76,574 |
| 2011-12 | 76,12,251 | | 3,29,034 | 19,34,136 | 53,49,081 |
| 2012-13 | 83,27,826 | | 0 | 19,79,505 | 63,48,321 |
| 2013-14 | 1,13,47,096 | 17,83,347# | 0 | 81,00,000 | 14,63,749 |
| 2014-15 | 81,73,108 | | 0 | 0 | 81,73,108 |
| 2015-16 | 1,15,78,168 | | 7,55,511 | 9,83,667 | 98,38,990 |
| 2016-17 | 80,81,105 | | 19,87,408 | 0 | 60,93,697 |
| 2017-18 | 1,13,98,431 | | 13,48,996 | 1,29,12,987 | (-) 28,63,552 |
| ആകെ | 12,65,77,972 | 17,83,347 | 4,31,38,350 | 3,45,83,499 | 4,70,72,776 |
| | | 4,49,21,697 | | | |

<u>റിമാർക്സ്</u>

*കമ്യൂട്ടേഷൻ കുറവ് വരുത്തിയ തുക കേന്ദ്ര പെൻഷൻ ഫണ്ടിലേക്ക് തിരിച്ചുനൽകേണ്ടത്

# 2013-14 വർഷത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കാതെയിരുന്ന തുക

ഇത് കൂടാതെ, 2018-19 വർഷം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് 1,67,18,106 രൂപ നഗരസഭ ചെലവാക്കിയെങ്കിലും 30,76,254 രൂപ മാത്രമാണ് അലോട്ട്മെന്റായി ലഭിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| പെൻഷൻ ചെലവ് | നഗരസഭ ഒടുക്കാൻ ബാക്കിയുള്ള പെൻഷൻ കോൺട്രിബ്യൂഷൻ | | കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്നുള്ള അലോട്ട്മെന്റ് | കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| | പെൻഷൻ + | കമ്യൂട്ടേഷൻ * | | |
| 1,67,18,106 | 2,09,049 | 8,29,906 | 3,07,6254 | 1,26,02,897 |

റിമാർക്സ്

+ 2019 മാർച്ച് മാസത്തെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാൻ ശേഷിക്കുന്നത്

* കമ്യൂട്ടേഷൻ കുറവ് വരുത്തിയ തുക കേന്ദ്ര പെൻഷൻ ഫണ്ടിലേക്ക് തിരിച്ചുനൽകേണ്ടത്

പെൻഷൻ ഫയലിലെ വിവരങ്ങൾ പ്രകാരം ആകെ 5,96,75,673 രൂപ(4,70,72,776+1,26,02,897) കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്നും തിരികെ ലഭിക്കാനുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരം ആയത് 4,91,45,899 രൂപയാണ്. 2017-18 വർഷം കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്നുള്ള അലോട്ട്മെന്റ് അനുവദിച്ചുള്ള 15.02.2018ലെ പി6-18226/16 നമ്പർ ഉത്തരവ് പ്രകാരം 31.03.2017ൽ തിരൂർ നഗരസഭക്ക് 4,30,43,291 രൂപ അനുവദിക്കാനുള്ളതായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ, പെൻഷൻ ഫയലിലെ വിവരങ്ങൾ പ്രകാരം 31,03,2017ൽ ലഭിക്കാനുള്ള തുക 4,99,36,238 രൂപയാണ്. ഇത്തരത്തിൽ കണക്കുകളിൽ നിലനിൽക്കുന്ന വ്യത്യാസങ്ങൾ പരിഹരിക്കേണ്ടതാണ്.

ഈ രീതിയിൽ ഭീമമായ തുക കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്നത് നഗരസഭയുടെ ദൈനംദിനപ്രവർത്തനങ്ങളെ പോലും പ്രതികൂലമായി ബാധിക്കുന്നതാണ്. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് തനത് ഫണ്ട് ചെലവഴിക്കുന്നത് ചട്ടവിരുദ്ധമാണ്. നഗരസഭയുടെ തനത് വരുമാനത്തിൽ നിന്നും ഭീമമായ തുക പ്രതിവർഷം പെൻഷൻ ആനുകൂല്യങ്ങൾക്കായി നീക്കിവെക്കുന്നത് ദൈനംദിനപ്രവർത്തനങ്ങളെയും വികസനപ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുന്നതാണ്. 2018-19 വർഷം പദ്ധതിരേഖകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും 73,25,000 രൂപ വകയിരുത്തി പദ്ധതിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും തനത് ഫണ്ടിൽ നിന്നുള്ള വിനിയോഗം നടന്നിട്ടില്ല. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് തനത് ഫണ്ട് വിനിയോഗിക്കുന്നത് കാരണമാണ് ആയത് വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമാകാത്തത്. കേന്ദ്രപെൻഷൻ ഫണ്ടിൻ നിന്നും ലഭിക്കാനുള്ള ഭീമമായ തുക ലഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമമറുപടിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-38 ഇ.എം.എസ് ഭവനനിർമ്മാണപദ്ധതി-അപാകതകൾ

**എ) അവശേഷിക്കുന്ന തുക സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫണ്ടിൽ സൂക്ഷിക്കുന്നു.**

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധനയുടെ ഭാഗമായി ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ IDBI തിരൂർ ശാഖയിൽ 0749104000182621 നമ്പർ അക്കൗണ്ട് 14.03.2019ൽ ആരംഭിച്ചതായി കാണുന്നു. ടി അക്കൗണ്ടിലേക്ക് മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ നിന്നും 79,50,032 രൂപ 14.03.2019 ലെ 7950032 നമ്പർ ചെക്ക് മുഖേന മാറ്റി നിക്ഷേപിക്കുകയും 04.04.2019ൽ ടി തുക IDBI ബാങ്കിലെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ടിൽ 2018-19 രണ്ടാം അർദ്ധവർഷത്തെ പലിശയായി ലഭിച്ച 1,57,694 രൂപ അവശേഷിക്കുന്നുണ്ട്.

മേൽ ഇടപാടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ തിരൂർ ശാഖയിൽ നിക്ഷേപിച്ചിരുന്ന തുകയാണ് പുതിയ അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്.

തിരൂർ നഗരസഭയിലെ ഇ.എം.എസ്. ഭവനപദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ പദ്ധതിക്കായി വികസനഗ്രാന്റിൽ നിന്നും വകയിരുത്തിയ തുകയിൽ അവശേഷിച്ചിരുന്ന 82,85,073 രൂപ 21.03.2011 ലെ 14-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരമാണ് മലപ്പുറം ജില്ലാ സഹകരണബാങ്കിന്റെ തിരൂർ ശാഖയിൽ നിക്ഷേപിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 89,05,073 രൂപയിൽ ചെലവായ 6,20,000 രൂപ കഴിച്ചുള്ള 82,85,073 രൂപ അക്കൗണ്ടിൽ

നിക്ഷേപിക്കുന്നതായാണ് കൗൺസിൽ തീരുമാനവുമായി ബന്ധപ്പെട്ട കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2009-10 ലെ പദ്ധതിവിഹിതത്തിൽ നിന്നും 53,77,393 രൂപയും 2010-11ലെ പദ്ധതിവിഹിതത്തിൽ നിന്നും 40,15,680 രൂപയും ചേർത്ത് ആകെ 93,93,073 രൂപ ഇ.എം.എസ് പദ്ധതി നടപ്പിലാക്കാനായി ലഭിച്ചതായി ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പ്രൊഫോർമയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും 11,08,000 രൂപ ചെലവഴിച്ചതായും ഇതേ പ്രൊഫോർമയിൽ പരാമർശമുണ്ട്. ഈ പ്രൊഫോർമയിലെ രേഖപ്പെടുത്തൽ പ്രകാരവും അവശേഷിച്ചിരുന്ന തുക 82,85,073 രൂപയാണ്.

ഭരണസമിതിയുടെ 04.02.2013 ലെ 2-ാം നമ്പർ തീരുമാനപ്രകാരം MDC ബാങ്ക് അക്കൗണ്ടിൽ ഇ.എം.എസ് പദ്ധതിയുടെ ഭാഗമായി നിക്ഷേപിച്ച 82,85,073 രൂപയിൽ പദ്ധതിക്കായി ചെലവഴിച്ചതിൽ ബാക്കിയുണ്ടായിരുന്ന 73,32,814 രൂപയിൽ നിന്നും 47,82,814 രൂപ നഗരസഭ നടപ്പാക്കി വരുന്ന ഭവനപദ്ധതിക്കായി വിനിയോഗിക്കുന്നതിന് സർക്കാരിന്റെ അനുവാദം തേടാൻ തീരുമാനിച്ചു. പദ്ധതിയിലെ ആദ്യഗഡു സഹായം അനുവദിച്ച ഗുണഭോക്താക്കൾക്ക് തുടർഗഡുക്കൾ അനുവദിക്കാൻ ആവശ്യമായ തുകയായ 25,50,000 രൂപ കഴിച്ചുള്ളതാണ് ഈ തുക. ഈ തീരുമാനത്തെത്തുടർന്ന് 14.06.2013 ലെ എ4- 87/2009 നമ്പർ കത്ത് പ്രകാരം സർക്കാറിന്റെ അനുമതി തേടി കത്തയച്ചിട്ടുണ്ട്. ഇ.എം.എസ്. ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന തുക അടിയന്തിരമായി ചെലവ് ചെയ്യണമെന്നും ഗുണഭോക്താക്കൾക്ക് ബാക്കി ഗഡു സഹായം അടിയന്തരമായി അനുവദിക്കണമെന്നും ഇപ്രകാരം അനുവദിച്ചതിനുശേഷം ഫണ്ടിൽ അവശേഷിക്കുന്ന തുക 11.03.2013ലെ സ.ഉ.(എം.എസ്)നമ്പർ 83/13 തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശസ്വയംഭരണസ്ഥാപനം നടപ്പിലാക്കുന്ന ഭവനപദ്ധതിക്കായി വിനിയോഗിക്കണമെന്നും 12.11.2014ലെ സ.ഉ.(സാധാ.) നമ്പർ 2954/14/ തസ്വഭവ. ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകി. ഭരണസമിതിയുടെ 21.01.2015ലെ യോഗത്തിലെ 12-ാം നമ്പർ തീരുമാനപ്രകാരം ടി സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചുപ്രകാരം അർഹമായ ഗഡു അനുവദിക്കുന്നതിനും ബാക്കി വരുന്ന തുക ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിനും തീരുമാനിച്ചു.

മേൽപ്പരാമർശിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അന്വേഷണങ്ങൾക്ക് മറുപടി ആവശ്യപ്പെട്ട് 17.09.2019ലെ 01/2018-19 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നഗരസഭ മറുപടി ഹാജരാക്കിയിട്ടില്ല.

1. 12.11.2014 ലെ സ.ഉ.(സാധാ.)നമ്പർ 2954/14/തസ്വഭവ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ 21.01.2015ലെ ഭരണസമിതിയോഗം തീരുമാനിച്ചിട്ടും ഇ.എം.എസ് പദ്ധതിക്കായി ലഭിച്ച തുകയിൽ രണ്ട് അക്കൗണ്ടുകളിലായി 81,07,726 രൂപ (79,50,032+1,57,694) ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. 2013-14 വർഷം ബന്ധപ്പെട്ട അക്കൗണ്ടിൽ അവശേഷിച്ചിരുന്ന തുകയും അതിൻമേൽ ലഭിച്ച പലിശയും ചേർന്ന തുകയാണിത്. ഈ തുക വിനിയോഗിക്കുന്നതിനുള്ള നഗരസഭാതീരുമാനവും സർക്കാർ ഉത്തരവും സമയബന്ധിതമായി നടപ്പാക്കാതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2. 2017-18 വർഷം മുതൽ ലൈഫ് മിഷൻ മുഖേന ഭവനപദ്ധതി നടപ്പിലാക്കി വരികയാണ്. ഇ.എം.എസ്. ഭവനപദ്ധതിക്കായി ലഭിച്ച തുക നഗരസഭ നടപ്പാക്കുന്ന ഭവനപദ്ധതിക്കായി ചെലവഴിക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിരുന്നത്. സംസ്ഥാനാടിസ്ഥാനത്തിൽ ഭവനപദ്ധതി നടപ്പിലാക്കപ്പെടുന്ന സാഹചര്യത്തിൽ ലൈഫ് പദ്ധതിയുടെ നടത്തിപ്പിനായി ടി തുക ചെലവഴിക്കുന്നത് സംബന്ധിച്ച് അനുവാദം തേടി സർക്കാരിലേക്ക് കത്തയച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**ബി)ഇ.എം.എസ്. ഭവനപദ്ധതി : ഫണ്ട് വിനിയോഗം, പൂർത്തീകരണം എന്നിവ സംബന്ധിച്ച് നഗരസഭക്ക് വ്യക്തതയില്ല**

ഇ.എം.എസ് ഭവന പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് നഗരകാര്യ ഡയറക്ടർക്ക് നൽകിയിട്ടുള്ള 28-1-2016 ലെ എ7(എ4) 87/09 നമ്പർ കത്തിലെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| ഗുണഭോക്താക്കളുടെ എണ്ണം | |
| ഭവനരഹിതർ | 109 |
| ഭൂരഹിതർ | 125 |
| ആനുകൂല്യം കൈപ്പറ്റിയവരുടെ എണ്ണം | |
| ഭവനരഹിതർ | 17 |
| തുക | 18,60,000 |
| ഭൂരഹിതർ | 14 |
| തുക | 8,33,000 |

| | |
|---|---|
| ഭവനനിർമ്മാണം പൂർത്തിയാക്കിയവരുടെ എണ്ണം. | 12 |

എന്നാൽ, നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടർക്കയച്ച 8-1-2018ലെ എ5-87/09 നമ്പർ കത്തിലെ വിവരങ്ങൾ പ്രകാരം ഇ.എം.എസ് ഭവനപദ്ധതി പ്രകാരം പൂർത്തീകരിച്ച ഭവനങ്ങളുടെ എണ്ണം 9ഉം, പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ എണ്ണം 13ഉം ആണ്. 28-1-2016, 8-1-2018 തിയ്യതികളിൽ നഗരകാര്യ ഡയറക്ടർക്ക് നൽകിയിട്ടുള്ള കത്തുകളിൽ നിർമ്മാണം പൂർത്തിയാക്കിയ ഭവനങ്ങളുടെ എണ്ണത്തിൽ വ്യത്യാസമുണ്ട്. 28-1-16ൽ 12 ഭവനങ്ങൾ പൂർത്തിയാക്കിയതായി അറിയിച്ചപ്പോൾ 8-1-18ൽ 9 വീടുകൾ മാത്രമാണ് പൂർത്തിയാക്കിയതെന്ന വിവരമാണ് നൽകിയിട്ടുള്ളത്.

മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ പദ്ധതിയുമായി ബന്ധപ്പെട്ട അക്കൗണ്ട് വിവരങ്ങൾ പരിശോധിച്ചതിൽ 2011-12 മുതൽ 2015-16 വരെ 24,70,000രൂപ അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ടി അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട 21-3-2011 ലെ കൗൺസിൽ തീരുമാനത്തിന്റെ നോട്ടിൽ 6,20,000 രൂപ പദ്ധതിയുമായി ബന്ധപ്പെട്ട് അതുവരെ ചെലവായതായി പരാമർശിച്ചിട്ടുണ്ട്. ഈ കണക്കുകൾ പ്രകാരം ആകെ 30,90,000 രൂപ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പരാമർശിച്ച കത്തിൽ 36,93,000 രൂപ ( 18,60,000 + 8,33,000 ) രൂപയുടെ ആനുകൂല്യം നൽകിയതായാണ് സർക്കാരിനെ അറിയിച്ചിട്ടുള്ളത്. പദ്ധതിയിലെ ഫണ്ട് വിനിയോഗം, പൂർത്തീകരണം എന്നിവ സംബന്ധിച്ച് നഗരസഭക്ക് തന്നെ വ്യക്തതയില്ലെന്ന് മേൽ വിവരങ്ങളിൽ നിന്ന് വ്യക്തമാകുന്നു.

ഇ.എം.എസ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭക്ക് ലഭിച്ച തുക, നാളിതുവരെ ചെലവഴിച്ച തുക, തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം, ഭവനനിർമ്മാണം പൂർത്തിയാക്കിയവരുടെ എണ്ണം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ 17.09.2019ലെ 1/2018-19 ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അത്തരം ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന അന്വേഷണത്തിനും മറുപടി ലഭ്യമാക്കിയില്ല.

നഗരസഭയുടെ കത്തിന്മേൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന് പുറമെ ലൈഫ് മിഷൻ ഫണ്ട് വകയിരുത്തുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 23.11.2017ലെ 326/ഡി.ബി. 1/2017/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം കേന്ദ്ര-സംസ്ഥാന ഭവനപദ്ധതികളിൽ മുൻവർഷങ്ങളിൽ കേന്ദ്ര-സംസ്ഥാനസർക്കാരുകളിൽ നിന്നും ലഭ്യമായിട്ടുള്ളതും എന്നാൽ ഗുണഭോക്താക്കൾക്ക് നൽകാൻ ബാധ്യതപ്പെടാത്തതുമായ തുക പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നേരിട്ട് നിർവ്വഹണം നടത്തുന്ന പ്രൊജക്ടുകളിൽ വിനിയോഗിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികളിൽ ഭവനനിർമ്മാണം തുടങ്ങിയ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലക്ഷ്യമിട്ടിരുന്ന ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മേൽപ്പരാമർശിച്ച തുക പൂർണ്ണമായും വിനിയോഗിക്കാമായിരുന്നു. 2015-16ന് ശേഷം 04.04.2019 വരെ മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ പദ്ധതിയുമായി ബന്ധപ്പെട്ട അക്കൗണ്ടിൽ നിന്നും പിൻവലിക്കലുകളൊന്നും നടന്നിട്ടില്ല എന്നതിൽ നിന്നും സർക്കാർ നിർദ്ദേശങ്ങളൊന്നും തന്നെ നഗരസഭ പാലിച്ചിട്ടില്ലെന്ന് വ്യക്തമാണ്.

1. ഇ.എം.എസ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഫണ്ട് വിനിയോഗം, പൂർത്തീകരണം എന്നിവ സംബന്ധിച്ചും ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളെ സംബന്ധിച്ചും നഗരസഭക്ക് വ്യക്തതയില്ല എന്നത് ഗൗരവതരമാണ്. മേൽപ്പരാമർശിച്ച വിഷയങ്ങളിൽ വ്യക്തത വരുത്തി ആദ്യമറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്. ഇ.എം.എസ് ഭവനപദ്ധതിയിൽ നിർമ്മാണം പൂർത്തിയാക്കാതിരുന്ന വീടുകൾ ലൈഫ് ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയത് സംബന്ധിച്ചും വ്യക്തത വരുത്തേണ്ടതാണ്.

2. തുടർച്ചയായി സർക്കാർ നിർദ്ദേശങ്ങൾ ലഭിച്ചിട്ടും അവ പാലിക്കാതെ ഭവനപദ്ധതികൾക്കായി വിനിയോഗിക്കേണ്ട തുക വർഷങ്ങളായി നഗരസഭ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ഈ തുക പൂർണ്ണമായും ലൈഫ് പദ്ധതിയുടെ ആവശ്യത്തിലേക്കായി വിനിയോഗിക്കുകയോ സർക്കാരിലേക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

## 1-39 2018-19 വർഷത്തെ പദ്ധതിനിർവ്വഹണം : അവലോകനം

2018-19 വർഷം 278 പ്രൊജക്ടുകൾക്കായി 22,87,05,073 രൂപ നഗരസഭ വകയിരുത്തിയിരുന്നു. ഇതിൽ ചുവടെ ചേർത്തിരിക്കുന്നത് പ്രകാരം 10,97,67,834 രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും നടപ്പാക്കിയ പ്രൊജക്ടുകളുടെയും അതിനായി വകയിരുത്തിയിരുന്നതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയവയുടെ എണ്ണം | അടങ്കൽ | ചെലവഴിച്ചത് | വിനിയോഗ ശതമാനം |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 7,00,000 | 7,00,000 | **100** |
| 2 | വ്യവസായ വികസന ഓഫീസർ | 1 | 1 | 4,80,000 | 40,000 | **8.30** |
| 3 | കൃഷി ഫീൽഡ് ഓഫീസർ | 11 | 11 | 20,49,400 | 17,76,050 | **86.66** |

| | | | | | | |
|---|---|---|---|---|---|---|
| 4 | നഗരസഭ സെക്രട്ടറി | 15 | 12 | 3,80,99,264 | 2,45,34,473 | **64.40** |
| 5 | ഹെഡ്മാസ്റ്റർ | 9 | 9 | 1,01,62,950 | 76,67,344 | **75.44** |
| 6 | സീനിയർ വെറ്ററിനറി സർജൻ | 5 | 5 | 16,97,180 | 14,47,692 | **85.3** |
| 7 | പ്രൊജക്ട് ഓഫീസർ, ദാരിദ്ര്യനിർമ്മാർജ്ജന സെൽ | 19 | 11 | 1,62,66,950 | 58,33,891 | **35.86** |
| 8 | ഹെൽത്ത് സൂപ്പർവൈസർ | 5 | 4 | 17,10,950 | 6,10,075 | **35.66** |
| 9 | മെഡിക്കൽ ഓഫീസർ (ഗവ. ആശുപത്രി) | 2 | 2 | 8,25,000 | 3,01,911 | **36.6** |
| 10 | ഐസിഡിഎസ് സൂപ്പർവൈസർ | 9 | 7 | 1,14,08,910 | 1,01,07,856 | **88.6** |
| 11 | മുനിസിപ്പൽ എഞ്ചിനീയർ | 26 | 22 | 7,58,89,936 | 2,17,11,627 | **28.61** |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 175 | 135 | 6,94,14,533 | 3,50,36,915 | **50.47** |
| ആകെ | | 278 | 220 | 22,87,05,073 | 10,97,67,834 | **48** |

പദ്ധതിനിർവ്വഹണം പുരോഗതി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം വിലയിരുത്തുന്നു.

1. വിനിയോഗവിവരങ്ങൾ പരിശോധിച്ചതിൽ പ്രൊജക്ടിനായി വകയിരുത്തിയ തുകയിൽ കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തിയിട്ടുള്ളത് കൃഷി ഫീൽഡ് ഓഫീസർ (86.66%), സീനിയർ വെറ്ററിനറി സർജ്ജൻ (85.3%) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരാണ്. ജിഎംയുപിഎസ് ഹെഡ്മാസ്റ്റർ നടപ്പാക്കിയ പദ്ധതികളിലും 75.44% വിനിയോഗം സാധ്യമാക്കിയിട്ടുണ്ട്. ഒരു പദ്ധതി മാത്രം നിർവ്വഹിച്ച മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) പദ്ധതിതുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. എെ.സി.ഡി.എസ് സൂപ്പർവൈസർ 88.6% നിർവ്വഹണം നടത്തിയിട്ടുണ്ടെങ്കിലും പകൽവീട് പ്രവർത്തനം, സ്വയംസുരക്ഷാപരിശീലനം എന്നീ പദ്ധതികൾ നടപ്പാക്കിയില്ല.

2. നഗരസഭ സെക്രട്ടറി 64.40% തുകയാണ് വിനിയോഗിച്ചിട്ടുള്ളത്. ലൈഫ് പദ്ധതിക്ക് വേണ്ടി വകയിരുത്തിയ 1,56,00,000 രൂപയിൽ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നീക്കിവെച്ച 86,00,000 രൂപയിൽ 85,50,000 രൂപയും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ, തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ 70,00,000 രൂപയിൽ നിന്നും വിനിയോഗമില്ല. സെക്രട്ടറി നിർവ്വഹിച്ച പിഎംഎവൈ(SCP), ലൈഫ് (SCP) എന്നീ പദ്ധതികളിൽ യഥാക്രമം 44%വും 34.8%വും മാത്രമാണ് വിനിയോഗം.

3. ദാരിദ്ര്യനിർമ്മാർജ്ജന സെൽ പ്രൊജക്ട് ഓഫീസറുടെ പ്രൊജക്ടുകളിൽ 35.86% മാത്രമാണ് വിനിയോഗം. വഴിയോരക്കച്ചവടക്കാരുടെ പുനരധിവാസം (2,00,000 രൂപ), സ്വയംസംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ(12,00,000 രൂപ), ജന്റർ ഡെസ്ക് (1,50,000 രൂപ), ഷീ ലോഡ്ജ് (2,00,000 രൂപ) എന്നീ പ്രൊജക്ടുകൾ നടപ്പാക്കിയില്ല. 2018-19ൽ സ്പിൽ ഓവറായി നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ SCP (8,00,000 രൂപ), ആശ്രയ പദ്ധതി (5,00,000 രൂപ), പഠനമുറി SCP (5,00,000 രൂപ), ഓടിട്ട വീടിന്റെ മേൽക്കൂര മാറ്റൽ SCP (11,50,000 രൂപ) എന്നീ പ്രൊജക്ടുകളിൽ ഈ വർഷവും വിനിയോഗം സാധ്യമായില്ല എന്നത് ഗൗരവതരമാണ്. നടപ്പാക്കിയവയിൽ ഭൂരിഭാഗം പദ്ധതികളിലും വകയിരുത്തിയതിന്റെ പകുതി തുക പോലും വിനിയോഗിച്ചിട്ടില്ല. വീട് വാസയോഗ്യമാക്കൽ SCP (50.74%), വയോജനങ്ങൾക്ക് കട്ടിൽ SCP (57.89%), വീടുകൾ പണിപൂർത്തിയാക്കുന്നതിനുള്ള ധനസഹായം (41.52%), കുടിവെള്ള ഗാർഹികകണക്ഷൻ സ്പിൽ ഒാവർ (15%), കുടിവെള്ള ഗാർഹികകണക്ഷൻ സ്പിൽഒാവർ (2.38%), ഓടിട്ട വീടിന്റെ മേൽക്കൂര മാറ്റി വെക്കൽ (16.39%), കുടിവെള്ള ഗാർഹിക കണക്ഷൻ (31.42%) എന്നിങ്ങനെയാണ് വിനിയോഗവിവരങ്ങൾ. സമൂഹത്തിലെ ദുർബ്ബലവിഭാഗങ്ങൾക്ക് ഗുണകരമാകേണ്ടുന്ന പദ്ധതികളുടെ നിർവ്വഹണത്തിലാണ് ഇത്തരത്തിൽ വലിയ കുറവ് സംഭവിച്ചിട്ടുള്ളത്. ഒരേ പദ്ധതികൾ സ്പിൽ ഓവറായും പുതിയ പദ്ധതിയായും നടപ്പാക്കുകയും രണ്ടിലും കാര്യക്ഷമമായ വിനിയോഗം സാധ്യമാകാതെ പോകുന്നതും പദ്ധതിരൂപീകരണത്തിലെ അപാകതയുടെ സൂചനയാണ്.

4. പ്രത്യേകഘടകപദ്ധതി (SCP) വിനിയോഗത്തിലെ കുറവ് : സമൂഹത്തിലെ ഏറ്റവും ദുർബ്ബലവിഭാഗങ്ങളായ പട്ടികജാതിവിഭാഗത്തിലെ ഗുണഭോക്താക്കളുടെ ക്ഷേമവും വികസനം ഉറപ്പുവരുത്തുന്നതിലേക്കായി വകയിരുത്തിയിട്ടുള്ള പ്രത്യേകഘടകപദ്ധതികളുടെ വിനിയോഗം കാര്യക്ഷമമല്ല. പദ്ധതി പ്രകാരം 1,72,11,434 രൂപ വകയിരുത്തിയതിൽ 72,10,809 രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. 41.9% മാത്രമാണ് ഈയിനത്തിലെ വിനിയോഗശതമാനം.

| ക്രമ നം | പ്രൊജക്ട് | അടങ്കൽ | ചെലവഴിച്ചത് | വിനിയോഗ ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | PMAY ധനസഹായം-113/12 | 46,99,000 | 20,70,000 | 44% |
| 2 | ലൈഫ് മിഷൻ- 121/19 | 25,00,000 | 8,70,000 | 34.8% |
| 3 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ SO 278/19 | 8,00,000 | 0 | 0 |
| 4 | വിവാഹ ധനസഹായം 142/19 | 7,50,000 | 4,50,000 | 60 |
| 5 | ലൈഫ് -പണി പൂർത്തിയാക്കാത്ത ഭവനങ്ങൾ SO 279/19 | 5,49,472 | 3,80,000 | 69.16 |
| 6 | പഠനമുറി SO 282/19 | 5,00,000 | 0 | 0 |
| 7 | ഓടിട്ട വീടിന്റെ മേൽക്കൂര മാറ്റൽ SO 289/19 | 11,50,000 | 0 | 0 |
| 8 | വീട് വാസയോഗ്യമാക്കൽ 128/19 | 15,00,000 | 7,61,123 | 50.74 |
| 9 | വയോജനങ്ങൾക്കുള്ള കട്ടിൽ 141/19 | 2,47,950 | 1,43,550 | 57.89 |
| 10 | കുടിവെള്ള ഗാർഹികകണക്ഷൻ SO 281/19 | 3,15,000 | 7500 | 2.38 |
| 11 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് 148/19 | 11,17,239 | 9,27,050 | 82.98 |
| 12 | എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് മേശ,കസേര 151/19 | 1,09,811 | 1,09,811 | 100 |
| 13 | സ്വയംസുരക്ഷാ പരിശീലനം 163/19 | 6,00,000 | 0 | 0 |
| 14 | ചട്ടിക്കൽ അംഗനവാടി നിർമ്മാണം SO 270/19 | 2,69,592 | 1,18,550 | 43.97 |

| | | | | |
|---|---|---|---|---|
| 15 | ചട്ടിക്കൽ കോളനി ഫുട്പാത്ത് SO 273/19 | 6,61,000 | 2,44,686 | 37.01 |
| 16 | തറയപ്പറമ്പ് റോഡ് റീടാറിംഗ് SO 196/19 | 3,35,040 | 3,21,209 | 95.87 |
| 17 | നോർത്ത് അന്നാര ഹരിജൻ കോളനി റോഡ്റൈസിംഗ്, റീ ടാറിംഗ് SO 200/19 | 8,07,330 | 8,07,330 | 100 |
| 18 | എസ്.സി. കോളനി കുടിവെള്ള പദ്ധതി, വാട്ടർ പ്യൂരിഫയർ, കിണർ ഉൾഭാഗം തേക്കൽ SO 229/19 | 3,00,000 | 0 | 0 |
| ആകെ | | 1,72,11,434 | 72,10,809 | 41.9 |

എസ്.സി.പി വിഹിതം ഉപയോഗിച്ചുള്ള നിർമ്മാണപ്രവൃത്തികളിൽ താരതമ്യേനെ കാര്യക്ഷമമായ വിനിയോഗം സാധ്യമായപ്പോഴും ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവെച്ച പദ്ധതികളിൽ വിനിയോഗം നടന്നിട്ടില്ല. അർഹരായ അപേക്ഷകരില്ലാതെ വിനിയോഗം സാധ്യമാകാത്ത സാഹചര്യമുണ്ടെങ്കിൽ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയ വിദ്യാഭ്യാസ-നൈപുണ്യവികസന-മൽസരപ്പരീക്ഷാ പരിശീലനങ്ങൾ ഉൾപ്പെടെയുള്ള പുതിയ പദ്ധതികൾ വാർഷികപദ്ധതിയുടെ ഭാഗമാക്കുന്നത് ഭാവിയിൽ പരിഗണിക്കേണ്ടതാണ്.

5. വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പ്രവർത്തനം - വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി പ്രതിമാസം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, കമ്മിറ്റിയുടെ മേൽനോട്ടം കാര്യക്ഷമമായിരുന്നില്ല എന്നാണ് പദ്ധതിവിനിയോഗത്തിലെ കുറവ് സൂചിപ്പിക്കുന്നത്. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പ്രതിമാസ നിർവ്വഹണപുരോഗതി കമ്മിറ്റി വിലയിരുത്തിയതായി യോഗമിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകളെ അടിസ്ഥാനമാക്കി വിശദമായ അവലോകനം നടന്നതായി യോഗമിനുട്സിൽ നിന്ന് വ്യക്തമല്ല.

പദ്ധതിനിർവ്വഹണം സംബന്ധിച്ച് 20.02.2020ലെ 56/2018-19 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ ഒഴിവാക്കി പദ്ധതി 100% ചെലവഴിച്ച് ഫലപ്രാപ്തി വരുത്തുന്നതിന് തുടർ വർഷത്തിൽ നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-40 ലൈഫ് ഭവനപദ്ധതി ഒന്നാം ഘട്ടം : സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവ് ചെയ്തു. 2,00,000 രൂപ തടസപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ : പ്രൊജക്ട് ഓഫീസർ (ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗം)

മറ്റ് ഭവനപദ്ധതികൾ പ്രകാരം പണി ആരംഭിച്ച് പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടമായി നടപ്പാക്കിയത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കായി ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടം പ്രൊജക്ട് നമ്പർ S.O. 279/2019 നമ്പരായി പ്രൊജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നഗരസഭ നടപ്പാക്കിയിട്ടുണ്ട്. ഈ പ്രൊജക്ട് പ്രകാരമുള്ള ആനുകൂല്യത്തിനായി ശ്രീമതി അഷിത ആത്തോലിത്തറയിൽ എന്ന ഗുണഭോക്താവിനെ ഉൾപ്പെടുത്തുകയും വീട് പണി പൂർത്തിയാക്കുന്നതിലേക്കായി 2,80,000 രൂപയുടെ ധനസഹായം നൽകുന്നതിനായി കർമ്മസമിതി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 വർഷത്തെ ജനകീയാസൂത്രണപദ്ധതിയിലാണ് ശ്രീമതി അഷിതയെ ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി തെരഞ്ഞെടുത്തിരുന്നത്. പ്രൊജക്ട് പ്രകാരം രണ്ട് ഗഡുക്കളായി 60,000 രൂപ അനുവദിച്ചിരുന്നു.

ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ടിയാളെ ഉൾപ്പെടുത്തിയത് അംഗീകരിച്ചതിനാൽ 28.02.2018ൽ സ്ഥലപരിശോധന നടത്തിയ എഞ്ചിനീയറിംഗ് വിഭാഗം പണിയുടെ നിലവിലെ സ്ഥിതി തറനിരപ്പിലാണ് ഉള്ളതെന്ന് റിപ്പോർട്ട് നൽകുകയും പണി പുനരാരംഭിക്കുന്നതിനുള്ള ആദ്യ ഗഡു ധനസഹായമായി 80,000 രൂപ 3-3-2018ൽ അനുവദിക്കുകയും ചെയ്തു.

2018-19ൽ അനുവദിച്ച ധനസഹായം താഴെപ്പറയും പ്രകാരമാണ്.

1,00,000 - ബിൽ നമ്പർ 184029/02.06.2018
1,00,000 - ബിൽ നമ്പർ 732384/23.10.2018

പ്രൊജക്ടുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അന്വേഷണങ്ങൾക്ക് മറുപടി നൽകാൻ 05.11.2019ലെ 19/2018-19 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നു.

1. ലൈഫ് ഒന്നാം ഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായുള്ള മാർഗനിർദ്ദേശങ്ങൾ 11.10.2017ലെ സ.ഉ. (എംഎസ്) നം. 196/2017/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ ഉത്തരവിന്റെ അനുബന്ധം 1ലെ പട്ടിക - 1 പ്രകാരം ധനസഹായത്തിന്റെ അവസാനഗഡു അനുവദിക്കേണ്ടത് ഫിനിഷിങ്ങ് പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ ആണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ, മേൽപ്പരാമർശിച്ച ഗുണഭോക്താവിന്റെ വ്യക്തിഗത ഫയൽ പരിശോധിച്ചതിൽ മെയിൻ സ്ലാബ് നിർമ്മാണം പൂർത്തിയായി എന്ന എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അവസാനഗഡു സഹായം അനുവദിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമായി ധനസഹായം വിതരണം ചെയ്തതിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.അവസാനഗഡു സഹായം അനുവദിച്ചതിനു ശേഷം ഭവനനിർമ്മാണം പൂർത്തീകരിച്ചത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ ഫയലിൽ ലഭ്യമല്ല. പൂർത്തീകരണം സംബന്ധിച്ച് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് ചെയ്തതായും കാണുന്നില്ല. മേൽപരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം പൂർത്തിയായ ഓരോ ഭവനത്തിന്റെയും ഗുണഭോക്താവിനോടൊപ്പമുള്ള ഫോട്ടോ ലൈഫ് മിഷൻ എം.ഐ.എസ്.ൽ ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് പ്രൊജക്ട് ഫയലിലോ വ്യക്തിഗത ഫയലിലോ രേഖപ്പെടുത്തലുകളില്ല. ടി ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കിയത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

എന്നാൽ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദീകരണത്തിന്റെയും രേഖകളുടെയും അഭാവത്തിൽ 2,00,000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-41 വീട് വാസയോഗ്യമാക്കൽ (പട്ടികജാതി) പ്രൊജക്ട് : രേഖകൾ ഹാജരാക്കിയില്ല ; 3,00,000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ : പ്രൊജക്ട് ഓഫീസർ (ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗം)

വീട് വാസയോഗ്യമാക്കൽ (പട്ടികജാതി) എന്ന പ്രൊജക്ട് 128/19 നമ്പറായി 2018-19 വർഷത്തിൽ പ്രോജക്ട് ഓഫീസർ നിർവ്വഹിച്ചിട്ടുണ്ട്. പദ്ധതിയിൽ 7 ഗുണഭോക്താക്കൾക്കായി 7,61,123 രൂപ വിതരണം ചെയ്തിട്ടുണ്ട്. 17.10.2019ലെ 12/2018-19 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

1. ശ്രീമതി.സജിത.ഐ.പി. ഇല്ലത്തുപറമ്പിൽ എന്നവർക്ക് 1,50,000/- രൂപയുടെ സഹായം 1153796 ബിൽ നമ്പർ പ്രകാരം തിരൂർ എസ്.ബി.ഐയിലെ 67152659008 നമ്പർ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ടിയാൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളത് തിരൂർ കനറാ ബാങ്കിലെ 85390 നമ്പർ അക്കൗണ്ടിന്റെ പാസ് ബുക്ക് വിവരങ്ങളാണ്. തുക നിക്ഷേപിച്ച അക്കൗണ്ട് പ്രസ്തുത ഗുണഭോക്താവിന്റേത് തന്നെയാണെന്ന് ഉറപ്പാക്കുന്ന രേഖകൾ.

2. ബിൽ നമ്പർ. 1572531 പ്രകാരം ശ്രീമതി.ഉഷ.ഐ.പി. എന്നവർക്ക് കാനറാ ബാങ്കിലെ 0800101099850 നമ്പർ അക്കൗണ്ടിലേക്ക് 1,50,000 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. മേൽ ഗുണഭോക്താവിന്റെ അപേക്ഷയും മൂല്യനിർണ്ണയ സാക്ഷ്യപത്രവും ഉൾപ്പെടെയുള്ള അനുബന്ധരേഖകൾ.

ഭരണസമിതി അംഗീകരിച്ച പ്രോജക്ടിന്റെ ഗുണഭോക്തൃപട്ടികയിൽ ക്രമനമ്പർ ഒന്നായി ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രീമതി. ഷീബ. പി. ഇല്ലത്തുപറമ്പിൽ എന്ന ഗുണഭോക്താവിനെയാണ്. ടിയാൾ സമർപ്പിച്ച ആവശ്യമായ രേഖകൾ ഫയലിനൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം നിർമ്മിതിപരിശോധന നടത്തി പ്രവൃത്തിയുടെ മൂല്യം 1,21,128 രൂപ അംഗീകരിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ പ്രൊജക്ട് പ്രകാരമുള്ള ധനസഹായം ടിയാൾക്ക് അനുവദിച്ചതായി കാണുന്നില്ല. ആയതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടുമില്ല. ടി ഗുണഭോക്താവിന് ധനസഹായം അനുവദിക്കാതിരുന്നതിന്റെ വിശദീകരണവും ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതും ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ക്രമ നമ്പർ 1,2 എന്നിവയിൽ പരാമർശിച്ച ഗുണഭോക്താക്കൾക്ക് നൽകിയ 3 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-42 തുടർപ്രവർത്തനങ്ങൾ ഉറപ്പുവരുത്താതെ പ്രൊജക്ട് നടപ്പിലാക്കി; 1,55,418 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ : ഹെൽത്ത് സൂപ്പർവൈസർ

2018-19ലെ വാർഷികപദ്ധതിയിൽ SO 021/19 ആം നമ്പരായി വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രൊജക്ട് നടപ്പാക്കിയിരുന്നു. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വാർഡുകളിൽ നിന്നും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനായി രൂപീകരിക്കുന്ന ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കുള്ള ചെലവാണ് പ്രൊജക്ടിൽ

ഉൾപ്പെടുത്തിയിരുന്നത്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ യൂണിഫോം സാരി, ബ്ലൗസ് പീസ്, ഗ്ലൗസ്, മാസ്ക്, കോട്ട് എന്നിവ പ്രൊജക്ട് പ്രകാരം വാങ്ങി നൽകിയിട്ടുണ്ട്. യൂണിഫോം സാരി, ബ്ലൗസ് പീസ്, ഗ്ലൗസ്, മാസ്ക് എന്നിവ ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറവ് തുക രേഖപ്പെടുത്തിയ ബാസിത് സിൽക്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് 21,918 രൂപയും വണ്ടൂർ സി.ഡി.എസിന് കീഴിലെ കെ.എം.കെ. ലേഡീസ് ടെയ്ലറിംഗ് യൂണിറ്റിൽ നിന്നും കോട്ട് വാങ്ങിയതിന് 19,500 രൂപയും ചെലവഴിച്ചു.

ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി വേതനമിനത്തിൽ ആകെ 1,14,000 രൂപയും പ്രൊജക്ടിന്റെ ഭാഗമായി ചെലവഴിച്ചിട്ടുണ്ട്.അജൈവമാലിന്യങ്ങളുടെ ശേഖരണത്തിനായി വിവിധ വാർഡുകളിലെ വീടുകൾക്ക് നമ്പരിട്ടതിനുള്ള വേതനമായാണ് ഈ തുക വിതരണം ചെയ്തിട്ടുള്ളത്.

വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | വിശദാംശങ്ങൾ |
|---|---|---|---|
| 1 | 100970054/20.12.2018 | 19,500 | കോട്ട് വാങ്ങിയതിന് വണ്ടൂർ സി.ഡി.എസിന് കീഴിലെ കെ.എം.കെ. ലേഡീസ് ടെയ്ലറിംഗ് യൂണിറ്റിന് നൽകി. |
| 2 | 101084147/19.01.2019 | 21,918 | യൂണിഫോം സാരി, ബ്ലൗസ് പീസ്, ഗ്ലൗസ്, മാസ്ക് എന്നിവ വാങ്ങിയതിന് ബാസിത് സിൽക്സ് എന്ന സ്ഥാപനത്തിന് നൽകി. |
| 3 | 101482880/23.03.2019 | 90,000 | വിവിധ വാർഡുകളിലെ വീടുകൾക്ക് നമ്പരിട്ടതിനുള്ള വേതനമായി തണൽ, നന്മ ഹരിതകർമ്മസേനകൾക്ക് നൽകി. |
| 4 | 101552584/28.03.2019 | 12,000 | വിവിധ വാർഡുകളിലെ വീടുകൾക്ക് നമ്പരിട്ടതിനുള്ള വേതനമായി സൗപർണിക ഹരിതകർമ്മസേനക്ക് നൽകി. |
| 5 | 101550745/28.03.2019 | 12,000 | |
| ആകെ | | 1,55,418 | |

ഓഡിറ്റ് വർഷം മേൽ പരാമർശിച്ച പ്രകാരം ആകെ 1,55,418/- രൂപ പ്രൊജക്ടിനായി ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖ പ്രകാരം യൂസർഫീ സംവിധാനം ഉറയ്ക്കുന്നതു വരെ ഹരിത കർമ്മസേനകൾ, ഹരിത സഹായസ്ഥാപനങ്ങൾ, ക്ലീൻ കേരള കമ്പനി എന്നിവയുടെ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ മാലിന്യസംസ്കരണത്തിനായി വകമാറ്റി വെച്ചിട്ടുള്ള 10% തുകയിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകാവുന്നതാണ്. 24.10.2018ലെ സ.ഉ. നം. 2725/2018/ത.സ്വ.ഭ.വ. പ്രകാരം പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആദ്യത്തെ ആറു മാസത്തേക്ക് പരമാവധി 965 രൂപ പ്രതിദിനം വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് / നഗരസഭകൾക്ക് അല്ലെങ്കിൽ ആർ.ആർ.എഫിന്റെ ഉടമസ്ഥതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റുമായി ബന്ധപ്പെട്ടാണ് വയബിലിറ്റി ഗ്യാപ് ഫണ്ട് പ്രൊജക്ട് ഏറ്റെടുക്കേണ്ടതെന്നാണ് മേൽപരാമർശിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും ഉത്തരവിൽ നിന്നും വ്യക്തമാകുന്നത്.

നഗരസഭ ഭരണസമിതിയുടെ 24.07.2019ലെ അടിയന്തരതീരുമാനപ്രകാരം റിസോഴ്സ് റിക്കവറി സെന്ററിന്റെ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലാവധി 31.08.2019വരെ ദീർഘിപ്പിച്ച് നൽകിയതായി കാണുന്നു. 2019 ജൂലൈ മാസത്തിലും ആർ.ആർ.എഫിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ലെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. 2018-19 വർഷം നഗരസഭയുടെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഈയിനത്തിൽ 1,55,418 രൂപ ചെലവഴിക്കുകയും ചെയ്തെങ്കിലും പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ ആർ.ആർ.എഫിന്റെ അഭാവത്തിൽ ഏത് രീതിയിൽ നടപ്പാക്കി എന്നത് വിശദമാക്കേണ്ടതാണെന്ന് 04.11.2019ലെ 14/2018-19 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പദ്ധതിത്തുടർച്ച/ലക്ഷ്യം ഉറപ്പാക്കാതെ പ്രൊജക്ട് നടപ്പാക്കിയത് വഴി ചെലവ് ചെയ്ത 1,55,418 രൂപ തടസപ്പെടുത്തുന്നു. പ്രൊജക്ട് ലക്ഷ്യം പൂർത്തീകരിച്ചത് സംബന്ധിച്ച വിശദീകരണങ്ങൾ ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-43 തുല്യതാ പരീക്ഷാഫീസ്, പഠന സാമഗ്രികൾ നൽകൽ-രേഖകൾ ഹാജരാക്കിയില്ല.ചെലവ് തുക ₹ 117200/-തടസ്സം ചെയ്യുന്നു.

പ്രോജക്ട് നമ്പർ. 159/18 തുല്യതാ പരീക്ഷാ ഫീസ്, പഠന സാമഗ്രികൾ നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

അടങ്കൽ - ₹150000/-

| ക്രമ നമ്പർ | ബിൽ നമ്പർ | ചെലവ് |
|---|---|---|
| 1 | 22/18-19, 23-03-2019 | 6600 രൂപ |

| | | |
|---|---|---|
| | | |
| 2 | 17/18-19, 19-03-2019 | 110600 രൂപ |
| ആകെ | | 117200 രൂപ |

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന പത്താംതരം ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകൾക്ക് പരീക്ഷാഫീസ്, പഠന സാമഗ്രികൾ നൽകൽ എന്നിവക്കായാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. ബിൽ നമ്പർ. 22/18-23-3-19 പ്രകാരമുള്ള 6600/- രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങളിൽ ഹയർ സെക്കൻഡറി തുല്യതാ പരീക്ഷ ഉദ്യോഗാർത്ഥികളായ 3 പേരുടെ വിവരങ്ങളുള്ള ലിസ്റ്റ് മാത്രമാണ് ഉള്ളത്.

ബിൽ 17/18/19-3-2019 ന്റെ ഒരു വിശദാംശവും ഫയലിൽ ലഭ്യമല്ല. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ 27-10-17 ലെ എ6-2916/16/കേ.സം.സാ.മി.അ. കത്ത് പ്രകാരം സാക്ഷരതാ മിഷനിൽ അടവാക്കുന്ന നിക്ഷേപം(പരീക്ഷാ ഫീസ് മുതലായവ) വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കി കൈപ്പറ്റ് രശീതി വാങ്ങേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ തുകകളുടെ കൈപ്പറ്റ് രശീതിയോ ഉദ്യോഗാർത്ഥികളുടെ അപേക്ഷകളോ മറ്റു വിവരങ്ങളോ ഫയലിൽ ലഭ്യമല്ല.

ഇതു സംബന്ധിച്ച് 6.11.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/2018-19ന് ലഭ്യമാക്കിയ 23.11.2019ലെ എ3/11922/19 നമ്പർ മറുപടിയിൽ മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ ഒരാഴ്ചക്കകം ഹാജരാക്കാമെന്നും കൈപ്പറ്റ് രസീതിക്കായി സാക്ഷരതാ മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചു. അനുബന്ധ രേഖകളും രസീതിയും ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹ 1,17,200/-തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-44 പച്ചക്കറി കൃഷി വികസനം (കുടുംബശ്രീവഴി)-₹ 1500/- യുടെ ചെലവ് ക്രമപ്രകാരമല്ല.

പ്രോജക്ട് നമ്പർ : SOO27/2018-19
നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഫീൽഡ് ഓഫീസർ

അടങ്കൽ : ₹1,24,000/- വികസന ഫണ്ട്

: ₹45,000/- ഗുണഭോക്തൃവിഹിതം നേരിട്ട്

ബിൽ നമ്പർ : KBT 13/18-19/13-3-19 ₹31000/-

: KBT 20/18-19/22-3-19 ₹9000/-

: KBT 22/18-19/23-3-19 ₹1500/-

നഗരസഭയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി പച്ചക്കറി കൃഷി ചെയ്യുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്.

ബിൽ നമ്പർ 20 പ്രകാരം വളം വാങ്ങിയതിന് സബ്സിഡിയായി 6 പേർക്ക് ₹ 1500 വീതം മൊത്തം ₹9000 രൂപ നൽകി കാണുന്നു. എന്നാൽ ബില്ലിനോടൊപ്പമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിലെ ക്രമ നമ്പർ. 6 കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിക്ക് നൽകിയ 1500 രൂപയാണ്. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിക്ക് എന്താവശ്യത്തിന് തുക കൈമാറി എന്നതു സംബന്ധിച്ച് (22-3-19 ൽ AC. 11710100084319ലേക്ക് പണം കൈമാറി) വിശദീകരണം ആവശ്യപ്പെട്ട് 15.11.2019ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/18-19 ന് നൽകിയ മറുപടിയിൽ ബിൽ കോപ്പി ചെയ്തപ്പോൾ അബദ്ധത്തിൽ സംഭവിച്ചതാണെന്നും പ്രസ്തുത തുക ₹ 1500/- മടക്കി അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ടി തുക ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കേണ്ടതും അടവാക്കിയ വിവരം ആദ്യ മറുപടിയിൽ അറിയിക്കേണ്ടതുമാണ്.

## 1-45 ഐ.കെ.എം വിഹിതം നൽകൽ - രസീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ : SO 002/19

ഫയൽ നമ്പർ : PW1 4163/18
നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ സെക്രട്ടറി

ബിൽ നമ്പർ : 18150547000200219028 തീയതി, 14-6-2018

തുക : 2,46,148/-

2018-19 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം. വിഹിതമായി 14-06-2018 ലെ മേൽ നമ്പർ ബിൽ പ്രകാരം 2,46,148/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിനുള്ള രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇതുസംബന്ധിച്ച് 27-09-2019ന് നൽകിയ 4/2018-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഐ.കെ.എം.ൽ നിന്നും വിനിയോഗ സാക്ഷ്യപത്രവും രസീതിയും ലഭിച്ചിട്ടില്ലായെന്നും അയച്ചു തരുന്നതിന് നടപടികൾ സ്വീകരിക്കാൻ 04-10-19ലെ പി.ഡബ്ളിയു. 1/എ5-4163/18 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെന്നുമാണ് നഗരസഭ മറുപടി നൽകിയിട്ടുള്ളത്. രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 2,46,148/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-46 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല-₹ 13,86,251.93/-

നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തിലെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 03.05.1972 മുതൽ 31.03.2018 വരെയുള്ള കാലയളവിൽ അനുവദിച്ച മുൻകൂർ തുകയായ ₹12,99,711.93/- ഉം 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ₹86,540/-ഉം ഉൾപ്പെടെ 1386251.93 രൂപ നാളിതുവരെയായും ക്രമീകരിച്ചതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുൻകൂർ എടുത്ത ജീവനക്കാർ/ജീവനക്കാരന്റെ പേര് | കാലയളവ്/ തീയ്യതി | തുക (₹) | ഏത് ആവശ്യത്തിലേക്ക് |
|---|---|---|---|---|
| 1 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1972-73 | 280/- | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 2 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1973-74 | 11179.12 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 3 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1974-75 | 44195.33 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 4 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1975-76 | 35887.39 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 5 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1976-77 | 6301 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 6 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1977-78 | 211305.57 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 7 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1978-79 | 15561.23 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 8 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1979-80 | 838.92 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |

| | | | | |
|---|---|---|---|---|
| 9 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1980-81 | 249016.67 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 10 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1981-82 | 408478 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 11 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1982-83 | 21826.25 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 12 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1983-84 | 27422.25 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 13 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1984-85 | 5400 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 14 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1985-86 | 200 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 15 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1986-87 | 24089.40 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 16 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1987-88 | 19592.80 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 17 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1988-89 | 140 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 18 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1989-90 | 6600 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 19 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1990-91 | 610 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 20 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1991-92 | 2048 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |

| | | | | |
|---|---|---|---|---|
| 21 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1992-93 | 16260 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 22 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1993-94 | 1510 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 23 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1994-95 | 550 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 24 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1995-96 | 2463 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 25 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1997-98 | 660 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 26 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1998-99 | 1000 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 27 | വിവിധ ജീവനക്കാർ/ഏജൻസികൾ | 1999-2000 | 15850 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 28 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2000-01 | 7000 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 29 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2001-02 | 2000 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 30 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2002-03 | 1500 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 31 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2003-04 | 2673 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |
| 32 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2006-07 | 2000 | നഗരസഭയുടെ വിവിധ കണ്ടിജന്റ് ചെലവുകൾക്ക്. |

| | | | | |
|---|---|---|---|---|
| 33 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2008-09 | 4974 | നഗരസഭയുടെ വിവിധ കണ്ടിജൻ്റ് ചെലവുകൾക്ക്. |
| 34 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2010-11 | 6500 | നഗരസഭയുടെ വിവിധ കണ്ടിജൻ്റ് ചെലവുകൾക്ക്. |
| 35 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2014-15 | 65000 | നഗരസഭയുടെ വിവിധ കണ്ടിജൻ്റ് ചെലവുകൾക്ക്. |
| 36 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2016-17 | 12500 | നഗരസഭയുടെ വിവിധ കണ്ടിജൻ്റ് ചെലവുകൾക്ക്. |
| 37 | വിവിധ ജീവനക്കാർ/ഏജൻസികൾ | 2017-18 | 66300 | നഗരസഭയുടെ വിവിധ കണ്ടിജൻ്റ് ചെലവുകൾക്ക്. |
| 38 | ശ്രീ.രഞ്ജിത്ത്, ജെ.എച്ച്.എെ. | 17.05.2018 | 50,000/- | മാർക്കറ്റ്,കാനാത്ത് ഭാഗത്തെ കാനകൾ ജെ.സി.ബി.യും ടിപ്പർ ലോറിയും ഉപയോഗിച്ച് നീക്കം ചെയ്യുന്നതിന് അനുവദിച്ച തുക |
| 39 | ശ്രീ. അരുൺ ശേഖർ കെ., സീനിയർ ക്ലർക്ക് | 29.05.2018 | 3000/- | KL55X 1655 കാറിൻ്റെ മൈലേജ് ടെസ്റ്റ് നടത്തുന്നതിന് |
| 40 | ശ്രീ. അരുൺ ശേഖർ കെ., സീനിയർ ക്ലർക്ക് | 29.06.2018 | 25290/- | KL55K 7755, KL55G 7000 എന്നീ വാഹനങ്ങളുടെ ഇൻഷ്വർ തുക അടവാക്കുന്നതിന് |
| 41 | ശ്രീ.ടി.പി. മുഹമ്മദ് അഷ്റഫ് ,ജെ.എച്ച്.എെ. | 21.08.2018 | 8250/- | കാലവർഷ കെടുതിയിൽ നഗരസഭ പ്രദേശത്തെ വീടുകളിൽ ശുചീകരണ പ്രവർത്തനത്തിന് ബ്ലീച്ചിംഗ് പൗഡർ വാങ്ങുന്നതിന് |
| | ആകെ | | 13,86,251.93/- | |

10.07.2012ലെ ജി.ഒ.(പി) നം.390/2012/ധന പ്രകാരം ഭേദഗതി വരുത്തിയ ആർട്ടിക്കിൾ 99,കെ.എഫ്.സി പ്രകാരം മുൻകൂറുകൾ ചെലവഴിച്ചതിൻ്റെ അഡ്ജസ്റ്റ്മെൻ്റ് ബിൽ 3 മാസത്തിനകം സമർപ്പിച്ചില്ലെങ്കിൽ മുൻകൂറുകൾ പിൻവലിച്ച തിയ്യതി മുതൽ തിരിച്ചു പിടിക്കുന്ന തിയ്യതി വരെ 18% നിരക്കിൽ പലിശ സഹിതം മുഴുവൻ മുൻകൂർ തുകയും തിരിച്ച്

പിടിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മുൻക്കുറുകൾ ക്രമീകരിക്കുന്നത് സംബന്ധിച്ച ഫയൽ (എ2.9516/06) പരിശോധിച്ചതിൽ റീജിയണൽ ജോയിന്റ് ഡയറക്ടർക്കുള്ള 22.12.2009 ലെ എ2.4882/09 കത്ത് പ്രകാരം 1972 മുതൽ 1982 കൂടിയ സാമ്പത്തിക വർഷത്തിലെ മുൻക്കുറുകൾ (8,76,843.53/-) ഓഡിറ്റ് മോണിറ്ററിംഗ് കമ്മറ്റിയിൽ വെച്ച് പരിഹരിക്കുന്നതിന് അയച്ചിട്ടുണ്ട്. എന്നാൽ ആയതിൻ മേൽ തുടർനടപടികളൊന്നും സ്വീകരിച്ചതായി ഫയൽ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞിട്ടില്ല.

വർഷങ്ങളായുള്ള മുൻക്കുറുകൾ സമയപരിധിക്കകം ക്രമീകരിക്കുകയോ തിരിച്ച് പിടിക്കുകയോ ചെയ്യാത്തതിനു വിശദീകരണം ആവശ്യപ്പെട്ട് 17.02.2020 ന് നൽകിയ ഓഡിറ്റ് എൻക്വയറി 54/2018-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻക്കുറുകൾ ക്രമീകരിക്കുകയോ തിരിച്ച് പിടിക്കാൻ കഴിയത്തവയെ സംബന്ധിച്ച് മേൽ രേഖപ്പെടുത്തിയ പ്രകാരമുള്ള ഓഡിറ്റ് മോണിറ്ററിംഗ് കമ്മറ്റിയിൽ വെച്ച് പരിഹരിച്ച് വിവരം ഈ കാര്യാലയത്തെ അറിയിക്കുകയും മുൻക്കുർ രജിസ്റ്ററിൽ തദനുസരണമായ രേഖപ്പെടുത്തലുകൾ നടത്തി സമർപ്പിക്കേണ്ടതാണ്. ഇതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-47 ഗ്രന്ഥശാല നികുതിയിനത്തിൽ പിരിക്കുന്ന തുക യഥാസമയം അടവാക്കുന്നില്ല.

ഫയൽ നം. ആർ1-2068/98

കേരള പബ്ലിക്ക് ലൈബ്രറി ആക്ട് 1989 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതിയുടെ 5 ശതമാനം ഗ്രന്ഥശാല നികുതിയിനത്തിൽ പിരിച്ച് ലൈബ്രറി കൗൺസിലിലേക്ക് രണ്ട് തവണകളായി ഏപ്രിൽ 30നകവും നവംബർ 30 നകവും അടവാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ(എൽ) വകുപ്പിന്റെ 20.09.2005 ലെ 10088/എൽ3/05/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം ഗ്രന്ഥശാല നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് തവണകളായി ഏപ്രിൽ 30നകവും നവംബർ 30 നകവും അടവാക്കേണ്ടതാണെന്നും ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുമെന്നും കാലതാമസം വരുന്ന കാലയളവിലേക്കുള്ള പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. 18.04.2017ലെ 1231105/ഇ.പി.എ2/2017 ത.സ്വ.ഭ.വ സർക്കുലറിലും ഗ്രന്ഥശാല നികുതിയിനത്തിൽ പിരിക്കുന്ന തുക യഥാസമയം അടവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രന്ഥശാല നികുതി അടവ് വിവരം കാണിക്കുന്ന ഫയൽ പരിശോധിച്ചതിൽ 2016-17 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ വരവ് തുക നാളിതുവരെയായും ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഒന്നാം അർദ്ധ വർഷം<br>തുക | രണ്ടാം അർദ്ധ വർഷം<br>തുക | ആകെ |
|---|---|---|---|
| 2016-17 | 553531 | 716486 | 1270017 |
| 2017-18 | 493418 | 727891 | 1221309 |
| 2018-19 | 489415 | 425767 | 915182 |
| ആകെ | 1536364 | 1870144 | 3406508 |

മേൽ കാണിച്ച പ്രകാരം ആകെ 34,06,508 രൂപ ഈയിനത്തിൽ അടവാക്കാൻ അവശേഷിക്കുന്നുണ്ട്. ഗ്രന്ഥശാല നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുക യഥാസമയം അടവാക്കാതിരിക്കാനുള്ള കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് 30.09.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/2018-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സർക്കുലറിലേയും ഉത്തരവിന്റേയും അടിസ്ഥാനത്തിൽ ഗ്രന്ഥശാല നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുക യഥാസമയം ലൈബ്രറി കൗൺസിലിലേക്ക് അടവാക്കേണ്ടതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 ജീവനക്കാരുടെ ശമ്പളപരിഷ്കരണ തിട്ടപ്പെടുത്തലുകൾക്ക്-യഥാസമയം അഗീകാരം വാങ്ങുന്നില്ല

2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 2010 ന് മുമ്പ് സേവനത്തിൽ പ്രവേശിച്ച തിരൂർ നഗരസഭയിലെ മുഴുവൻ റഗുലർ, കണ്ടിജന്റ് ജീവനക്കാരുടെയും സേവനപുസ്തകങ്ങൾ പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണ തിട്ടപ്പെടുത്തലുകൾക്ക് യഥാസമയം ഓഡിറ്റിന്റെ അംഗീകാരം വാങ്ങിക്കുന്നില്ലായെന്ന് കണ്ടെത്തി.

ജീവനക്കാരുടെ ശമ്പള നിർണ്ണയങ്ങൾക്ക് യഥാസമയം അംഗീകാരം ലഭ്യമാക്കാത്തത് മൂലം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ശുപാർശ ചെയ്യുന്നതിനായി കാലതാമസം വരുന്ന സാഹചര്യം തിരൂർ നഗരസഭയിൽ നിലനിൽക്കുന്നുണ്ട്. മാത്രമല്ല തെറ്റായ ശമ്പളം അനുവദിച്ച സംഗതികളിൽ ആയതിന്, ജീവനക്കാർ

ഉത്തരവാദിയല്ലെന്നും ജീവനക്കാർക്ക് അനുവദനീയമായ നിരക്കിൽ ശമ്പളം അനുവദിക്കേണ്ടത് ശമ്പളം നിജപ്പെടുത്തുന്ന/അനുവദിക്കുന്ന ഉദ്യോഗസ്ഥന്റെ ചുമതലയാണെന്നും അധികശമ്പളം ശമ്പളനിർണ്ണയം നടത്തുന്ന/മേലുദ്യോഗസ്ഥന്റെ ബാധ്യതയാണെന്നും ബഹു.കോടതി ഉത്തരവായിട്ടുള്ളതുമാണ്.

ജീവനക്കാരുടെ സേവനപുസ്തകങ്ങൾ യഥാസമയം പരിശോധനക്കായി സമർപ്പിക്കാത്തതിനുള്ള കാരണം സംബന്ധിച്ച് 40/2018-19,42/2018-19 നമ്പർ പ്രകാരം ഓഡിറ്റ് എൻക്വയറികൾ നൽകിയെങ്കിലും നഗരസഭ മറുപടി നൽകിയില്ല. ജീവനക്കാരുടെ ശമ്പളപരിഷ്കരണ തിട്ടപ്പെടുത്തലുകൾക്ക് യഥാസമയം അംഗീകാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-49 കണ്ടിജന്റ് വിഭാഗം -അംഗീകരിച്ച് നൽകിയതിൽ നിന്നും വ്യത്യസ്തമായി പെൻഷൻ അനുവദിക്കുന്നു.

ഫയൽ നം. എച്ച്1-14405/13

07-09-2017ലെ സ.ഉ.(എം.എസ്) നമ്പർ. 178/2017/തസ്വഭവ. ഉത്തരവ് പ്രകാരം നഗരസഭയിലെ കണ്ടിജന്റ് വിഭാഗം പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിച്ച് പരിശോധനക്കായി ഓഡിറ്റ് കാര്യാലയത്തിലേക്ക് നൽകിയിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും പെൻഷൻ ബുക്കുകൾ പരിശോധിച്ച് അപാകതകൾ ചൂണ്ടിക്കാണിച്ച് കത്തുകൾ നൽകുകയും പരിഷ്കരിച്ച പെൻഷൻ, പെൻഷൻ ബുക്കുകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയും ആയത് നൽകുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തു. എന്നാൽ 2018-19 വർഷത്തെ പെൻഷൻ ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മേൽ നിർദ്ദേശം പരിഗണിക്കാതെയാണ് താഴെ കൊടുത്തിരിക്കുന്ന വ്യക്തിക്ക് പെൻഷൻ അനുവദിച്ചത്.

| പെൻഷണറുടെ പേര് | നഗരസഭ നിർണ്ണയിച്ച പെൻഷൻ | ഓഡിറ്റ് ശുപാർശ ചെയ്ത പെൻഷൻ | റിമാർക്സ് |
|---|---|---|---|
| ശ്രീമതി. കുറുമ്പ.എം.പി. | 8,910 | 8,500 | കെ.എസ്.എ-ടി.ആർ.എം3/219/18<br>തീയതി, 16-7-2018 |

ഇതു സംബന്ധിച്ച് 15.10.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/2018-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം ഓഡിറ്റ് ശുപാർശ ചെയ്ത പ്രകാരം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തെറ്റായ രീതിയിൽ പെൻഷൻ പരിഷ്കരിച്ചതിൽ അധികം നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അധിക തുക തിരികെ ഈടാക്കിയ വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.

## 1-50 നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കുമായി വിവിധ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കും പദ്ധതികളുടെ നിർവ്വഹണത്തിനുമായി വിവിധ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിനായി ജി.ഒ(പി) 259/2010 തസ്വഭവ. തീയതി 08-11-2010 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. തിരൂർ നഗരസഭയുടെ 2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്ന രീതി പരിശോധിക്കുകയും 09-01-2020 ലെ ഓഡിറ്റ് എൻക്വയറി നമ്പർ.43/18-19 പ്രകാരം നഗരസഭയിൽ നിന്നും വിശദാംശങ്ങൾ തേടുകയും ചെയ്തു. ആയതിന് 13-01-2020ലെ എ3-11922/19നമ്പർ പ്രകാരം ലഭ്യമാക്കിയ മറുപടിയുടെയും മേൽ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, വാങ്ങൽ രീതി കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

**1. പ്രൊക്യൂർമെന്റ് കമ്മറ്റി**

നഗരസഭയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. കമ്മിറ്റിയുടെ മിനുട്സ്ബുക്ക് പരിശോധിച്ചതിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ നഗരസഭ ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ (S.O 292/19), ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ അംഗനവാടികളിലേക്ക് കളിപ്പാട്ടം വാങ്ങൽ, (പ്രൊജക്റ്റ്നമ്പർ.11) എന്നീ രണ്ടു വാങ്ങലുകളിൽ മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെട്ട് നിർദ്ദേശം/അംഗീകാരം നൽകിയതായി കാണുന്നത്. എന്നാൽ മറ്റു നിർവ്വഹണോദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മറ്റി പരിശോധന നടത്തിയതായോ നിർദ്ദേശങ്ങളും അംഗീകാരവും നൽകിയതായോ കാണുന്നില്ല. ഉദാ-നഗരസഭാ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ (പ്രോജക്ട് നമ്പർ.S.O. 291/19 ഫയൽ നമ്പർ. A5-20009/18, സമ്പൂർണ്ണ ശുചിത്വം, ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നമ്പർ.S.O.023/18-19ഫയൽ നമ്പർ.H2 18026/18)

**2. വാങ്ങൽ ടീം**

സെക്രട്ടറി/നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതാണ്. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാനചുമതല വാങ്ങൽ ടീമിനാണ്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ ഉപദേശ നിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വാങ്ങൽ ടീം നഗരസഭയിൽ രൂപീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും

ടീമിന്റെ നിർദ്ദേശങ്ങളോ തീരുമാനങ്ങളോ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ ഒരു വാങ്ങൽ പദ്ധതികളിലും പരിഗണിച്ചതായി കാണുന്നില്ല.

**3. വാങ്ങൽ രീതി ഏകീകൃതമാക്കുക**

ഒരേ സാധനങ്ങൾ വ്യത്യസ്ത നിർവ്വഹണോദ്യഗസ്ഥർ വ്യത്യസ്ത ഏജൻസികളിൽ നിന്നും വാങ്ങുന്നതിന് പകരം ഏകീകൃതമാക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. ആയതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, വാങ്ങൽ ടീം എന്നിവർ ആവശ്യമായ മേൽനോട്ടവും നിർദ്ദേശങ്ങളും നൽകേണ്ടതാണ്.

**4. എ.എം.സി**

നഗരസഭയിൽ എ.എം.സി. പ്രകാരം ലഭ്യമാക്കിയ സേവനങ്ങൾ സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനവും കമ്പ്യൂട്ടറുകളുടെ പരിപാലനവുമാണ്. കമ്പ്യൂട്ടറുകളുടെ എ.എം.സി. സർക്കാർ നിർദ്ദേശ പ്രകാരം കെൽട്രോൺ മുഖേനയാണ് നടപ്പാക്കുന്നത്. എ5-15519/17 നമ്പർ ഫയൽ പരിശോധിച്ചതിൽ 26-03-2018 മുതൽ 25-03-2019 വരെ ഒരു വർഷത്തേക്ക് 151807/- രൂപയ്ക്ക് കെൽട്രോണിന് എ.എം.സി നൽകിയതായും എഗ്രിമെന്റ് വെച്ചതായും കാണുന്നു. എന്നാൽ എ.എം.സി പ്രകാരം മേൽ കാലയളവിൽ നടത്തിയ മെയിന്റനൻസ് വർക്കുകളെ സംബന്ധിച്ചോ, അവ പരിഹരിച്ചത് സംബന്ധിച്ചോ, ഫയൽ/രജിസ്റ്ററിൽ രേഖപ്പെടുത്തലുകളൊന്നുമില്ല. എ.എം.സി. സംബന്ധിച്ച എല്ലാ രേഖപ്പെടുത്തലുകളും (തകരാറുകൾ പരിഹരിച്ച വിവരം. തിയ്യതി etc., തുടങ്ങിയ വിവരങ്ങൾ) വരുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കരാർ കാലയളവിൽ എന്തെല്ലാം മെയിന്റനൻസുകൾ ആവശ്യമായി വന്നുവെന്നും ആയത് പരിഹരിക്കുന്നതിനെടുത്ത സമയം, കാര്യക്ഷമത ആയതിന് വന്ന ചെലവ് എന്നിവ പ്രത്യേകം വിലയിരുത്തേണ്ടതും സാക്ഷ്യപത്രം നൽകേണ്ടതുമാണ്. ആയത് തുടർ വർഷങ്ങളിൽ എ.എം.സി നൽകുന്നതിന് മാനദണ്ഡമാക്കേണ്ടതുമാണ്.

സ്ട്രീറ്റ് ലൈറ്റിന്റെ പരിപാലനം 2017-18, 2018-19 വർഷങ്ങളിൽ ഒരേ ഏജൻസിക്ക് തന്നെയാണ് നൽകിയിട്ടുള്ളത്. അറ്റകുറ്റപ്പണിക്ക് ശേഷം ബന്ധപ്പെട്ട വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി തുക നൽകുകയാണ് ചെയ്യുന്നത്. പരാതി രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പരാതി പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ പരാതികൾ സമയബന്ധിതമായി പരിഹരിച്ചുവെന്ന് വിലയിരുത്താനാകുന്നില്ല. പരാതി രജിസ്റ്ററിൽ പരാതി പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ കൂടി രേഖപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**5.ഇ-പ്രൊക്യൂർമെന്റ്**

സ.ഉ.(എം.എസ്.നമ്പർ.13/2015/എെ.ടി.ഡി തിയ്യതി 12-05-2015 പ്രകാരം 5ലക്ഷത്തിനു മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും ഇ-പ്രൊക്യൂർമെന്റ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. അതിന് തിരൂർ നഗരസഭയിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നഗരസഭ അറിയിച്ചിട്ടുണ്ടെങ്കിലും ഇ-പ്രൊക്യൂർമെന്റ് മുഖേന സാധനങ്ങളോ സേവനങ്ങളോ സമാഹരിച്ചതായി കാണുന്നില്ല. ബന്ധപ്പെട്ട ഫയലുകളും നഗരസഭ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 5 ലക്ഷത്തിനു മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും നിർബന്ധമായും ഇ-പ്രൊക്യൂർമെന്റ് സംവിധാനം ഉപയോഗപ്പെടുത്തേണ്ടതാണ്.

**6. കംപ്ലയിന്റ് രജിസ്റ്റർ**

വാങ്ങിയ സാധനങ്ങൾക്ക് വാറണ്ടി കാലയളവിൽ കൃത്യമായ സേവനം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വാറണ്ടി കാലയളവിൽ വരുന്ന കേടുപാടുകൾ ആയതിൽ രേഖപ്പെടുത്തുകയും പരിഹരിക്കുന്ന മുറയ്ക്ക് ആയതും കൂടി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**7. സോഷ്യൽ ഓഡിറ്റ് കമ്മിറ്റി**

ജനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുന്നതിനു വേണ്ടി പൊതുവിഭവങ്ങൾ വിനിയോഗിക്കുന്നതിൽ വർദ്ധിച്ച കാര്യക്ഷമതയും ഗുണഫലവും ഉറപ്പാക്കുന്നതിന് ക്രിയാത്മക ഇടപെടലുകൾ നടത്താൻ ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സോഷ്യൽ ഓഡിറ്റ് കമ്മിറ്റികൾ രൂപീകരിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. തിരൂർ നഗരസഭയിൽ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി പ്രവർത്തിക്കുന്നില്ലായെന്ന് നഗരസഭ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മേൽ ഉത്തരവിൽ അനുശാസിക്കുന്ന പ്രകാരമുള്ള സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭ ലഭ്യമാക്കുന്ന സാധനങ്ങളും സേവനങ്ങളും കൂടുതൽ സുതാര്യവും ഫലപ്രദവുമാക്കി മാറ്റുന്നതിന് നിശ്ചിത മാർഗ്ഗരേഖയും 2017-18, 2018-19 എന്നീ വർഷങ്ങളിൽ സേവനങ്ങളും സാധനങ്ങളും വാങ്ങിയ രീതിയും പരിശോധിച്ച് തയ്യാറാക്കിയ ഈ അവലോകന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ തുടർവർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്.

## 1-51 കിടപ്പ് രോഗികൾക്കുള്ള പരിരക്ഷ പദ്ധതി - പ്രവർത്തനാവലോകനം

തിരൂർ നഗരസഭാപരിധിയിലെ കിടപ്പിലായ രോഗികൾക്ക് പരിചരണം നൽകുന്നതിനായി പരിരക്ഷ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ തിരൂർ ഗവ. ആശുപത്രി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പരിരക്ഷ പദ്ധതി നടപ്പിലാക്കുകയും ആകെ 2,61,635/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭാപരിധിയിലെ ഒട്ടേറെ കിടപ്പിലായ രോഗികൾക്ക് ആശ്വാസം നൽകുന്നതിന് പരിരക്ഷ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. ആഴ്ചയിൽ 4 ദിവസം ഹോം കെയർ സംവിധാനത്തിലൂടെ 30 ൽ കുറയാത്ത രോഗികൾക്ക് പരിചരണം നൽകുന്നതായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. പരിരക്ഷപദ്ധതിയുടെ പ്രവർത്തനങ്ങൾ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയും കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായി പ്രവർത്തിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

പാലിയേറ്റീവ് പരിചരണ പദ്ധതികൾ ഏറ്റവും ഫലപ്രദവും കുറ്റമറ്റ രീതിയിലും നടപ്പിൽ വരുത്തുന്നതിനായി സ.ഉ.(ആർ.റ്റി) 3217/2015 തസ്വഭവ. തീയതി 29-10-2015 പ്രകാരം സർക്കാർ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം ദീർഘകാല രോഗങ്ങളാലും, മാറാരോഗങ്ങളാലും ദുരിതമനുഭവിക്കുന്ന രോഗികൾക്ക് മരുന്ന്, നഴ്സിംഗ് പരിചരണം എന്നിവ നൽകുന്നതോടൊപ്പം അവർക്ക് സാന്ത്വന പരിചരണം കൂടി നൽകി മാനസികമായി ശക്തിപ്പെടുത്തുക എന്നതുകൂടി പാലിയേറ്റീവ് പരിചരണം ലക്ഷ്യം വെക്കുന്നുണ്ട്. അതിനായി മാർഗ്ഗരേഖ ഖണ്ഡിക 2-2 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിനു മുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള ആശുപത്രികളിലെ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ , ഫീൽഡ് വർക്കർമാർ, ആശാവർക്കർമാർ, പരിചരണ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ, വ്യക്തികൾ, കുടുംബശ്രീ, സി.ഡി.എസ്. ഭാരവാഹികൾ, സ്ഥാപന പരിധിയിലെ സ്കൂളുകളിലെ എൻ.എസ്.എസ്,എസ്.പി.സി ചുമതലയുള്ള അദ്ധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി വിപുലമായ ഒരു യോഗം വിളിച്ചു ചേർക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യേണ്ടതുണ്ട്. പ്രസ്തുത യോഗത്തിൽ നിന്നും അടുത്ത ഒരു വർഷത്തേക്ക് ഹോം കെയർ നടപ്പാക്കാൻ വേണ്ട ഒരു ടീമിനെ തെരഞ്ഞെടുക്കേണ്ടതും അവർക്ക് ഒരു ഏകദിനപരിശീലനം നൽകാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇത്തരത്തിൽ ഒരു മുന്നൊരുക്കം നഗരസഭ നടത്തിയതായി കാണുന്നില്ല. ഹോം കെയർ പ്രവർത്തനം കൂടുതൽ സജീവമാകുന്നതിന് ഇത് അനിവാര്യമാണ്.

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC), പാലിയേറ്റീവ് നിർവ്വഹണ കമ്മിറ്റി ((PIC)എന്നിവ രൂപീകരിക്കുകയും യോഗം ചേരുകയും ചെയ്യുന്നുണ്ടെങ്കിലും ഹോം കെയർ പ്രവർത്തനങ്ങളിലെ പോരായ്മകൾ വിലയിരുത്തി, പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ/തീരുമാനങ്ങൾ എടുക്കുന്നതായി കാണുന്നില്ല. യോഗങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ പങ്കെടുക്കുന്നില്ല. മാർഗ്ഗരേഖ ഖണ്ഡിക 2-3, 2-4 എന്നിവ പ്രകാരം യഥാക്രമം PMC, PIC എന്നിവയുടെ മെമ്പർ സെക്രട്ടറി/കൺവീനർ സ്ഥാനം വഹിക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറാണ്. ആയതിനാൽ മേൽ കമ്മിറ്റികളിൽ അദ്ദേഹത്തിന്റെ സാന്നിധ്യം അനിവാര്യമാണ്. എല്ലാ യോഗങ്ങളിലും ബഹു. ചെയർമാനും ജനപ്രതിനിധികളിൽ നിന്നുള്ളവരും കൃത്യമായി പങ്കെടുക്കുന്നുണ്ട്.

നോമിനൽ രജിസ്റ്റർ, ഫോളോ അപ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് പരിശോധിച്ചാൽ നിലവിൽ എത്ര രോഗികൾക്ക് സേവനം നൽകുന്നുവെന്നും എത്ര രോഗികൾക്ക് ഹോം കെയർ സംവിധാനം ആവശ്യമായി വരുന്നുവെന്നും വ്യക്തമാകുന്നില്ല. പാലിയേറ്റീവ് പരിചരണത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നവരുടെയും മരണപ്പെടുന്നവരുടെയും വിവരങ്ങൾ അതത് സമയങ്ങളിൽ നോമിനൽ രജിസ്റ്ററിൽ രേഖപ്പെടുത്തണം. പുതുതായി കണ്ടെത്തുന്നവരെ പി.എെ.സിയുടെ അംഗീകാരത്തോടെ രജിസ്റ്റർ ചെയ്ത് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. അതിൽ നിന്നും നിരന്തരം ഹോം കെയർ ആവശ്യമായവരെ ചേർത്ത് ഫോളോ അപ് രജിസ്റ്ററും തയ്യാറാക്കാവുന്നതാണ്.

അനുബന്ധം-3 പ്രകാരമുള്ള ഗൃഹസന്ദർശന റിപ്പോർട്ട്ബുക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2.6.3(6) പ്രകാരം മെഡിക്കൽ ഓഫീസർ ഗൃഹസന്ദർശന റിപ്പോർട്ട് സാക്ഷ്യപ്പെടുത്തി ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. ഖണ്ഡിക 2.6.3(7) പ്രകാരം ഓരോ ദിവസവും ഗൃഹസന്ദർശനം നടന്നു കഴിഞ്ഞാൽ അന്നു തന്നെയോ തൊട്ടടുത്ത ദിവസമോ അനുബന്ധം-3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് അപ്‌ലോഡ് ചെയ്യേണ്ടതാണ് . അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം. ലഭ്യമാക്കേണ്ടതാണ്. ഹാജരാക്കിയ രേഖകൾ പ്രകാരം ഇപ്രകാരം ചെയ്യുന്നതായി കാണുന്നില്ല.

പാലിയേറ്റീവ് പരിചരണത്തിൽ ഉപയോഗിക്കുന്ന വീൽ ചെയർ, വാക്കർ, കട്ടിൽ എന്നിവയുടെ മൂവ്മെന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഓരോ ഉപകരണങ്ങളും എത്രവീതം ഉണ്ടെന്നും രോഗികൾക്ക് നൽകുന്നതിന്റെയും തിരിച്ച് വാങ്ങിയതിന്റെയും വിവരങ്ങൾ രജിസ്റ്ററിൽ പൂർണ്ണമായി ഉൾപ്പെടുത്തിയിട്ടില്ല. മൂവ്മെന്റ് രജിസ്റ്ററിൽ ഉപകരണങ്ങളുടെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഖണ്ഡിക 2.6.8 പ്രകാരം ഇവയുടെ സൂക്ഷിപ്പ് ചുമതല ആരോഗ്യകേന്ദ്രത്തിലെ ഫാർമസിസ്റ്റിനാണ്.

ഹോം കെയറിനായി ഉപയോഗിക്കുന്ന വാഹനത്തിന്റെ ലോഗ്ബുക്കിൽ വാഹനം ഉപയോഗിക്കുന്ന വ്യക്തി/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല. വാഹനവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നതിന്റെ വിശദാംശങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തി വാഹനത്തിന്റെ ചുമതലയുള്ള ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2)ഓരോ തവണ ഇന്ധനം നിറക്കുന്നതിന്റെ വിശദാംശങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തി വാഹനത്തിന്റെ ചുമതലയുള്ള ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3)ഓരോ തവണ ഇന്ധനം നിറക്കുമ്പോഴും ഫുൾടാങ്ക് ഇന്ധനം നിറച്ചിട്ടുള്ളതായി അദ്ദേഹം ഉറപ്പു വരുത്തേണ്ടതാണ്.
4) നിശ്ചിത സമയങ്ങളിൽ ഫ്യുവൽ എഫിഷ്യൻസി ടെസ്റ്റ് നടത്തേണ്ടതാണ്.

മാർഗ്ഗരേഖ ഖണ്ഡിക 2.6.5 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കിയ വാഹനം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിനുശേഷം പാലിയേറ്റീവ് കെയർ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ കൺവീനറായിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് രേഖാമൂലം കൈമാറേണ്ടതും തുടർന്ന് വാഹനത്തിന്റെ കസ്റ്റോഡിയൻ HMC കൺവീനറായ മെഡിക്കൽ ഓഫീസർ ആയിരിക്കുന്നതുമാണ്. ഇപ്രകാരം ലഭിച്ച വാഹനം ആരോഗ്യസ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. മേൽ നടപടി ക്രമം നഗരസഭ സ്വീകരിച്ചതായോ മെഡിക്കൽ ഓഫീസർക്ക് വാഹനത്തിന്റെ കാര്യത്തിൽ ഉത്തരവാദിത്വം ഉള്ളതായോ പരിശോധനയിൽ കാണുന്നില്ല.

പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പി.എം.സിയുടെ ആഭിമുഖ്യത്തിൽ നഗരസഭയിൽ വെച്ച് മാർഗ്ഗരേഖ ഖണ്ഡിക 2.11 പ്രകാരം ഓരോ മാസത്തിലും അവലോകനയോഗങ്ങൾ നടത്തേണ്ടതും ഓരോ അവലോകന യോഗത്തിലും മുൻമാസം നടന്ന പ്രവർത്തനങ്ങളുടെ എഴുതി തയ്യാറാക്കിയ വിശദമായ റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും റിവ്യൂ മീറ്റിംഗ് റിപ്പോർട്ട് ബുക്കിൽ രേഖപ്പെടുത്തി നഴ്സ് അവതരിപ്പിക്കേണ്ടതാണ്. പ്രസ്തുതയോഗത്തിൽ അടുത്ത മാസത്തേക്കുള്ള പ്രവർത്തന രൂപരേഖയും എഴുതി തയ്യാറാക്കിയിരിക്കേണ്ടതാണ്. പ്രതിമാസ അവലോകന യോഗത്തിൽ വെച്ച് അടുത്ത ഒരു മാസം ഹോം കെയറിൽ പങ്കെടുക്കേണ്ട സന്നദ്ധ പ്രവർത്തകർ, ജനപ്രതിനിധികൾ, ആരോഗ്യ ഫീൽഡ് ഉദ്യോഗസ്ഥർ, ആശാവർക്കർമാർ എന്നിവരെ തീരുമാനിക്കേണ്ടതും അതു പ്രകാരം അടുത്ത 4 ആഴ്ചത്തേക്കുള്ള ഗൃഹസന്ദർശന ഷെഡ്യൂൾ തയ്യാറാക്കേണ്ടതുമാണ്. ഷെഡ്യൂൾ ബന്ധപ്പെട്ട എല്ലാവർക്കും നൽകേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ആരോഗ്യസ്ഥാപനങ്ങളുടെയും ഗ്രാമ/വാർഡ് കേന്ദ്രങ്ങളുടെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതുമാണ്. ഇതുപ്രകാരം മുൻകൂട്ടി ആസൂത്രണം ചെയ്യുന്നത് മൂലം പരിചരണം ആവശ്യമുള്ള എല്ലാ രോഗികൾക്കും കൃത്യമായ ഇടവേളകളിൽ ആവശ്യമായ പരിചരണവും ഒ.പി.സേവനം ആവശ്യമെങ്കിൽ അതും നൽകാൻ കഴിയും. ഇപ്രകാരമുള്ള അവലോകനയോഗങ്ങളുടെയും വിലയിരുത്തലുകളുടെയും അഭാവത്തിൽ മോണിട്ടറിംഗ് സംവിധാനം നഗരസഭയിൽ കാര്യക്ഷമമല്ലെന്ന് അഭിപ്രായപ്പെടുന്നു.

നഗരസഭ നടപ്പിലാക്കി വരുന്ന പാലിയേറ്റീവ് പരിചരണ പദ്ധതി കൂടുതൽ ഫലപ്രദമാക്കുന്നതിനായി പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ-2015 ന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റിന്റെ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിനായി പാലിയേറ്റീവ് കെയർ കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവർ നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭ ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 1-52 നഗരസഭയിലെ വാഹനങ്ങളുടെ പരിപാലനം - അപാകതകൾ

നഗരസഭയുടെ അധീനതയിലുള്ള KL 55G 7000, KL 55B 1226, KL55W 3922, KL 55Q 4444 എന്നീ വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലെ വിവരങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പരാമർശിക്കുന്നു.

**1.** കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 2000 ചട്ടം 8 പ്രകാരവും 30.06.2007ലെ ജി.ഒ. (എം.എസ്) 170/2007/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും ഓരോ ആറ് മാസവും ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് മോട്ടോർ വെഹിക്കിൾ വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, നഗരസഭയിലെ വാഹനങ്ങളിലൊന്നും തന്നെ ഇത് പാലിച്ചുവരുന്നില്ല. എല്ലാ മാസവും ബന്ധപ്പെട്ട സെക്ഷനിലെ ഒരു ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ മാത്രമാണ് ഇത് സംബന്ധിച്ച് നടത്തിവരുന്നത്.

**2.** മേൽപ്പരാമർശിച്ച ഉത്തരവ് പ്രകാരം ഇന്ധനം നിറയ്ക്കുന്ന വേളകളിലെല്ലാം കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ വാഹനത്തിന്റെ ഇന്ധനടാങ്കിൽ പൂർണ്ണമായും (ഫുൾ ടാങ്ക്) നിറയ്ക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, നഗരസഭയുടെ വാഹനങ്ങളിൽ ഇന്ധനടാങ്കുകൾ പൂർണമായി നിറക്കാതെയാണ് റീഫില്ലിംഗ് നടത്തി വരുന്നത്. എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ വാഹനമായ KL 55 G 7000 നമ്പർ ബൊലേറോയിൽ ഇന്ധനം നിറക്കുന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നും തന്നെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

**3.** വാഹനത്തിൽ യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥർ ലോഗ്ബുക്കിൽ ഒപ്പ് വെക്കുന്നില്ല.
a) KL 55 W 3922 നമ്പർ ടിപ്പർ ലോറി - യാത്ര സംബന്ധിച്ചുള്ള സാക്ഷ്യപ്പെടുത്തലുകൾ നടത്തിവരുന്നത് വാഹനത്തിന്റെ ഡ്രൈവറാണ്. ഈ വാഹനത്തിന്റെ യാത്രകൾ നിരീക്ഷിക്കുന്നതിനും യാത്ര സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ നടത്തുന്നതിനുമായി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.
b) KL 55 1226 നമ്പർ ട്രാക്ടർ - ഉപയോഗം സംബന്ധിച്ച് യാതൊരു വിധ സാക്ഷ്യപ്പെടുത്തലുകളും ലോഗ്ബുക്കിൽ നടത്തുന്നില്ല. ഉപയോഗം സംബന്ധിച്ച് നിരീക്ഷിക്കുന്നതിനും സാക്ഷ്യപ്പെടുത്തൽ നടത്തുന്നതിനുമായി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.

c) KL 55 G 7000 നമ്പർ ജീപ്പ് - 08/2018 മുതൽ 12/2018 വരെയുള്ള കാലയളവിലെ യാത്രകൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയത് യാത്ര ചെയ്ത ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**4.** കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 2000, ചട്ടം 4 പ്രകാരം ലോഗ് ബുക്ക്, ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ പരിപാലിക്കേണ്ടതാണ്. ഹെൽത്ത് വിഭാഗത്തിലെ വാഹനങ്ങൾക്ക് ചട്ടങ്ങളിൽ പരാമർശിച്ച രീതിയിലുള്ള ഫ്യുവൽ രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. എന്നാൽ, എഞ്ചിനീയറിംഗ് വിഭാഗത്തിലെ KL 55 G 7000 നമ്പർ ജീപ്പിനായി പരിപാലിച്ച് വരുന്ന ഫ്യുവൽ രജിസ്റ്റർ ചട്ടങ്ങളിൽ പരാമർശിക്കുന്ന മാതൃകയിലല്ല. ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ എന്നിവ നഗരസഭയിൽ പരിപാലിക്കുന്നില്ല.

മേൽപ്പരാമർശിച്ച അപാകതകളിന്മേലുള്ള വിശദീകരണം അടിയന്തരമായി അറിയിക്കേണ്ടതാണെന്ന് 04.02.2020ലെ 50/2018-19 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. മേൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ആയത് സംബന്ധിച്ച മറുപടി ഹാജരാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 തൊഴിൽ നികുതി ഈടാക്കിയില്ല. ₹20,310/-നഷ്ടം

**1)വരുമാന പത്രികകൾക്കനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയില്ല.₹7810/- നഷ്ടം**

2018-19 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും വരുമാന പത്രികകളിൽ ചേർത്തിട്ടുള്ള വരുമാനത്തിന് ആനുപാതികമായ തൊഴിൽ നികുതി ഈടാക്കിക്കാണുന്നില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര്,തസ്തിക,ഓഫീസ്. | പത്രിക പ്രകാരമുള്ള അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | നികുതിയിനത്തിലെ കുറവ് |
|---|---|---|---|---|---|
| 1 | ശ്രീ.രാജേഷ്.ആർ. ഓപറേറ്റർ,കേരള വാട്ടർ അതോറിറ്റി, പി.എച്ച്. സബ് ഡിവിഷൻ | 1,47,642-(ഒന്നാം അർദ്ധ വർഷം) | 1250 | 180 | 1070 |
| 2 | ശ്രീമതി.രിസ്‌വാന.പി.CSM,ഇൻഡസ്ഇൻഡ് ബാങ്ക് | 1,20,000(രണ്ടാം അർദ്ധ വർഷം) | 1000 | 180 | 820 |
| 3 | ശ്രീ.അസ്ഹറുദ്ധീൻ.കെ.BDE,ഇൻഡസ്ഇൻഡ് ബാങ്ക് | 95,958(രണ്ടാം അർദ്ധ വർഷം) | 750 | 180 | 570 |
| 4 | ശ്രീ.ബിജിൻ.എ.പി.,BDM,ഇൻഡസ്ഇൻഡ് ബാങ്ക് | 1,15,278(രണ്ടാം അർദ്ധ വർഷം) | 1000 | 450 | 550 |
| 5 | ശ്രീമതി. വിൻസി.സി.,BDE,ഇൻഡസ്ഇൻഡ് ബാങ്ക് | 70,200(രണ്ടാം അർദ്ധ വർഷം) | 600 | 120 | 480 |
| 6 | ശ്രീ.ഹർഷദാസ്.CSM,ഇൻഡസ്ഇൻഡ് ബാങ്ക് | 95,880(രണ്ടാം അർദ്ധ വർഷം) | 750 | 180 | 570 |
| 7 | ശ്രീമതി.നിഖില.എൻ.വി.CSM,ഇൻഡസ്ഇൻഡ് ബാങ്ക് | 1,37,400(രണ്ടാം അർദ്ധ വർഷം) | 1250 | 750 | 500 |
| 8 | ശ്രീ.സുധീപ്.വി.കെ.,BDMഇൻഡസ്ഇൻഡ് ബാങ്ക് | 1,20,000(രണ്ടാം അർദ്ധ വർഷം) | 1000 | 600 | 400 |
| 9 | ശ്രീ.അജയദാസ്.KAMഇൻഡസ്ഇൻഡ് ബാങ്ക് | 2,10,000(രണ്ടാം അർദ്ധ വർഷം) | 1250 | 300 | 950 |
| 10 | ശ്രീ.വി.എ.അഖിൽ,സീനിയർ ഓഫീസർ.ഇസാഫ് സമാൾ ഫിനാൻസ് ബാങ്ക്. | 1,01988(രണ്ടാം അർദ്ധ വർഷം) | 1000 | 750 | 250 |
| 11 | ശ്രീ.ശ്രീജിത്ത്,സീനിയർ ഓഫീസർ.ഇസാഫ് സമാൾ ഫിനാൻസ് ബാങ്ക്. | 92,400(രണ്ടാം അർദ്ധ വർഷം) | 750 | 300 | 450 |
| 12 | ശ്രീ.ജലീൽ.കെ, എക്സിക്യൂട്ടീവ്, ബട്ടർഫ്ലൈ കെയർ,പൂങ്ങോട്ടുകുളം | 121476,(1ാംഅർദ്ധ വർഷം)<br>121476(2ാം അർദ്ധ വർഷം) | 1000<br>1000 | 750<br>750 | 250<br>250 |
| 13 | ശ്രീ.രഞ്ജിത്ത് കണക്കത്ത്,ഏജൻസി മാനേജർ,SBIലൈഫ് ഇൻഷ്വൂറൻസ് | 57,582(രണ്ടാം അർദ്ധ വർഷം) | 450 | 0 | 450 |
| 14 | ശ്രീ.ശരത്ത്ലാൽ,BDE,SBIലൈഫ് ഇൻഷ്വൂറൻസ് | 1,01350 | 1000 | 750 | 250 |
| | ആകെ | | | | 7810 |

ഇതു സംബന്ധിച്ച് 16.12.2019ന് നൽകിയ 35/2018-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ശമ്പളം നൽകുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി നൽകിയ വരുമാനപത്രികകളിലെ വരുമാനത്തിന് ആനുപാതികമായ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ ₹7,810/- നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2)തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി. നഗരസഭയ്ക്ക് ₹12500/- നഷ്ടം**

2018-19 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന ജീവനക്കാരിൽ നിന്നും എക്സ് സർവ്വീസ് മെൻ/TRF/SRR എന്ന് രേഖപ്പെടുത്തി തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിക്കാണുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്,തസ്തിക,ഓഫീസ്. | പത്രിക പ്രകാരമുള്ള വരുമാനം | ഈടാക്കേണ്ട നികുതി |
|---|---|---|---|
| 1 | ശ്രീ.സി.മുരളി.NS,ഇൻകം ടാക്സ് ഓഫീസ് തിരൂർ | 1,97,508(രണ്ടാം അർദ്ധ വർഷം) | 1250 |
| 2 | ശ്രീ.കെ.പങ്കജാക്ഷൻ,ITI,ഇൻകം ടാക്സ് ഓഫീസ് തിരൂർ | 3,17,772(രണ്ടാം അർദ്ധ വർഷം) | 1250 |
| 3 | ശ്രീ.ശിവശങ്കരൻ മനോജ്,TA,ഇൻകം ടാക്സ് ഓഫീസ് തിരൂർ | 1,82,466(രണ്ടാം അർദ്ധ വർഷം) | 1250 |
| 4 | ശ്രീ.അഭിലാഷ്.വി.കെ.TA,ഇൻകം ടാക്സ് ഓഫീസ് തിരൂർ | 1,66,770(രണ്ടാം അർദ്ധ വർഷം) | 1250 |
| 5 | ശ്രീ.രവീന്ദ്രൻ.സി.CUST ASST,എസ്.ബി.എെ. തിരൂർ ടൗൺ ബ്രാഞ്ച് | 1,87,404(രണ്ടാം അർദ്ധ വർഷം) | 1250 |
| 6 | ശ്രീ.കെ.വി.രാജേഷ്,GUARD,എസ്.ബി.എെ. തിരൂർ ടൗൺ ബ്രാഞ്ച് | 2,00,436(രണ്ടാം അർദ്ധ വർഷം) | 1250 |
| 7 | ശ്രീ.കെ.ദേവരാജൻ,കോൺസ്റ്റബിൾ, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്,സതേൺ റയിൽവേ,തിരൂർ | 2,38,374(ഒന്നാം അറ്ദ്ധ വർഷം<br>2,56,658(രണ്ടാം അർദ്ധ വർഷം) | 2500 |
| 8 | ശ്രീ.ശ്രീജിത്ത്.കെ.പി.,POINTS സതേൺ റയിൽവേ തിരൂർ | 1,54,637(രണ്ടാം അർദ്ധ വർഷം) | 1250 |
| 9 | നാരായണൻ കുട്ടി.എം,SR TE,സതേൺ റയിൽവേ തിരൂർ | 2,50,451(രണ്ടാം അർദ്ധ വർഷം) | 1250 |
| | ആകെ | | 12,500 |

വിമുക്തഭടൻമാർ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ കേരള മുനിസിപ്പാലിറ്റി ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകളനുസരിച്ച് അവരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് ത.സ്വ.ഭ.വ. പ്രിൻസിപ്പൽ സെക്രട്ടറി നഗരകാര്യ ഡയറക്ടർക്കയച്ച 15.10.2010ലെ 34134/എഫ്.എം.1/2007ത.സ്വ.ഭ.വ. കത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ നിർദ്ദേശമുണ്ടായിട്ടും തൊഴിൽനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കാനുണ്ടായ കാരണവും TRF/SRR എന്ന് ചേർത്തിരിക്കുന്നതെന്താണെന്നും ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതം വിശദമാക്കാൻ ആവശ്യപ്പെട്ട് 16.12.2019ന് നൽകിയ 36/2018-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. നിയമപ്രകാരമല്ലാതെ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയതിനാൽ നഗരസഭയ്ക്ക് ₹12500/- നഷ്ടമായിട്ടുണ്ട്. ആയത് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 പൊതു ആവശ്യത്തിനുള്ള ഭാഗങ്ങൾ ഉൾപ്പെടുത്താതെ വസ്തുനികുതി നിർണ്ണയിച്ചു.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം (4) പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പരുകൾ നൽകിയിട്ടുണ്ടെങ്കിലോ, ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കി വെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭ 31.12.2011 ലെ ആർ2-17572/11 നമ്പർ പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപന പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ച.മീ. 70/- രൂപയും 100നു മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ച.മീ. ന് 90/- രൂപയുമാണ് അടിസ്ഥാന നികുതി നിരക്ക്. എന്നാൽ ചുവടെ

കൊടുക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചപ്പോൾ ബന്ധപ്പെട്ട ഉത്തരവുകളിലേയും വിജ്ഞാപനത്തിലേയും നിർദ്ദേശങ്ങളായ പൊതു ഉപയോഗത്തിനുള്ള കെട്ടിട ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർക്കാതെയും സേവന ഉപനികുതി നിശ്ചയിക്കാതെയും നികുതി നിർണ്ണയിച്ചിട്ടുള്ളത് . ആയതിനാൽ നഗരസഭയ്ക്ക് നികുതി ഇനത്തില് വൻ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വാർഡ് കെട്ടിട നം. | തറ വിസ്തീർണ്ണം | ഉടമസ്ഥൻ | നികുതി നിർണ്ണയിച്ചത്. (ച.മീ.ന് 90രൂപ നിരക്കിൽ) | നികുതി നിർണ്ണയിക്കേണ്ടത് (ച.മീ.ന് 70രൂപ നിരക്കിൽ) | വ്യത്യാസം |
|---|---|---|---|---|---|
| 15/211A,15/211A1 മുതൽ 15/211A315 വരെയുള്ള റൂമുകൾ | 9132.81 ച.മീ BF=2256.97<br>GF=2256.97<br>FF=2256.97<br>SF=2256.97<br>T floor =104.93) | നിയാസ് പി. മുഹമ്മദ് ആഷിഖ്. എം. ഫോർസ ഡവലപ്പേഴ്സ് ലിമിറ്റഡ്<br>(ഒക്യുപെൻസി ലഭിച്ചതിന് ശേഷം ടി കെട്ടിടത്തിലെ മുറികൾ മറ്റു വ്യക്തികളുടെ പേരിലേക്ക് മാറ്റിയിട്ടുണ്ട്) | അടിസ്ഥാന നികുതി 6793.79 X 90= 6,11,442<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 20%= 1,22,289<br>ലൈ.സെ.-5%= 30,573<br>സേ.ഉ.നി.-10% = നിർണ്ണയിച്ചിട്ടില്ല.<br>ഒന്നാം നില(2256.97X90=2,03,128) ഇളവ് 5%= 10,157<br>രണ്ടാം നില (2256.97X90=2,03,128) ഇളവ് 10%=20313<br>ആകെ- 7,33,834 | അടിസ്ഥാന നികുതി 9,132.81x70=6,39,297<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 20%= 1,27,860<br>ലൈ.സെ.-5%=31,965<br>സേ.ഉ.നി.-10% = 63,930<br>ഒന്നാം നില(2256.97X70=1,57988) ഇളവ് 5%= 7,900<br>രണ്ടാം നില (2256.97X70=1,57,988) ഇളവ് 10%=15,799<br>ആകെ-8,39,353 | 1,05,519 |
| 5/1733 C, 15/1733C1മുതൽ 15/1733C284 വരെ നമ്പർ മുറികൾ ആകെ 285 മുറികൾ | 7678.15<br>BF 1898.53<br>GF 1898.53<br>FF 1898.53<br>SF 1898.53<br>Terrace floor 84.03 | മുഹമ്മദ് ആഷിഖ് കെ<br>എം.പി.ജമീല.<br>കെ.റോഷ്നി<br>നിയാസ് . വി<br>(ഒക്യുപെൻസി ലഭിച്ചതിന് ശേഷം ടി കെട്ടിടത്തിലെ മുറികൾ മറ്റു വ്യക്തികളുടെ പേരിലേക്ക് മാറ്റിയിട്ടുണ്ട്) | അടിസ്ഥാന നികുതി 5791.92 X 90= 5,21,273<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 20%= 1,04,255<br>ലൈ.സെ.-5%= 26,064<br>സേ.ഉ.നി.-10% = നിർണ്ണയിച്ചിട്ടില്ല.<br>ഒന്നാം നില(1898.53X90=1,70,868) ഇളവ് 5%= 8,544<br>രണ്ടാം നില (1898.53X90=1,70,868) ഇളവ് 10%=17,087<br>ആകെ- 6,25,961 | അടിസ്ഥാന നികുതി 7,678,15X 70= 5,37,471<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 20%= 1,07,495<br>ലൈ.സെ.-5%= 26,873<br>സേ.ഉ.നി.-10% = 53,748<br>ഒന്നാം നില(1898.53X70=1,32,898) ഇളവ് 5%= 6644<br>രണ്ടാം നില (1898.53X70=1,32,898) ഇളവ് 10%=13,290<br>ആകെ- 7,05,653 | 79,692 |
| | | ആകെ | | | **1,85,211** |

തെറ്റായ നികുതി നിർണ്ണയിച്ചതിനാൽ നഗരസഭയ്ക്ക് നികുതി ഇനത്തിൽ മേൽ കെട്ടിടങ്ങളിൽ നിന്നും വർഷം 1,85,211 രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്.

പൊതു ഉപയോഗത്തിനുള്ള കെട്ടിട ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്തും എല്ലാ മുറികൾക്കും സേവന ഉപനികുതി നിശ്ചയിച്ചും നികുതി നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കുടിശ്ശികയടക്കം ഈടാക്കി വിവരം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-3 വസ്തു നികുതി നിർണ്ണയം- വിജ്ഞാപനപ്രകാരമല്ല. ഗ്രന്ഥശാലാവരി, സേവനഉപനികുതി ഉൾപ്പെടെ ₹8933/- കുറവ്

14.01.2011ലെ സ.ഉ.(അ)നം.18/2011ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങൾ പ്രകാരം 31.12.2011ൽ ആർ2-17572/11 നമ്പർ പ്രകാരം വസ്തു നികുതി നിർണ്ണയത്തിനു നഗരസഭ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**1.** മേൽ വിജ്ഞാപന പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ച.മീ.ന് 70 രൂപയാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം വാർഡ് നമ്പർ 13ലെ ശ്രീ.അബ്ദുൾ അസീസ്.കെ.യുടെ ഉടമസ്ഥതയിലുള്ള 13/10Aനമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| 13/10Aനമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം, 27.84 ച.മീ.<br>(പ്രാഥമിക മേഖല) | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 27.84x50 =1392 | 27.84x70=1949 | 557 |
| വർദ്ധനവ്/ഇളവ് | ഇല്ല | ഇല്ല | |
| ഗ്രന്ഥശാല വരി | 70 | 98 | 28 |
| സേവന ഉപനികുതി | 140 | 195 | 55 |
| ആകെ | 1602 | 2242 | 640 |

**2.** മേൽ വിജ്ഞാപന പ്രകാരം തൃതീയ മേഖലക്ക് 20% ആണ് ഇളവ് നൽകിയിട്ടുള്ളത്. തൃതീയ മേഖലയിലുള്ള വാർഡ് നമ്പർ 19 ലെ പാർപ്പിടാവശ്യത്തിനുള്ള 19/325 ബി.(132.18ച.മീ.)കെട്ടിടത്തിന്(നികുതി നർണ്ണയ രജിസ്റ്റർ വാർഡ് നമ്പർ 19) മേഖല ഇളവായി 30% നൽകിയിട്ടുണ്ട്. വേറെ ഇളവുകളൊന്നും നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| 132.18ച.മീ. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം(തൃതീയ മേഖല) | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 132.18x13=1719 | 132.18x13 =1719 | 0 |
| മേഖലാ ഇളവ് | 30%,1719-515=1204 | 20%,1719-344=1375 | 171 |
| ഗ്രന്ഥശാല വരി | 61 | 69 | 8 |
| സേവന ഉപനികുതി | 121 | 138 | 17 |
| ആകെ | 1386 | 1582 | 196 |

**3.** മേൽ വിജ്ഞാപന പ്രകാരം ഓഫീസ് ഉപയോഗത്തിനുള്ള കെട്ടിടങ്ങൾക്ക്ച.മീ.ന് 70 രൂപയാണ് നിരക്ക്. എന്നാൽ ചുവടെ കൊടുക്കുന്ന കെട്ടിടങ്ങൾക്ക്(ഓഫീസ് ഉപയോഗത്തിനുള്ള) 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വാർഡ് കെട്ടിട നം. | വിസ്തീർണ്ണം | ഉടമസ്ഥൻ | കെട്ടിടത്തിന്റെ ഉപയോഗക്രമം | നികുതി നിർണ്ണയിച്ചത്. (ച.മീ.ന് 50രൂപ നിരക്കിൽ) | നികുതി നിർണ്ണയിക്കേണ്ടത് (ച.മീ.ന് 70രൂപ നിരക്കിൽ) | വ്യത്യാസം |
|---|---|---|---|---|---|---|
| 37/ 2023A | 49.64 ച.മീ | കഞ്ഞീതുകുട്ടി.പി. പ്രസിഡന്റ് മണ്ഡലം കോൺഗ്രസ് കമ്മറ്റി,തിരൂർ | ഓഫീസ് ആവശ്യം | അടിസ്ഥാന നികുതി 49.64x50=2482<br>ലൈ.സെ.-125<br>സേ.ഉ.നി.-249 | അടിസ്ഥാന നികുതി 49.64x70=3475<br>ലൈ.സെ.-174<br>സേ.ഉ.നി.-348 | 1141 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ആകെ-2856 | ആകെ-3997 | |
| 37/ 658A | 262.94 | പി.വി. വിശാലക്ഷ്മി അമ്മ, പ്രസിഡന്റ് ,ലക്ഷ്മി അച്യുതൻ മഹിളാ സമാജം ,തിരൂർ | ഓഫീസ് ആവശ്യം | അടിസ്ഥാന നികുതി 262.94x50 =13147 തറ നിർമ്മിതി-വർദ്ധനവ്(15%)-1972 ലൈ.സെ.-756 സേ.ഉ.നി.-1512 ആകെ-17387 | അടിസ്ഥാന നികുതി 262.94x70 =18406 തറ നിർമ്മിതി-വർദ്ധനവ്(15%)-2761 ലൈ.സെ.-1059 സേ.ഉ.നി.-2117 ആകെ-24343 | 6956 |
| | | ആകെ | | | | 8097 |

വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം വസ്തു നികുതി നിർണ്ണയം നടത്താത്തതിനു വിശദീകരണം ആവശ്യപ്പെട്ട് 26.12.2019ന് നൽകിയ ഓഡിറ്റ് എൻക്വയറി/41/2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്തു നികുതി നിർണ്ണയത്തിലെ മേൽ അപാകതകൾ പരിശോധിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം – 3

### ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

പരാമർശങ്ങളില്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ./ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | ട്രഞ്ചിംഗ് ഗ്രൗണ്ടിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2180107/ (Cheque No.605868/05-1-2019 | 59512 | ഇല്ല |
| 2 | കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | Bill 181505000000005270 181505000000007987 | 484631 | ഇല്ല |
| 3 | കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റലും | 47/18-19/30-06-2018 | 126374 | ഇല്ല |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

| ക്രമ നമ്പർ | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | തുക | ക്രമീകരിച്ച തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് സോസൈറ്റി ലിമിറ്റഡ് | ഗസ്റ്റ് ഹൗസ് പുനർനിർമ്മാണം | 181505470032<br>00981999 | 659821 | ക്രമീകരിച്ചു |
| 2 | റ്റി.ഡി.എൽ.സി.എസ്. തൃശ്ശൂർ | ബഡ്സ് സ്കൂൾ നിർമ്മാണം | 18150547003200982877 | 1729638 | ക്രമീകരിച്ചു |
| 3 | സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, മലപ്പുറം | ട്രഞ്ചിംഗ് ഗ്രൗണ്ട് പുനരുദ്ധാരണം | 18150547003200844297<br>18150547003200844256 | 1074600 | ഇല്ല |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുണ്ടായിരുന്ന തുക | തൻവർഷത്തിൽ തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | | 80,00,000 രൂപ | 99,000 രൂപ | ഇല്ല | ഇല്ല | 80,99,000 രൂപ |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തൻവർഷം പിൻവലിച്ച തുക | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം |
|---|---|---|---|---|
| 1,47,14,384 | 15,29,210/- | 1,62,43,594/- | ഇല്ല | 1,62,43,594/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കേരള മർമ്മ ആയുർവേദിക കോ-ഓപ് ഫാർമസി | 100/- |
| കെ.എസ്.ഇ.ബി | 28,031/- |
| കെ.യു.ആർ.ഡി.എഫ്.സി. | 35,000/- |
| എം.ഡി.സി. സ്പിന്നിംഗ് മിൽ | 5,000/- |
| ഗവ. പ്രസ് തിരുവനന്തപുരം | 500/- |
| ആർട്ടിസാൻ കോർപ്പറേഷൻ | 10,000/- |
| എം.ഡി.സി. ഹോസ്പിറ്റൽ | 5,000/- |

| | |
|---|---|
| ബാങ്ക് ഡെപ്പോസിറ്റ്<br>1.013243600004153 /4<br>ധനലക്ഷ്മി ബാങ്ക്, തിരൂർ - 72,47,627/-രൂപ<br>2. 013243600002701 /4<br>ധനലക്ഷ്മി ബാങ്ക്, തിരൂർ - 49,12,336/-രൂപ | 1,21,59,963/- |
| ഇക്യൂറ്റി ഷെയർ | 40,00,000 |
| ആകെ | 1,62,43,594/- |

വാർഷിക ധനകാര്യപത്രിക പ്രകാരം വർഷാവസാനം 1,53,18,312 രൂപയുടെ നിക്ഷേപങ്ങൾ ഉള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം |
|---|---|---|---|---|
| 2000-2001 | 61 | 2004-2005 | 91 | കാർഷിക യന്ത്രവൽക്കരണം- ട്രാക്ടർ ദുരുപയോഗം ചെയ്തു |
| 2001-2002 | 3 (61) | 2006-2007 | 4.23.3 | 3 നിർമ്മാണ പ്രവൃത്തികളുടെ ഫയലുകൾ ലഭ്യമാക്കാത്തത്. |
| 2001-2002 | 3 (61) | 2006-2007 | 4.23.3 | തെക്കുമുറി ജി.എൽ.പി.എസ്. കെട്ടിട നിർമ്മാണം |
| 2001-2002 | 3(61) | 2006-2007 | 4.23.3 | താലൂക്ക് ആശുപത്രി കെട്ടിടം അറ്റകുറ്റപ്പണി മൊബിലൈസേ -ഷൻ അഡ്വാൻസ്. |

| | | | | |
|---|---|---|---|---|
| 2004-05 | 3.24 | 2007-08 | 4.10.1 | ജൈവവളനിർമ്മാണ യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ല |
| 2009-10 | പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-12 | 2.9.8 | മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല |
| 2010-2011 | പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-2012 | 3.1.9 | കേരകൃഷി |
| 2010-11 | 3.20 | 2012-13 | 4.6.3 | കൂത്തുപ്പറമ്പ് ഗ്യാസ് ക്രിമറ്റോറിയം - 18.94 ലക്ഷം പാഴായി |
| - | മുന്നറിയിപ്പില്ലാതെ നടത്തിയ പരിശോധന. | 2013-2014 | 5.3.5-3.6 | വനിത വ്യവസായ കേന്ദ്രം നിഷ്ക്രിയമായിരിക്കുന്നത്. |
| - | -ടി- | 2013-2014 | 5.3.5-10 | മൈക്രോ സംരംഭകർക്ക് സഹായം ലഭ്യമാക്കാത്തത്. |
| 2011-2012 | പ്രത്യേക ഓഡിറ്റ് പരിശോധനാ റിപ്പോർട്ട് | 2014-2015 | അദ്ധ്യായം 2 | നഗരസഭകളുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയ ബന്ധിതമായി തുടർനടപടികളില്ല |
| 2011-2012 | ,, | 2015-16 | 4.2.3 | ഗുണഭോക്തൃതെരഞ്ഞെടുപ്പ് : വ്യത്യസ്തചിത്രം |
| 2014-15 | ,, | 2015-16 | 4-2-4 | വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കൽ |

## 4-8 ചാർജ്ജ്/സർച്ചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

ബി) സർച്ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 27,33,46,467 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 26,31,58,017 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ 2,14,454 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 50,70,330 |

ബി)നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | ₹ 20,310 | | ശ്രീ എ.എസ്. നൈസാം, |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |
| 2-2 | ₹ 1,85,211 | | ശ്രീ കെ ഹരികുമാർ സെക്രട്ടറി |
| 2-3 | ₹ 8,933 | | ശ്രീ എ.എസ്. നൈസാം, സെക്രട്ടറി |

സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-32 | ₹ 29,33,075 | ശ്രീമതി രശ്മി. ആർ, നഗരസഭാ എഞ്ചിനീയർ |
| 1-33 | ₹ 6,94,120 | ശ്രീ അമൽ കെ. സജീവ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-36 | ₹ 6,11,005 | ശ്രീ അമൽ കെ. സജീവ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| | ₹ 59,512 | ശ്രീ എ.എസ്. നൈസാം, സെക്രട്ടറി |
| 1-40 | ₹ 2,00,000 | ശ്രീ മധുസൂദനൻ.കെ പ്രോജക്റ്റ് ഓഫീസർ |
| 1-41 | ₹ 3,00,000 | ശ്രീ മധുസൂദനൻ.കെ പ്രോജക്റ്റ് ഓഫീസർ |
| 1-42 | ₹ 1,55,418 | ശ്രീമതി ദീതാകുമാരി.കെ.എസ്. ഹെൽത്ത് സൂപ്പർവൈസർ |
| 1-43 | ₹ 1,17,200 | ശ്രീ അനിൽ കുമാർ, പ്രധാനാധ്യാപകൻ, ജി.എം.യു.പി.എസ്. |

ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വിനു.സി. കുഞ്ഞപ്പൻ, സെക്രട്ടറി | അഡീ. സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ | ചീനിക്കുഴിയിൽ ഹൗസ്, അശോകപുരം, റോസ് ഗാർഡൻ, ഫസ്റ്റ് ലൈൻ, ആലുവ |

| | | |
|---|---|---|
| ശ്രീ എ.എസ്. നൈസാം, സെക്രട്ടറി | സെക്രട്ടറി, തിരൂർ നഗരസഭ | അൽ നൂർ, കാരോട്, നിലമേൽ പി.ഒ. കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | എൽ.എഫ്.എം4/343/2003 തീയ്യതി 13.08.2004 | 30 |
| 2001-2002 | എൽ.എഫ്.എം18/1121/2009 തീയ്യതി 18.07.2009/12.08.2009 | 76 |
| 2002-2003 (വരവ്) | എൽ.എഫ്.എം14/1313/2006 തീയ്യതി 13.11.2003 | 20 |
| 2002-2003 (ചെലവ്) | എൽ.എഫ്.എം4/1343/2005 തീയ്യതി 02.03.2007 | 27 |
| 2003-2004 | എൽ.എഫ്.എം18/273/2007 തീയ്യതി 20.03.2007 | 39 |
| 2004-2005 | എൽ.എഫ്.എം18/273/2007 തീയ്യതി 20.03.2007 | 29 |
| 2005-2006 | എൽ.എഫ്.ടി.എം1/31/2010 തീയ്യതി 02.05.2011 | 34 |
| 2006-2007 | എൽ.എഫ്.ടി.എം1/32/2010 തീയ്യതി 27.06.2011 | 22 |
| 2007-2008 | എൽ.എഫ്.ടി.എം1/33/2010 തീയ്യതി 18.09.2011 | 20 |
| 2008-2009 | എൽ.എഫ്.ടി.എം2/90/2011 തീയ്യതി 06.10.2012 | 21 |
| 2009-2010 | എൽ.എഫ്.ടി.എം2/145/2013 തീയ്യതി 09.05.2013 | 13 |
| 2010-2011 | എൽ.എഫ്.ടി.എം2/356/2012 തീയ്യതി 19.08.2013 | 48 |
| 2011-2012 | എൽ.എഫ്.ടി.എം2/489/2014 തീയ്യതി 27.02.2015 | 35 |

| | | |
|---|---|---|
| 2012-2013 | എൽ.എഫ്.ടി.എം.2/171/2015<br>തീയ്യതി 03.05.2018 | 27 |
| 2013-2014 | കെ.എസ്.എ.ടി.ആർ.എം2/230/2016<br>തി. 22.10.2018 | 41 |
| 2014-2015 | കെ.എസ്.എ.ടി.ആർ.എം2/171/2016<br>തി. 27.06.2016 | 29 |
| 2015-2016 | കെ.എസ്.എ.ടി.ആർ.എം2/20/2017<br>തി. 08.02.2017 | 25 |
| 2016-17 | കെ.എസ്.എ.ടി.ആർ.എം2/326/2017<br>തി. 21.06.2018 | 17 |
| 2017-18 | കെ.എസ്.എ.ടി.ആർ.എം2/76/2018<br>തി. 02.02.2019 | 16 |

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-ടി.ആർ.എം2-283/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നഗരസഭ ഓഡിറ്റ് കാര്യാലയം,തിരൂർ

തൃക്കണ്ടിയൂർ.(പി.ഒ.) 676104

email : mltir.ksad@kerala.gov.in

തീയതി : 26-08-2019

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലികാ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തിരൂർ മുനിസിപ്പാലിറ്റിയുടെ 31-03-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യസ്റ്റേറ്റുമെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തില തിരൂർ മുനിസിപ്പാലിറ്റിയുടെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റുമെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

നഗരസഭ ഓഡിറ്റ് കാര്യാലയം,

തിരൂർ.

KSA-TRM2-283/2019

Office of the Deputy Director of
Kerala State Audit Department
Municipal Audit Office, Tirur
email : mltir.ksad@kerala.gov.in

Dated, 26-08-2019

## CERTIFICATE


Certified that I have exmained the Annual Financial Statement of Tirur Municipality for the year ebded on 31-03-2019 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act, 1994, Section 295 of the Kerala Municipal Act 1994, the rules made thereunder and the guidelines issued by the Comptroller and the Auditor General of India for the Certificateion of Accounts of Panchayathi Raj institutions/Municipalities /Corporations.

In my opinion the financial statement of Tirur Municipality for the year 2018-19 subject to the observations in the Annexure, properly presents the picture of income expenditure and closing balance.

DEPUTY DIRECTOR
Municipal Audit Office, Tirur.

## അനുബന്ധം 2 വാർഷിക ധനകാര്യപത്രികകൾ

### റസീറ്റ് ആൻഡ് പെയ്മെന്റ് പത്രിക



Thirur Municipality
Receipt And Payment Statement
For the period from 01-April-2018 To 31-March-2019

| | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | **Opening Balance** | | |
| | Bank | RP-40(a) | 99,945,151.28 |
| | Cash | RP-40(a) | 1,215,606.00 |
| | **Receipts** | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 8,970,629.00 |
| 120000000 | Assigned Revenues & Compensation | RP-2 | 18,000.00 |
| 130000000 | Rental Income from Municipal Properties | RP-3 | 1,393,657.00 |
| 140000000 | Fees & User Charges | RP-4 | 12,921,499.00 |
| 150000000 | Sale & Hire Charges | RP-5 | 138,765.00 |
| 160000000 | Revenue Grants, Contributions & Subsidies | RP-6 | 137,377,016.00 |
| 170000000 | Income from Investments | RP-7 | 4,950.00 |
| 171000000 | Interest Earned | RP-8 | 3,021,846.00 |
| 180000000 | Other Income | RP-9 | 156,264.00 |
| 310000000 | Municipal (General Funds) | RP-21 | 25,000.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 56,795,558.00 |
| Non Operating | | | |
| 311000000 | Earmarked Funds | RP-22 | 5,050,000.00 |
| 320000000 | Grants, Contribution for Specific Purposes | RP-24 | 19,738,070.00 |
| 330000000 | Secured Loans | RP-25 | 8,000,000.00 |
| 340000000 | Deposits Received | RP-27 | 944,235.00 |
| 350000000 | Other Liabilities | RP-29 | 18,484,756.00 |
| 460000000 | Loans, Advances and Deposits | RP-41 | 306,222.00 |
| Grand Total | | | 374,507,224.28 |
| | **Payments** | | |
| Operating | | | |
| 210000000 | Establishment Expenses | RP-10 | 28,693,565.00 |
| 220000000 | Administrative Expenses | RP-11 | 1,932,221.00 |
| 230000000 | Operations & Maintenance | RP-12 | 12,889,690.00 |
| 240000000 | Interest & Finance Charges | RP-13 | 1,813,600.00 |
| 250000000 | Programme Expenses | RP-14 | 44,297,710.00 |
| 251000000 | Decentralised Plan Programme - Service Sector | RP-45 | 29,034,224.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-46 | 31,960,066.00 |
| 253000000 | Decentralised Plan Programme - Projects not included in Secto | RP-47 | 3,299,656.00 |
| 260000000 | Revenue Grants, Contribution and Subsidies | RP-15 | 867,950.00 |
| 350000000 | Other Liabilities | RP-29 | 26,394,029.00 |
| Non Operating | | | |
| 280000000 | Prior Period item | RP-19 | -1,620.00 |
| 311000000 | Earmarked Funds | RP-22 | 10,119,420.00 |
| 320000000 | Grants, Contribution for Specific Purposes | RP-24 | 1,040,858.00 |
| 340000000 | Deposits Received | RP-27 | 5,560,088.00 |
| 350000000 | Other Liabilities | RP-29 | 45,664,944.00 |
| 410000000 | Fixed Assets | RP-31 | 12,406,401.00 |
| 412000000 | Capital Work in Progress | RP-33 | 5,767,556.00 |
| 460000000 | Loans, Advances and Deposits | RP-41 | 1,417,659.00 |
| | **Closing Balance** | | |
| | Bank | RP-40(b) | 108,507,238.28 |
| | Cash | RP-40(b) | 2,841,969.00 |
| Grand Total | | | 374,507,224.28 |

Page 1 of 2

MUNICIPAL SECRETARY
TIRUR

### ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പത്രിക

**Tirur Municipality**
**Income & Expenditure Statement**
For the period from 01-April-2018 to 31-March-2019

22/07/2019

| Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|
| | **Income** | | |
| 110000000 | Tax Revenue | I-1 | 43,244,836.00 |
| 120000000 | Assigned Revenues & Compensation | I-2 | 18,000.00 |
| 130000000 | Rental Income from Municipal Properties | I-3 | 17,765,044.00 |
| 140000000 | Fees & User Charges | I-4(b) | 15,124,999.00 |
| 150000000 | Sale & Hire Charges | I-5(b) | 140,765.00 |
| 160000000 | Revenue Grants, Contributions & Subsidies | I-6 | 215,980,240.00 |
| 170000000 | Income from Investments | I-7 | 4,950.00 |
| 171000000 | Interest Earned | I-8 | 883,517.00 |
| 180000000 | Other Income | I-9 | 9,665,377.00 |
| A | Total-Income | | 302,827,728.00 |
| | **Expenditure** | | |
| 210000000 | Establishment Expenses | I-10(b) | 76,733,925.00 |
| 220000000 | Administrative Expenses | I-11(b) | 7,991,053.00 |
| 230000000 | Operations & Maintenance | I-12(b) | 16,085,556.00 |
| 240000000 | Interest & Finance Charges | I-13 | 1,823,600.00 |
| 250000000 | Programme Expenses | I-14 | 105,162,198.00 |
| 251000000 | Decentralised Plan Programme - Service Sector | I-14 | 23,123,541.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14 | 31,960,066.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14 | 2,206,330.00 |
| 260000000 | Revenue Grants, Contribution and Subsidies | I-15 | 867,950.00 |
| 272000000 | Depreciation | I-17(a) | 11,990,309.00 |
| B | Total-Expenditure | | 277,944,528.00 |
| C = A-B | *Gross Surplus/Deficit of Income over Expenditure* | | 24,883,200.00 |
| D = 280000000 | Prior Period Item | I-18 | (1,620.00) |
| E = C-D | *Gross Surplus/Deficit of Income over Expenditure after prior period items* | | 24,884,820.00 |
| 290000000 | Transfer to Reserve Funds | | |
| | *Net Balance being surplus/deficit carried over to Balance sheet (Muncipal Fund)* | | 24,884,820.00 |

Software Support: Information Kerala Mission

Accounts Officer

Secratary
MUNICIPAL SECRETARY
TIRUR

Page 1 of 1

## ബാലൻസ് ഷീറ്റ്

22/07/2019

**Tirur Municipality**
**BALANCE SHEET**
As on 31-March-2019

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve& Surplus** | | |
| 310000000 | Muncipal (General) Fund [Code No 310] | B-1 | 97901980.78 |
| 311000000 | Earmarked Funds | B-2 | (11360191.00) |
| 312000000 | Reserves | B-3 | 112122712.00 |
| | *Total Reserve& Surplus* | | 198664501.78 |
| | **Grants,Contributions for specific purposes** | | |
| 320000000 | Grants, Contribution for Specific Purposes | B-4 | 100281811.00 |
| | *Total Grants,Contributions for specific purposes* | | 100281811.00 |
| | **Loans** | | |
| 330000000 | Secured Loans | B-5 | 8099000.00 |
| | *Total Loans* | | 8099000.00 |
| | **Current Liabilities and Provisions** | | |
| 340000000 | Deposits Received | B-7 | 12378737.00 |
| 350000000 | Other Liabilities | B-9 | 10370569.50 |
| | *Total Current Liabilities and Provisions* | | 22749306.50 |
| | TOTAL LIABILITIES | | 329794619.28 |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 153436041.00 |
| 411000000 | Accumulated Depreciation | B-11 | (64181937.00) |
| 412000000 | Capital Work In Progress | B-11 | 30492896.00 |
| | *Total Fixed Assets* | | 119747000.00 |
| | **Investments** | | |
| 420000000 | Investments - General Fund | B-12 | 15318312.00 |
| 421000000 | Investments - Other Funds | B-13 | 0.00 |
| | *Total Investments* | | 15318312.00 |
| | **Current Assets,Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 1007806.00 |
| 431000000 | Sundry Debtors (Receivables) | B-15 | 72198190.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | (5648330.00) |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 111349207.28 |
| 460000000 | Loans, Advances and Deposits | B-18 | 15823434.00 |
| | *Total Current Assets,Loans and Advances* | | 194729307.28 |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | *Total Miscellaneous Expenditure(To the Extent not written off)* | | 0.00 |
| | TOTAL ASSETS | | 329794619.28 |

Software Support : Information Kerala Mission

Accounts Officer

Balance Sheet

MUNICIPAL SECRETARY
TIRUR